Srikrishna Vilasam
Reading Room,
Malayinkal

# ഭാഷാപോഷിണി

| പുസ്തകം 30 | ൧൧൦൯ തുലാം | ലക്കം 3. |
|---|---|---|

+4

## ഈശ്വരപ്രാർത്ഥന.

(അത്തൂർ, എം. കെ. മാധവൻപിള്ള)

ഗീതം "വേലവാ വടി വേലവാ" മട്ട്.

പല്ലവി

ഭവ്യമേകുക! ദൈവമെ കരുണാന്വിതം സതതം.

ചരണം

ആധാരമാം നിൻ—പാദാരവിന്ദം,
സാദരം സ്മരിക്കുമെൻ—
പങ്കശങ്കയാം സങ്കടം തീർത്തുടൻ—(ഭവ്യ)

ഹീനമാമല്പ—ജ്ഞാനവിശേഷാൽ,
"ഞാനെന്നഭാവം" മമ—
മാനസതാരിൽ തോന്നാതിരിക്കുവാൻ—(ഭവ്യ)

ഭക്തികലർത്തി— മാമകഹൃത്തിൽ,
ജാതിവൈരം വിടർത്തി—
സോദരബുദ്ധി സർവ്വത്ര വളർത്തി—(ഭവ്യ)

ഹാ! കോപഹീനം—സൽസ്വാഭിമാനം,
ലോകോപകാരം മമ—
മുദ്രാവാക്യമായ് സ്വീകരിച്ചീടുവാൻ—(ഭവ്യ)

## ചിത്തിരതിരുനാൾമംഗളം.

മന്നം പൂണ്ടുള്ള തൃക്കൺമുകിലിണകൾ പൊഴിക്കുന്ന ഹർഷാശ്രു, രാജ്യ-
ശ്രീ നന്നായ് മിന്നിടുന്നു, ധരണിയിലണുവും താപമില്ലെന്നു വന്നു
ആനന്ദത്തെന്നൽമാന്യ,ക്കീർത്തിവ്യ കളവെഴുന്നോർക്കുമൊയ്ത്തീന്ന്, ധർമ്മ-
സ്ഥാനത്തിൽ പ്രോല്ലസിപ്പൂ നൃപവരതിരുനാളിന്നുലാവണ്യതുല്യം!!

വി. പി. പത്മനാഭൻനമ്പൂതിരി

ആരമ്യാജപലധർമ്മഭ്രമണിയാളാരാൽസമാശപസ്സയായ്
ഗൌരപ്പുഞ്ചിരിയാം നിലാവൊളി പരത്തുന്ന സമാഹ്ലാദകം;
വീരശ്രീഭരയുക്തനാം തിരുവടിക്കായുസ്സുമാരോഗ്യവും
സ്വൈരം നൽകണമേ! ചരാചരഗുരോ! കാരുണ്യസങ്കേതമേ!

വെണ്ണിക്കുളം സി. എൻ. ഗോപാലക്കുറുപ്പ്

# ഭാഷോല്പത്തി.

(മഹോപാദ്ധ്യായ, കെ. എസ്. നീലകണ്ഠൻഉണ്ണി)

ദ്രാവിഡഹിമഗിരിഗളിതയായി സംസ്കൃതവാണീകളിന്ദജാമിളിതയായ നമ്മുടെ കേരളഭാഷാഗംഗ സംസ്കൃതോല്പന്നയാണെന്നൊരുവാദം പ്രബലമായിട്ടല്ലെങ്കിലും സാഹിത്യലോകത്തിൽ ഉണ്ടായിട്ടുണ്ട്. ഏകദേശം മുന്നൂറുവർഷങ്ങളായി ദ്രാവിഡഭാഷകളിൽ ഉപയോഗിച്ചുപോരുന്ന സംസ്കൃതശബ്ദങ്ങളെ അടിസ്ഥാനമാക്കി ഭാഷോല്പത്തി നിർണ്ണയിക്കുന്ന ഒരാൾക്കു മേലെഴുതിയ അഭിപ്രായം സാധുവായി തോന്നിയേക്കാം. ആര്യദ്രാവിഡസങ്കരംമൂലം ദ്രാവിഡഭാഷകൾക്കുണ്ടായിട്ടുള്ള വ്യത്യാസങ്ങളെ മനസ്സിലാക്കാതെ കേവലം ബാഹ്യദൃഷ്ട്യാ പരിശോധിച്ചു പുറപ്പെടുവിക്കുന്ന അഭിപ്രായങ്ങൾക്കു യാതൊരു വിലയും നിലയും സൂക്ഷ്മാവലോകനചതുരന്മാരായ സഹൃദയന്മാരുടെ ഇടയിൽ ഉണ്ടാവുകയില്ല. ദേശചരിത്രത്തെ അനുസരിച്ചു നോക്കുന്നപക്ഷം ആര്യന്മാർ സിന്ധുനദീപ്രാന്തങ്ങളിൽനിന്നു് തെക്കോട്ടു് വ്യാപിക്കുന്നതിനു് എത്രയോ മുൻപുതന്നെ ദക്ഷിണാപഥത്തിൽ ദ്രാവിഡർ പരിഷ്കാരത്തിന്റെ പരമകാഷ്ഠയിൽ എത്തിക്കഴിഞ്ഞിരുന്നുഎന്നു കാണാം. ആര്യഭാഷയായ സംസ്കൃതത്തിനും ആര്യമതാചാരങ്ങൾക്കും പ്രചാരം സിദ്ധിക്കുന്നതിനു് മുൻപുതന്നെ ദ്രാവിഡർ വിദ്യാസമ്പന്നന്മാരും ശാസ്ത്രവിദഗ്ദ്ധന്മാരുമായിരുന്നു എന്നാണു കാണുന്നതു്. ഹിമവൽസേതുപര്യന്തമുള്ള ഈ ഭാരതഭൂമിയിൽ ഒരുകാലത്തു് സംസ്കൃതം വ്യവഹാരഭാഷയായിരുന്നുഎന്നും അതിൽനിന്നു ദുഷിച്ചുണ്ടായ ദേശീയഭാഷകളാണ് ഇന്നു് നാം കാണുന്ന ഹിന്ദി, ബങ്കാളി. ഗുജറാത്തി, മറാത്തി ദ്രാവിഡംമുതലായവഎന്നും മറ്റുമുള്ള അഭിപ്രായം അത്ര സ്വീകാര്യമായി തോന്നുന്നില്ല. ഔത്തരാഹങ്ങളായ ഹിന്ദി, ബങ്കാളി, ഗുജറാത്തി, മറാത്തി, മുതലായ ഭാഷകൾക്കും ദാക്ഷിണാത്യങ്ങളായ തമിഴ്, മലയാളം, കർണ്ണാടകം, തുളു മുതലായ ഭാഷകൾക്കും തമ്മിലുള്ള വ്യത്യാസം എത്രയോ മഹത്തരമാണെന്നറിഞ്ഞിട്ടുപോലും സംസ്കൃതത്തിൽനിന്നുണ്ടായ പ്രാകൃതരൂപമാണ് മലയാളം എന്നു പറയുന്നതിനു് കൂസലില്ലാത്ത സഹൃദയന്മാർക്കൊരു ദണ്ഡനമസ്കാരംതന്നെ ചെയ്യേണ്ടിയിരിക്കുന്നു. ഔത്തരാഹഭാഷകൾക്കും ദാക്ഷിണാത്യഭാഷകൾക്കും തമ്മിലുള്ള വ്യത്യാസം ഒരു ബാലനുപോലും പ്രഥമദൃഷ്ടിയിൽതന്നെ കണ്ടറിയാമെന്നുള്ളതാണ്. സംസ്കൃതത്തോടുള്ള പ്രകടമായ ബന്ധം വിചാരിച്ചുനോക്കുമ്പോൾ ഹിന്ദി, ബങ്കാളി മുതലായി വടക്കെ ഇന്ത്യയിൽ ഇപ്പോൾ പ്രചാരത്തിലിരിക്കുന്ന എല്ലാ ഭാഷകളും സംസ്കൃതത്തിൽനിന്നുണ്ടായി എന്നുപറയുന്നതിൽ വിരോധമില്ല. അല്ലെങ്കിൽ ഇന്നു പ്രചാരത്തിലിരിക്കുന്ന ഭാഷകൾക്കടിസ്ഥാനമായ വല്ല പ്രാകൃതഭാഷകളിൽനിന്നും സംസ്കൃതം ഉണ്ടായി എന്നു പറയാം. പ്രാകൃതത്തിൽനിന്നു് സംസ്കൃതം ഉണ്ടാവുകയില്ല. സംസ്കൃതത്തിൽനിന്നു് പ്രാകൃതമെ ഉണ്ടാവുകയുള്ളു എന്നുള്ള അഭിപ്രായം അന്തസ്സാരവിഹീനമാണ്. ലോകചരിത്രത്തെ സൂക്ഷ്മദൃഷ്ട്യാ പരിശോധിക്കുന്നതായാൽ ഈ ഒരു കാര്യം വേഗത്തിൽ വെളിപ്പെടും. ലോകത്തിൽ പരിഷ്കാരം ക്രമപ്രവൃദ്ധമായിട്ടാണ് കണ്ടുവരുന്നതു്. ഒരു പത്തുകൊല്ലത്തിനു് മുൻപുള്ള അവസ്ഥയല്ല ഇന്നുനാം ലോകത്തിൽ കാണുന്നതു്. ദേശകാലാവസ്ഥാഭേദങ്ങൾ നിമിത്തം എത്രയോ മാറ്റങ്ങൾ ദിനംപ്രതി ഉണ്ടായിക്കൊണ്ടിരിക്കുന്നു. ആദികാലത്തിൽ മനുഷ്യർ പരിഷ്കാരത്തിന്റെ പരമകാഷ്ഠയോടുകൂടി അവതരിച്ചതായിട്ടറിവില്ല. ആദിമ മനുഷ്യർ പരിഷ്കാരശൂന്യന്മാരും അക്ഷരജ്ഞാനമില്ലാത്തവരും പരിഷ്കൃതാശയങ്ങൾ ഒന്നുംതന്നെ നിശ്ചയമില്ലാത്തവരും ആയിരുന്നിരിക്കാനേ ഇടയുള്ളു. പിന്നീടു് ക്രമേണ ഉൽഗതി പ്രാപിക്കുകയാണ് പതിവു്. ഇതാണ് ലോകസ്ഥിതി. ഇപ്രകാ

രം തന്നെയാണ് ഭാഷയുടെയും ഗതി. ആദികാലത്തിൽ പ്രാകൃതമായിരുന്ന ഭാഷ കാലാന്തരത്തിൽ പരിഷ്കൃത ദശയെ പ്രാപിച്ചു എന്നു വിചാരിപ്പാൻ തരമുള്ളൂ. ആദികാലത്തിൽ മനുഷ്യർ ബാലമാനസന്മാരായിരുന്നതു നിമിത്തം അവരുടെ അഭിപ്രായ ഗതികൾക്ക് ബാലന്മാർക്കുള്ളതുപോലെ ഒരു പ്രാകൃതത്വം ഉണ്ടായിരുന്നിരിക്കണം. കാലഗതിയിൽ ആ പ്രാകൃതത്വം നീങ്ങി പരിഷ്കൃതാവസ്ഥയെ പ്രാപിച്ചിട്ടാണ് ഇന്നു നാം കാണുന്ന അവസ്ഥ ലോകത്തിൽ സർവ്വത്ര സകലത്തിനും വ്യാപിച്ചതു്. ആകപ്പാടെ വിചാരിച്ചു നോക്കുന്നപക്ഷം പ്രാകൃതത്തിൽനിന്നും സംസ്കൃതമുണ്ടായി എന്നു പറയുന്നതാണ് യുക്തിക്കും അനുഭവത്തിനും അധികം യോജിക്കുന്നതു്.

തെക്കെ ഇൻഡ്യയിലെ പൂർവ്വനിവാസികളായ ദ്രാവിഡർ ആര്യന്മാരെപ്പോലെയോ മുസൽമാൻമാരെപ്പോലെയോ അന്യ ദേശങ്ങളിൽനിന്നും വന്നു കുടിയേറിപ്പാർത്തതിനു യാതൊരു ലക്ഷ്യങ്ങളും ഇല്ല. വടക്കെ ഇൻഡ്യയിലെ ഭാഷകൾക്കും തെക്കെ ഇൻഡ്യയിലെ ഭാഷകൾക്കും തമ്മിലുള്ള വ്യത്യാസം ഈ ഊഹത്തെ ദൃഢീകരിക്കുന്നു. തമിഴ്, തെലുങ്ക്, കന്നടകം, തുളു മുതലായ ദാക്ഷിണാത്യഭാഷകളുടെ അന്യോന്യബന്ധവും ഔത്തരാഹ ഭാഷകളായ ഹിന്ദി ബങ്കാളി ഗുജറാത്തി മറാത്തി മുതലായ ഭാഷകളോടു് ഇതുകൾക്കുള്ള അകൽച്ചയും വിചാരിച്ചുനോക്കുമ്പോൾ മേൽപറയപ്പെട്ട ഭാഷകളെല്ലാംതന്നെ ദ്രാവിഡത്തിൽനിന്നു ജനിച്ചു എന്നല്ലാതെ സംസ്കൃതത്തിൽനിന്നും ഉണ്ടായി എന്നു പറയുന്നതിനു യാതൊരു യുക്തിയും കാണുന്നില്ല. ദാക്ഷിണാത്യഭാഷകൾ എല്ലാംതന്നെ മൂലദ്രാവിഡകുടുംബത്തിൽനിന്നും പിരിഞ്ഞു പോന്നിട്ടുള്ളവയാണെന്നാണ് വിദ്വന്മതം. എന്നാൽ വടക്കെ ഇൻഡ്യയിലെ ഭാഷകൾക്കും സംസ്കൃതത്തിനും ജന്യജനകത്വപമായ സംബന്ധം ധാരാളമായിട്ടുണ്ടുതാനും.

തോൽകാപ്യം എന്ന തമിഴ് ഗ്രന്ഥപ്രകാരം സംസ്കൃതത്തിൽ "ചേര"മെന്നു പറഞ്ഞുവരുന്ന കേരളത്തിന്ന് ഏഴു വിഭാഗങ്ങൾ ഉണ്ടായിരുന്നു. പിടക്കങ്ങളായ ഈ ഏഴ് നാടുകളേയും ആദികാലത്തിൽ ദ്രാവിഡർതന്നെ ആയിരുന്നു അധിവസിച്ചിരുന്നതു്. ഇവരുടെ ഭാഷ തമിഴായിരുന്നു. എല്ലാക്കാലത്തും എല്ലാ ജീവൽഭാഷകളിലും ഗ്രന്ഥഭാഷ അല്ലെങ്കിൽ വരമൊഴി നാട്ടോടിഭാഷ അല്ലെങ്കിൽ വായ്മൊഴി എന്ന ഭേദം കല്പിക്കാറുള്ളതുപോലെ ഈ തമിഴിലും ഈ രണ്ടു വകഭേദങ്ങളും ഉണ്ടായിരുന്നു. ഗ്രന്ഥഭാഷക്ക് ചെന്തമിഴ് എന്നും നാട്ടോടിഭാഷക്ക് കൊടുന്തമിഴ് എന്നുമാണു തമിഴ വൈയാകരണന്മാർ പേർ കല്പിച്ചിരിക്കുന്നതു്. അനേകം കൊടുന്തമിഴുകൾ ഉണ്ടായിരുന്നവയിൽ ഒന്നാണ് മലയാളമായിത്തീർന്നിട്ടുള്ളതു്. എന്നാൽ ഇപ്പോഴത്തെ മലയാളത്തെ അടിസ്ഥാനമാക്കി ഭാഷോല്പത്തി നിർണ്ണയിക്കുന്നപക്ഷം ഈ അഭിപ്രായം ശരിയാവുകയില്ല. എന്തെന്നാൽ അത്രമാത്രം സംസ്കൃതശബ്ദങ്ങൾ മലയാളഭാഷയിൽ സ്ഥലം പിടിച്ചിട്ടുണ്ട്. ഭാഷകൾക്കു ബാഹ്യവേഷസ്ഥാനം വഹിക്കുന്ന ശബ്ദങ്ങളിലല്ലാതെ ആന്തരതത്വമായ വ്യാകരണത്തിൽ യാതൊരു വ്യത്യാസവും ഉണ്ടായിട്ടില്ലെന്നു സൂക്ഷ്മദൃഷ്ട്യാ പരിശോധിക്കുന്നവർക്കു കാണ്മാൻ കഴിയും.

ഒരു ഭാഷയുടെ ഉല്പത്തി നിർണ്ണയിക്കുമ്പോൾ നാം സാധാരണയായി ഗൃഹത്തിൽ നിത്യം പെരുമാറുന്ന പദങ്ങളുടെ ഉല്പത്തിയെപ്പറ്റി ചിന്തിക്കേണ്ടതാണ്. ആവക പദങ്ങളുടെ ഉല്പത്തി ഏതു ഭാഷയിൽനിന്നാണോ അതിനെ അടിസ്ഥാനമാക്കി ഭാഷോല്പത്തി നിർണ്ണയിക്കുന്നതു നന്നായിരിക്കും. തായ്, തന്ത, മകൻ, ഊര്, നായ്, വീട്, തീ, കൈ, മൂക്ക്, മുതലായി നമുക്ക് നിത്യോപയുക്തങ്ങളായ പദങ്ങൾ സകല ദ്രാവിഡഭാഷകളിലും ഏകദേശം ഒന്നുപോലെ ഇരിക്കുന്ന സ്ഥിതിക്ക് മലയാളഭാഷ ദ്രാവിഡത്തിൽനിന്നും ഉണ്ടായി എന്നുതന്നെ വേണ്ടേ പറവാൻ? എന്നാൽ ഗൃഹത്തിൽ ഉപയോഗിക്കുന്ന പദങ്ങളെക്കൊണ്ടു മാത്രം ഒരാൾക്കു വ്യവഹാരം നടത്തുന്നതിനു സാധിക്കുകയില്ല. ആത്മാവ്, ശരീരം, രാജ്യം, സമുദായം, സൂര്യൻ, ചന്ദ്രൻ, പ്രാണൻ, മനസ്സ്, വിചാരം, രക്തം, മാംസം, മുതലായവയും മനുഷ്യസമുദായത്തിന്നു നിത്യവ്യവഹാരത്തിന് ഉപയുക്തങ്ങളായ പദങ്ങളാണ്. ഈ വക പദങ്ങളുടെ ഉത്ഭവം സംസ്കൃതത്തിൽനിന്നുമായതുകൊണ്ട് മലയാളഭാഷ സംസ്കൃതത്തിൽനിന്നും ഉണ്ടായി എന്നു പറയുന്നതിൽ എന്താണു വിരോധം? പക്ഷേ ഈവക പദങ്ങളെ ആധാരമാക്കിവച്ചുകൊണ്ട് ഭാഷയുടെ ഉല്പത്തിയെ നിശ്ചയിക്കുന്ന ഒരാൾക്ക് ഇഞ്ചിനീയർ, ആസ്പത്രി, റാന്തൽ, മുതലായ പദങ്ങളെ അടിസ്ഥാനമാക്കി വേറൊരു വിധത്തിൽക്കൂടി ഭാഷയുടെ ഉല്പത്തി

യെ നിർണ്ണയിക്കേണ്ടതായി വന്നേക്കാം. സംസാരാരംഭദശയിൽ ആദ്യമായി ഒരു ശിശു ആത്മാവ്, മനസ്സ്, സൂര്യൻ, ചന്ദ്രൻ ഇത്യാദികളേയോ വാതം, പിത്തം, കഫം ഇത്യാദികളേയോ അല്ല സംസാരിച്ചുതുടങ്ങുന്നതെന്നുള്ളതും വിശിഷ്യ വക്തമായിട്ടുള്ളതാണ്. എന്നുതന്നെയുമല്ല വാതപിത്താദി വിചിന്ത കൂടാതെതന്നെ ഒരാൾക്കു ജീവിതം തന്നെ കഴിച്ചുകൂട്ടുവാൻ വലിയ വിഷമമൊന്നുമുണ്ടെന്നു തോന്നുന്നില്ല. ജീവൻ, മുഖം, നാഭി മുതലായവയ്ക്കു സദൃശങ്ങളായ പദങ്ങൾ ദ്രാവിഡത്തിൽ ഉണ്ടെങ്കിലും ഈവക പദങ്ങളെ ഇടക്കാലത്ത് പ്രൌഢിക്കും അന്തസ്സിനും വേണ്ടി സംസ്കൃതത്തിൽനിന്നും സ്വീകരിച്ചിട്ടുള്ളതാണ്. അല്ലാതെ ഭാഷയിലെ സ്വന്ത പദങ്ങളല്ല. നാമപദങ്ങളെപ്പററിയുള്ള വിചാരം ഇവിടെ നിൽക്കട്ടെ. ഇനി ക്രിയാപദങ്ങളുടെ നിലയെന്തെന്നുനോക്കാം.

നാമപദങ്ങളെ കഴിച്ചാൽപിന്നെ കാലഭേദത്തെ കുറിക്കുന്ന ക്രിയകൾക്കാണ് വാക്യത്തിൽ പ്രാധാന്യം കൊടുക്കേണ്ടതു്. തമിഴിലെ കൃതിരൂപത്തോടു കൂടാതെ ഒരു വാക്യംപോലും മലയാളത്തിൽ എഴുതാമെന്നു തോന്നുന്നില്ല. ജനിക്കുക, മരിക്കുക മുതലായ ക്രിയാപദങ്ങൾക്കു സംസ്കൃതവുമായി ബന്ധമുണ്ടെങ്കിലും അതുകളെ വാക്യത്തിൽ പ്രയോഗിക്കണമെങ്കിൽ അതോടുകൂടി ന്നു, ചു, ഉം, മുതലായ ദ്രാവിഡപ്രത്യയങ്ങളെ ചേർക്കാതെ നിവൃത്തിയില്ല. ന്നു, ച്ചു, ഉം, മുതലായവ ക്രിയാത്മദ്യോതകങ്ങളായ ദ്രാവിഡക്രിയാരൂപങ്ങളുടെ സങ്കുചിതരൂപങ്ങളാണുതാനും. തിന്നുക, കുടിക്കുക, പോകുക, നിൽക്കുക, ചൊല്ലുക, മുതലായ മിക്ക ക്രിയാപദങ്ങളും ഒട്ടു മിക്ക ദ്രാവിഡഭാഷകൾക്കും ഒന്നുപോലെയുള്ള പൂർവ്വസ്വത്തുകളാണ്. ഈ ഒരു കാര്യം നോക്കുമ്പോൾ ക്രിയാപദങ്ങൾക്കു സംസ്കൃതവുമായി യാതൊരു ബന്ധവും ഇല്ലെന്നല്ലേ വന്നുചേരുന്നതു് ?

ദ്രാവിഡഭാഷാസാധാരണങ്ങളായ നിപാതപദങ്ങളുടെ നിലയെപ്പററി ചിന്തിക്കുകയാണെങ്കിൽ അവയ്ക്കും സംസ്കൃതസംബന്ധം തീരെ ഇല്ലാത്തവയെന്നു വെളിപ്പെടും. തമിഴ് മലയാളം കർണ്ണാടകം ഈ ഭാഷകളിലെ 'ഉം' എന്ന സമുച്ചയാർത്ഥദ്യോതകമായ നിപാതത്തിനും സംസ്കൃതത്തിലെ 'ച' എന്നതിന്നും തമ്മിൽ വല്ല സംബന്ധവും ഉണ്ടോ എന്നു സംശയമാണ്. തമിഴ് മലയാളം കർണ്ണാടകം തെലുങ്ക് ഈ ഭാഷകളിലെ വികല്പാർത്ഥദ്യോതകമായ 'ഒ' എന്നതിന്നും സംസ്കൃതത്തിലെ 'വ' എന്നതിന്നും തമ്മിൽ യാതൊരു സാമ്യവുമില്ല. തമിഴ് മലയാളം കർണ്ണാടകം തുളു തെലുങ്ക് ഈ ഭാഷകളിൽ അവധാരണാർത്ഥദ്യോതകമായി നടപ്പിലിരിക്കുന്ന 'ഏ' ഏവ എന്നതിൻെറ പ്രാകൃതരൂപമെന്ന് വാദിക്കുന്നവർ താക്കോൽ എന്നതിൻെറ പ്രാകൃതരൂപമാണ് വെക്കോൽ എന്നും വാദിക്കാതിരിക്കുകയില്ല.

സർവ്വനാമങ്ങളുടെ സഹായം കൂടാതെ ഒരു ഭാഷയും വ്യാവഹാരികഭാഷയായി തീരുന്നതല്ല. ഭാഷോല്പത്തികാലത്തിൽതന്നെ സർവ്വനാമങ്ങളും ഉണ്ടായിരിക്കണം. അപ്പോൾ സർവ്വനാമങ്ങളുടെ സ്ഥിതി അനുസരിച്ചും ഭാഷയുടെ ഉല്പത്തി നിർണ്ണയിക്കാവുന്നതാണ്. അ, ഇ, എ, നിൻ, എൻ, ഉ, മുതലായ സർവ്വനാമങ്ങൾ എല്ലാ ദ്രാവിഡഭാഷകളിലും ഒന്നുപോലെയുള്ളവയും സംസ്കൃതത്തോടു യാതൊരുവിധത്തിലും ബന്ധമില്ലാത്തവയുമാണ്. ഈ ഒരു നില നോക്കുമ്പോഴും മലയാളം ദ്രാവിഡത്തിൽ നിന്നുണ്ടായി എന്നല്ലാതെ സംസ്കൃതത്തിൽനിന്നുണ്ടായി എന്നു പറയുന്നതെങ്ങിനെ?.

വടക്കെഇൻഡ്യയിലെ സംസ്കൃതത്തോടു ബന്ധമുള്ള ബങ്കാളി, ഹിന്ദി മുതലായ ഭാഷകൾക്കാകട്ടെ മേൽപറയപ്പെട്ട നാമം കൃതി, നിപാതം മുതലായവയിൽ സംസ്കൃതവുമായി സാരതരമായ ബന്ധം പ്രഥമദൃഷ്ടിയിൽതന്നെ കാണുന്നുണ്ട്. വടക്കെഇൻഡ്യയിലെ ഭാഷകളെല്ലാം തന്നെ ഒരേ വിധത്തിലും തെക്കെഇൻഡ്യയിലെ ഭാഷകളെല്ലാം വേറൊരു വിധത്തിലും സംസ്കൃതം ഭാരതം ഒട്ടുക്ക് വ്യവഹാരഭാഷയായിരുന്നു എന്നു പറയുന്ന സ്ഥിതിക്ക് ദുഷിച്ചു്, പ്രാകൃതമാകുന്നതിനു യാതൊരു കാരണവും കാണുന്നില്ല. കാലദേശാദിഭേദംമൂലം സാരതരങ്ങളായ മാററങ്ങൾ ഒരേ ഭാഷയുടെ പ്രാകൃതങ്ങൾക്കുതന്നെ ഉണ്ടാവാമെന്നിരിക്കിലും സർവ്വനാമങ്ങൾ, നിപാതങ്ങൾ മുതലായവ ഇത്രമാത്രം വ്യത്യാസപ്പെട്ടുപോവാൻ യാതൊരുപ്രകാരത്തിലും ഇടയില്ല.

വ്യാകരണനിയമങ്ങളെപ്പററി ചിന്തിക്കയാണെങ്കിൽ അതു ഇതോ വ്യത്യസ്ഥനിലയിലാണു കണ്ടുവരുന്നതു്. തമിഴിനോടുള്ള അടുപ്പവും സംസ്കൃതത്തോടുള്ള അകൽച്ചയും

ഈ വിഷയത്തിലാണ് മലയാളഭാഷക്കു പ്രത്യക്ഷമായി കാണുന്നതു്. ഭാഷ സംസ്കൃതോല്പന്നയാണെന്നു പറയുന്ന കൂട്ടർ അൻ, ഇ, അം മുതലായ ലിംഗപ്രത്യയങ്ങൾ സംസ്കൃതത്തിൽനിന്നു വന്നു എന്നുതന്നെയാണ് ഉൽഘോഷിക്കുന്നതു്. സംസ്കൃതത്തിൽ അകാരാന്ത പദങ്ങളിലുള്ള ഒടുവിലത്തെ അകാരംതന്നെ 'അൻ' എന്ന പുല്ലിംഗപ്രത്യയമായി. സംസ്കൃതത്തിലെ ഈകാരന്ത ശബ്ദങ്ങളുടെ അന്ത്യമായ ഈകാരം 'ഇ' എന്ന സ്ത്രീലിംഗ പ്രത്യയമായി. അം എന്ന നപുംസകലിംഗപ്രത്യയം, സംസ്കൃതത്തിനും മലയാളത്തിനും ഒന്നുപോലെതന്നെ. ഈ വിധം യുക്തിവാദം പുറപ്പെടുവിക്കുന്നവർ സർവ്വനാമങ്ങളിലെ അൻ, അൾ, തു, എന്നുള്ള ലിംഗപ്രത്യയങ്ങളെപററി ഒന്നും പറയാതെ വിട്ടുകളഞ്ഞതെന്തുകൊണ്ടെന്നു മനസ്സിലാകുന്നില്ല. എന്നുമാത്രമല്ല 'അൻ' എന്ന പുല്ലിംഗപ്രത്യയം സംസ്കൃതത്തിൽനിന്നുവന്നു എന്നു പറയുന്നതിനു യാതൊരു ന്യായവും കാണുന്നതുമില്ല. ആശാൻ, വാദ്ധ്യാൻ, മുതലായ നാമപദങ്ങളിലും ചെയ്യാൻ, ചൊന്നാൻ, മുതലായ ആഖ്യാതരൂപങ്ങളിലും 'ആൻ' എന്ന ദീർഘരൂപം കാണുന്ന സ്ഥിതിക്കു 'ആൺ' എന്ന ശബ്ദരൂപംതന്നെ ഹ്രസ്വരൂപം സ്വീകരിച്ചു് 'അൻ' എന്ന ലിംഗപ്രത്യയമായി എന്നു വേണം ഊഹിപ്പാൻ. ആദികാലത്തിൽ സ്ത്രീവാചകമായിരുന്ന ആൾ എന്ന രൂപംതന്നെആണ് അൾ എന്നസ്ത്രീലിംഗപ്രത്യയമായി തീൎന്നിട്ടുള്ളതു്. ഒരുത്തി മുതലായവയിൽ കാണുന്ന 'തി' എന്ന ലിംഗപ്രത്യയം ദ്രാവിഡംതന്നെയാണ്. ഈ പ്രത്യയം തെലുങ്കിലും കാണുന്നുണ്ടു്. നപുംസകലിംഗപ്രത്യയമായ അം എന്നുള്ളതാകട്ടേ കടൻ, ഫലൻ, മുതലായവയുടെ സ്ഥിതി ഓക്കുമ്പോൾ ആദിയിൽ 'അനു്,' എന്നായിരുന്നു എന്നും പിന്നീടാണ് 'അം' എന്നായതു് എന്നും വിചാരിക്കുന്നതിൽ വിരോധമില്ല കാളൻ, ഓലൻ, തോരൻ മുതലായ ദ്രാവിഡപദങ്ങളും ഈ ഊഹത്തെ തന്നെദൃഢീകരിക്കുന്നു.

സന്ധിവിഷയത്തിൽ സംസ്കൃതത്തോടു സാമ്യം സമ്പാദിക്കുന്നതിനായി കാച്യങ്ങ്, ചേച്യമ്മ, മുതലായ പദങ്ങളേയും പററീല്ല., തെററീല്ല മുതലായ പദങ്ങളേയും ഉദാഹരിക്കുന്നതു് ഒരുവക ചിത്തഭ്രമത്തിൻെറ ലക്ഷണമെന്നല്ലാതെ എന്തുപറയട്ടെ. ഭാഷകളേനയാണ് കാച്ചിയങ്ങ്, ചേച്ചിയമ്മ, പററിയില്ല തെററിയില്ല, മുതലായതു വരുന്നതെങ്കിൽ ചേച്യമ്മ മുതലായ പദങ്ങൾക്കെന്തുകൊണ്ടു പ്രചുരപ്രചാരം സിദ്ധിച്ചില്ല? ദുഷ്ടങ്ങളായ അവക പ്രയോഗങ്ങൾ സംസ്കൃതത്തിൽ ദൃഢപരിചയം സിദ്ധിച്ച ചില വിദ്വാന്മാരുടെ വികൃതപ്രയോഗങ്ങളെന്നല്ലാതെ ഭാഷയുടെ സ്വന്ത പ്രയോഗങ്ങളെന്നു വിചാരിപ്പാൻ തരമില്ല.

ദ്വിവചനം ദ്രാവിഡങ്ങൾക്കില്ല. വികരണഭേദം പദഭേദം കൎത്തരി കൎമ്മണി മുതലായവയും ഒരുകാലത്തും ദ്രാവിഡങ്ങൾക്കുണ്ടായിട്ടില്ല. അചേതനവാചികളായ നാമങ്ങൾക്കും അതുകളെ സംബന്ധിക്കുന്ന സർവ്വനാമങ്ങൾക്കും ലിംഗഭേദമില്ല. ഭേദകങ്ങൾക്കു ദ്രാവിഡങ്ങളിൽ ലിംഗവചനവിഭക്തികൾക്കു പൊരുത്തമില്ല. ഇത്യാദികളായ കാരണങ്ങളാൽ സംസ്കൃതത്തിനും ദ്രാവിഡത്തിനും തമ്മിൽ വ്യാകരണ വിഷയമായ ബന്ധം എത്രയോ അകന്നാണു സ്ഥിതിചെയ്യുന്നതു് എന്നു സാമാന്യ ജനങ്ങൾക്കുപോലും കാൺമാൻ കഴിയും.

മണിപ്രവാളകൃതികൾ തുള്ളൽപ്പാട്ടുകൾ ചമ്പൂപ്രബന്ധങ്ങൾമുതലായവ പരിശോധിച്ചു് ഭാഷോൽപ്പത്തി നിൎണ്ണയിക്കുന്ന ആൾക്കു അതിനു് മുൻപു മലയാളമെന്നൊരു ഭാഷ ഇല്ലായിരുന്നു എന്നാണോ അഭിപ്രായം.? അങ്ങിനേ ആണെങ്കിൽ അതു് അബദ്ധംതന്നെ. മേൽ പറയപ്പെട്ട ചമ്പൂപ്രബന്ധങ്ങളും മററും സംസ്കൃതത്തിനോടു ദൃഢമായ ബന്ധം ദ്രാവിഡത്തിനു വന്നുചേൎന്നതിൽ പിന്നീടു് ഉണ്ടായിട്ടുള്ള കൃതികളാണ്. ഇതുകളെ പ്രമാണമാക്കി ഭാഷോല്പത്തി നിൎണ്ണയിക്കുന്ന ഒരാൾക്കു ഇന്നത്തെ നോവലുകളേയും ചെറുകഥകളേയും അടിസ്ഥാനമാക്കി എന്തുകൊണ്ടു ഭാഷോല്പത്തി നിൎണ്ണയിച്ചുകൂടാ? രാമചരിതം മുതലായവയാണ് മലയാളത്തിലെ പ്രാചീനങ്ങളായ കൃതികൾ. പക്ഷെ രാമചരിതം മലയാളമല്ലെന്നു വാദമുണ്ടായേക്കാം. ആപ്തവാക്യം പ്രമാണമായി സ്വീകരിക്കാമെന്നുള്ളതുകൊണ്ടു് സഹൃദയാഗ്രേസരനായ ഉള്ളൂർ. എസ്. പരമേശ്വരയ്യർ അവർകളുടെ അഭിപ്രായത്തെ ദൃഢമായി അവലംബിക്കുന്നവർ രാമചരിതത്തെ മലയാളമല്ലെന്നൊരുകാലത്തും ഇനി പറയുമെന്നു തോന്നുന്നില്ല.

പഴയകാലത്തെ വിദ്യാഭ്യാസരീതിയും ഭാഷോല്പത്തി നിൎണ്ണയത്തിനു വളരെ ഉപകരിക്കുമെന്നാണ് തോന്നുന്നതു്. പ്രാചീനകേരളത്തിലെ വിദ്യാഭ്യാസരീതി സംസ്കൃതപ്രധാനമായിരുന്നു എന്നു പറവാൻ തരമില്ല. പഴയകാലത്തു് നിലത്തെഴുത്തും എൺചുവടിയും

കഴിച്ചെടുക്കും മുതലായ കണക്കുകളും മാത്രമാണ് പഠിച്ചുവന്നിരുന്നത്. അക്കാലത്തു സാഹിത്യപരമായ വിദ്യാഭ്യാസം കേരളത്തിൽ തീരെയില്ലായിരുന്നു. മനോബലത്തേക്കാൾ കായബലത്തിനായിരുന്നു അക്കാലത്തു കൂടുതൽ പ്രാധാന്യം നൽകിയിരുന്നത്. മേലെഴുതിയ കാരണങ്ങൾ ആകപ്പാടെ നോക്കുമ്പോൾ മലയാളഭാഷ ദ്രാവിഡത്തിൽനിന്നും ഉണ്ടായി എന്നുള്ള വിദ്വന്മതം എത്രയും സാധുവാണെന്നു തെളിയുന്നു.

---

# ഉണ്ണുനീലീസന്ദേശവും വേൺമലനാടും.

(തുടർച്ച)

(കെ. ജി. കുമാരനുണ്ണിത്താൻ)

ജയസിംഹൻ "യദുവംശ"ത്തിൽപെട്ട രാജാവാണെന്നു സ്ഥാപിക്കാൻ ചരിത്രദൃഷ്ട്യാ വിശ്വാസയോഗ്യമായ യാതൊരു തെളിവും ആ വാദക്കാർ കാണിക്കുന്നില്ല. കൊല്ലത്തെ ശിലാരേഖയിലും അരുളാളപ്പെരുമാൾക്ഷേത്രത്തിലെ ശാസനത്തിലും വിവരിക്കുന്ന സംഗതികളെ അടിസ്ഥാനപ്പെടുത്തി ജയസിംഹൻ യദുവംശജനാണെന്നു മിസ്റ്റർ പരമേശ്വരയ്യരും മററും പറയുന്ന അഭിപ്രായം സ്വീകാര്യമല്ലെന്നും ഇതരന്യായങ്ങളും തെളിവുംകൊണ്ട് ആ അഭിപ്രായം അസംബന്ധവും തെററിദ്ധാരണകൾ കാരണവുമാണെന്നും വഴിയേ വിവരിക്കാം. ജയസിംഹൻ യദുവംശരാജാക്കന്മാരെ തോല്പിച്ചോ അവർ അന്യംനിന്നോ ആ രാജ്യത്തെ (അന്നത്തെ തിരുവിതാംകോട്ടെ) രാജാവായി ഭവിച്ചതുകൊണ്ട് അദ്ദേഹത്തിനെ മേൽ പറഞ്ഞ ശാസനത്തിൽ "യദുക്ഷ്മാഭൃത്തെ"ന്നു വിവരിക്കാൻ ഇടയായെന്നേയുള്ളു. "യദു"ക്കളുടെ ക്ഷ്മാ (രാജ്യ)ത്തെ രാജാവു എന്നു വ്യാഖ്യാനിക്കുന്നതിൽ വിരോധമുണ്ടെന്നു തോന്നുന്നില്ല. ജയസിംഹന്റെ പുത്രന്മാരായി ക്രുപക (കൊല്ലം) രാജ്ഞിയായ ഉമാദേവിയിൽ ജനിച്ച രവിവർമ്മചക്രവർത്തി കൊല്ലം ഭരിക്കയും അനുജനും സന്ദേശഹരനുമായ ആദിത്യവർമ്മൻ യുവരാജാവായി തിരുവിതാംകൂർ ഭരിക്കയും ചെയ്തതിനു കാരണമിതാണ്. പൂർവസന്ദേശം 69-ാം ശ്ലോകം നോക്കുക:—

"ഭൂഷാഭ്രൂഷാമണിരിവ ബളവോഹന്ത വേണാടർകോനും
നീയും പാലിച്ചപഗതഭയം വർദ്ധിതാനാളിൽനാളിൽ
ഇന്ദ്രോപേന്ദ്രക്ഷപിതദിതിജോപദ്രവാമദ്യമന്യേ
നാണിക്കിന്റോളമരനഗരീം നാമമാത്രാവശേഷാം"

ഈ ശ്ലോകത്തിൽ വിവരിക്കുന്ന "വേണാടർകോൻ" അന്നു കൊല്ലം രാജ്യം ഭരിച്ചിരുന്ന രവിവർമ്മചക്രവർത്തിയും "നീ" എന്ന പദംകൊണ്ടുദ്ദേശിക്കുന്ന ആൾ രവിവർമ്മചക്രവർത്തിയുടെ അനുജനും സന്ദേശഹരനും തിരുവിതാംകൂർ രാജ്യഭരണകാരനും ആയിരുന്ന ആദിത്യവർമ്മരാജാവും ആകുന്നു. "വേണാട്ട്" കൽക്കുളം താലൂക്കുൾപ്പെട്ട തെക്കൻ തിരുവിതാംകൂറും യദുവംശരാജാക്കന്മാരുടെ രാജ്യവും ആണ്. യദുക്കളുടെ രാജ്യം അതായതു തിരുവിതാംകൂർ ജയസിംഹനോ രവിവർമ്മചക്രവർത്തിയോ പിടിച്ചടക്കിയപ്പോൾ അദ്ദേഹത്തിനു (ചക്രവർത്തിക്കു) "വേണാടർകോൻ" എന്നുള്ള പേരും സിദ്ധിച്ചു. 77-ാം ശ്ലോകംകൊണ്ടു രവിവർമ്മചക്രവർത്തി ആദിത്യവർമ്മയുടെ ജ്യേഷ്ഠനാണെന്നും അദ്ദേഹം കൊല്ലം ഭരിച്ചിരുന്നു എന്നും ആദിത്യവർമ്മാവു തിരുവിതാംകൂർ ഭരിച്ചിരുന്നു എന്നും കാണാം. സന്ദേശം തിരുവനന്തപുരത്തുവച്ചാണ് ആദിത്യവർമ്മാവോടു പറഞ്ഞയക്കുന്നത്.—

"വേലപ്പെണ്ണിന്നഴകുപൊഴിയും കണ്ണനെ, പ്പോരിൽ മാററാർ
മൂലത്തിന്നേ മുടിവിനൊരു മുക്കണ്ണനെ, പ്പുണ്യകീർത്തേ!
വേറിട്ടോർപ്പാൻ മനസിജ, നിനക്കണ്ണനേ, ച്ചെൻറു നേരേ
കോരിക്കൈക്കുപ്പുടനിരവിവർമ്മാഖ്യവേണാടർകോനെ"

"വേണാടർകോൻ" എന്ന സ്ഥാനം സ്വീകരിച്ച രീതിക്കാണ് 'യദു'ക്കളുടെ രാജ്യം അടക്കിയശേഷം ആ രാജ്യം ഭരിച്ചുവന്ന ആദിത്യവർമ്മരാജാവു "യദുപതി" (യദുക്കളുടെ രാജ്യത്തിന് അധിപതി) "യദുകുലാധീശൻ" (യദുകുലത്തിൻെറ രാജ്യത്തിനധീശൻ) എന്ന നാമങ്ങൾ വഹിക്കാനിടയായതു്. ഇതുപോലെതന്നെയാണു കൊല്ലംരാജ്യത്തിനു മാത്രം അന്നു് ഉപയോഗിച്ചിരുന്ന "കൃപക" നാമധേയം തിരുവിതാംകൂറിനു കൂടി പിന്നീട്ടു് ഉപയോഗിക്കാൻ ഇടയായതു്. വാസ്തവത്തിൽ ജയസിംഹനും ആദിത്യവർമ്മരാജാവും ഇദ്ദേഹത്തിൻെറ വംശപരമ്പരയിൽ ഉള്ള തിരുവിതാംകൂർ ആധുനികരാജവംശവും യദുവംശക്കാരല്ല.

തിരുവിതാംകൂർ ആർക്കിയാളജിക്കൽ പാഠാവലി 1-ാം വാല്യം 1-ം 2-ം ഭാഗങ്ങളിൽ 3-ാം പുറത്തു് ഇപ്രകാരം പറഞ്ഞിരിക്കുന്നു.—

"കരുനന്ദടക്കൻ 'യദു' അഥവാ 'ആയ്' വംശത്തിൽപെട്ട രാജാവാണു്. ഈ വംശം തിരുവിതാംകൂറിൽ മല സംബന്ധിച്ച ദേശങ്ങളിൽ അധിവസിച്ചിരുന്നവരാണു്. ഇവരെ സംബന്ധിച്ച തമിഴ സാഹിത്യത്തിൽ വിവരിക്കുന്നുണ്ടു്. എന്നാൽ ഇൻഡ്യാചരിത്രത്തിൽ യാതൊന്നും പറയുന്നില്ല. ഹജ്ജൂർകച്ചേരിയിൽനിന്നും കണ്ടുകിട്ടിയ ചെമ്പേട്ടുകളും "കഴുകുമല"യിലെ ശിലാലേഖവും പാലിയത്തുനിന്നും ലഭിച്ച ചെമ്പേട്ടുകളും കൊണ്ടു ചില ആയ്കുലരാജാക്കന്മാരുടെ വിവരം അറിവായിട്ടുണ്ടു്. ഏററവും പുരാതനമായി അറിയപ്പെടുന്ന "ആയി" രാജാവു "ആയ് അന്ദിരൻ" ആണു്. ആ രാജാവു് ഒരു ഉപരാജാവായി "ആയ്ക്കുടി" (തോവാള) തലസ്ഥാനമാക്കി തെക്കൻതിരുവിതാംകൂർ ഭരിച്ചിരുന്നു. അദ്ദേഹം "പോതിമല"യുടെ അധിപതിയും "പുന്നപ്പൂമാല" വിരുതായി ധരിക്കുന്ന വംശക്കാരനുമായിരുന്നു. 'ആയി'കൾ ജാതിശ്രേഷ്ഠതയുള്ള വെള്ളാളന്മാരും കൃഷീവലന്മാരുടെ നായകന്മാരും ആയിരുന്നു. . . . . . . . . ഈ വംശത്തിൽപെട്ട വേറൊരു രാജാവു "കരുനന്ദ"നാണു്. ഇദ്ദേഹത്തിൻെറ പേരു കഴുകുമലയിലെ ശിലാലിഖിതത്തിൽ ഉണ്ടു്."

ആധുനികതിരുവിതാംകൂർരാജവംശത്തിൻെറ പൂർവ്വികന്മാരായ രവിവർമ്മചക്രവർത്തിയുടേയും സർവ്വാംഗനാഥ ആദിത്യവർമ്മരാജാവിൻേറയും അഛനായ ജയസിംഹൻ മേൽ വിവരിച്ച ആയ്‌വംശത്തിൽപെട്ട രാജാവാണെന്നു മുൻ പിൻ ആലോചിക്കാതെ അഭിപ്രായം പ്രകടിപ്പിക്കുന്നതു സർവ്വാബദ്ധവും നമ്മുടെ രാജവംശത്തിൻെറ ഇപ്പോഴത്തെ സാമുദായിക നിലവച്ചു നോക്കിയാൽ അഭിമാനഹാനിക്കു കാരണവുമാണെന്നു പറയാതിരിപ്പാൻ നിവൃത്തിയില്ല. ഇത്യാദി കാര്യങ്ങളിൽ ആധുനികനിലവച്ചുകൊണ്ടു് അനുമാനിക്കാതിരുന്നാൽ വലിയ തെററുകൾക്കു വഴിയാകുന്നതാണു്.

മിസ്റ്റർ പിഷാരോടി അഭിപ്രായപ്പെട്ടംപോലെ "യദുവംശ"മായ സാമന്തരാജാക്കന്മാർ വഴിഞ്ഞത്തുവച്ചു പാണ്ഡ്യരാജാവിനാൽ തോല്പിക്കപ്പെട്ട ശേഷം, പമ്പാതീരത്തു വന്നു സ്ഥാനമുറപ്പിക്കയും ചിറവാഴ്സ്വരൂപമെന്ന സ്ഥാനപ്പേരിൽ രാജാക്കന്മാരായി താമസിക്കയും ചെയ്തിട്ടുണ്ടോ എന്നാലോചിക്കാം.

"ഉണ്ണുനീലിസന്ദേശം" പൂർവ്വസന്ദേശത്തിൽ സന്ദേശഹരനോടു് ഉപദേശിച്ചുകൊടുക്കുന്ന യാത്രാവിവരണത്തിൽ, കൊല്ലം, പന്മന, പടനായർകുളങ്ങര, കായംകുളം ആദിയായ സ്ഥലങ്ങളെപ്പററി പറഞ്ഞ ശേഷം കായംകുളത്തുനിന്നു "രട്ടാരമ്പല"ത്തിൽ (മാവേലിക്കരക്കൊട്ടാരത്തിൽനിന്നും ഉദ്ദേശം രണ്ടു മൈൽ പടിഞ്ഞാറുള്ള സ്ഥലം) ചെല്ലുന്നതിനു പറയുന്നു. അവിടെനിന്നും കണ്ടിയൂർക്കും (ശിവൻെറ ഊരു=കണ്ടി=കാളകണ്ഠൻ) അതിനു കിഴക്കു മാവേലിക്കര (ഓണനാട്ടു്) രാജധാനിയിലും പോകുന്നതിനു പറയുന്നു. പിറേറദിവസം രാവിലെ കണ്ടിയൂർകൂടി തിരിച്ചു "മററ"ത്തു വന്നു പുഴ കടന്നു വടക്കേക്കര കയറിയാൽ "ചെന്നിത്തല"യായി എന്നു പറയുന്നു. "പിറെറന്നാൾ മററവും പുഴയും പിന്നിട്ടു കണ്ടിയൂർക്കു തന്നെ വന്നു പുഴ കടന്നു "ചെന്നിത്തല" പോകണ"മെന്നു മിസ്റ്റർ പിഷാരോടി വ്യാഖ്യാനിച്ചിരിക്കുന്നതു തെററാണു്. സന്ദേശഹരൻ തലേദിവസം മാവേലിക്കര രാജധാനിയിലായിരുന്നു. "മററം" എന്ന സ്ഥലത്തപ്പായിരുന്നു. ഈ സ്ഥിതിക്കു മററത്തുനിന്നും പിറേറദിവസം തിരിച്ചു കണ്ടിയൂർക്കു വരാൻ നിവൃത്തിയില്ല. മാവേലിക്കര, ക

ണ്ടിയ്യൂരിനു കിഴക്കാണ്. കണ്ടിയ്യൂർനിന്നും ഒരു മൈൽ പടിഞ്ഞാറുഭാഗത്താണു "മററം" എന്ന സ്ഥലം. മററത്തുക്കൂടിയാണു പുഴ വടക്കേക്കര കടന്നു ചെന്നിത്തലക്കു പോകുന്ന പഴയ രാജവീഥി. കണ്ടിയ്യൂരിൽ പുഴ വടക്കേക്കര കടന്നാൽ പോകാൻ വഴിയില്ല. "കണ്ടിയ്യൂരേ വരേണം" എന്നാണു പ്രയോഗം; കണ്ടിയ്യൂക്കു വരേണമെന്നല്ല. അതായത്തു മാവേലിക്കര (ഓണനാട്ടുരാജധാനി) നിന്നും കണ്ടിയ്യൂർക്കൂടിതന്നെ പടിഞ്ഞാട്ടു മററംഭാഗത്തിൽ വന്നു പുഴ കടന്നു വടക്കേക്കര കയറി നാട്ടുവഴിയിൽക്കൂടി ചെന്നിത്തല മുതലായ സ്ഥലങ്ങൾ കടന്നു പോകണമെന്നാണു പറയുന്നതു്. 111-ാം ശ്ലോകം:—

"പിറെറന്നാളൊളൊളെതിരെ മറിമാൻ കണ്ണിമാർമാരനേ നീ
മററം പിന്നിട്ടിനിയ പുഴയും കണ്ടിയ്യൂരേ വരേണ്ടും
കററക്കാർ മൽകുഴലികൾ പുഴൻവുല്ലസിക്കും പ്രദേശം
മുറെറച്ചെന്നിത്തല മറുകരേത്തനപിലാലോകയേഥാഃ"

"പിറേറന്നാൾ മററവും പുഴയും പിന്നിട്ടു കണ്ടിയ്യൂക്കുതന്നെ വരണം" എന്നാണു മിസ്റ്റർ പിഷാരോടിയുടെ വ്യാഖ്യാനം. മററത്തിനും കണ്ടിയ്യൂക്കുമിടക്കു പുഴയില്ല. രണ്ടു സ്ഥലങ്ങളും പുഴക്കു തെക്കേക്കരയാണ്. "പിറേറന്നാൾ കണ്ടിയ്യൂരിൽക്കൂടി വന്നു മററവും പുഴയും കടന്നു മറുകരച്ചെന്നു സുന്ദരികളുടെ ആവാസമായ ചെന്നിത്തല കണ്ടാലും എന്നന്വയിക്കേണ്ടതാണെന്നു തോന്നുന്നു. കായംകുളത്തുനിന്നു പുരാതനപാഥ തട്ടാരമ്പലത്തിൽ വന്നു വടക്കോട്ടു മററംവഴി പുഴ കടന്നു ചെന്നിത്തലക്കൂടി പമ്പാതീരത്തിലേക്കു പോകുന്നു. ഈ വഴി വിട്ടു കിഴക്കോട്ടു കണ്ടിയ്യൂരും രാജധാനിയിലും പോകണമെന്നു പറയുന്ന 98-ാം ശ്ലോകം:—

"തട്ടാൻ പൂവ്വം വഴിയിലഴകാന്നമ്പലം മുന്നിലുണ്ടെ-
ങ്ങൊട്ടേവൈകീടില്ലുമവിടെനിന്നമ്പിലങ്ങാടിയ്യൂടെ
തീർത്ഥാപാലം നൃപവരവലത്തെനടന്നിണ്ടൽതീര
ത്തണ്ടാർമാതും മരുവുമവിടം "കണ്ടിയ്യൂരാം" പ്രദേശം"

("തട്ടാൻപൂവ്വം വഴിയിലഴലാന്നമ്പലം" എന്നു പാഠമാക്കി മിസ്റ്റർ പിഷാരോടി "തട്ടാൻവഴിയിൽവച്ചു് അഴലാന്നമ്പലം മുൻവശത്തായി ഉണ്ട്. പണ്ടു ഭക്തനായ ഒരു തട്ടാൻ ആ പ്രദേശത്തുവെച്ചു വളരെ സങ്കടപ്പെട്ടുവെന്നും അപ്പോൾ ദേവി പ്രത്യക്ഷമായി ആ ഭക്തന്റെ ദുഃഖം തീർത്തുവെന്നും ഐതിഹ്യം") എന്നു വ്യാഖ്യാനിച്ചിരിക്കുന്നു. "തട്ടാരമ്പലം" എന്നതു് ഒരു ദിക്കിന്റെ പേരാണ്. മിസ്റ്റർ പിഷാരോടി പറയുന്ന ഐതിഹ്യത്തിലെ തട്ടാനും അമ്പലവും അല്ല. ഈ സ്ഥലത്തിനു് ഇന്നും ഈ പേരുതന്നെയാണ്. മാവേലിക്കരനിന്നും അരിപ്പാട്ടേക്കും കായംകുളത്തുനിന്നും മററത്തുക്കൂടി ചെന്നിത്തല മുതലായ ദിക്കിലേക്കും ഉള്ള രണ്ടു വഴികളും തമ്മിൽ വിലങ്ങുന്നതു് ഈ "തട്ടാരമ്പല"ത്തിൽവച്ചാണ്. "തട്ടാൻപൂവ്വംവഴിയിലഴകാന്നമ്പലം മുന്നിലുണ്ടു" എന്നതിന്റെ അന്വയം "അഴകാന്ന തട്ടാൻപൂവ്വം അമ്പലം വഴിയിൽ മുന്നിലുണ്ടു്" എന്നാണെന്നു തോന്നുന്നു. അതായത്തു് "അമ്പലം" എന്ന ശബ്ദത്തിന്റെ മുമ്പിൽ "തട്ടാൻ" എന്ന ശബ്ദം ചേർത്താലുണ്ടാകുന്ന വാക്കു് "തട്ടാരമ്പലം" എന്നാണ്. അങ്ങാടികൊണ്ടും മററും മനോഹരമായ "തട്ടാരമ്പലം" എന്ന ദിക്കു മുമ്പിലായി വഴിയിൽ കാണാം എന്നു താല്പര്യം. അവിടെ ഒരു അമ്പലവുമുണ്ടു്. 20-ാം ശ്ലോകത്തിലും ഇതുപോലെ ഒരു പ്രയോഗമുള്ളതിനേപ്പററി മുൻലക്കം ഭാഷാപോഷിണിയിൽ ഞാൻ വിവരിച്ചിട്ടുണ്ടു്. ആ ശ്ലോകത്തിലെ പ്രയോഗം "നേരേ കാണാം വഴിയിലരികേ കോതപൂവ്വം പുരംതേ" എന്നാണ്. കോതപൂവ്വംപുരം=കോതപുരം=ഗോവിന്ദപുരം ആണ്. പിന്നിട്ടു കണ്ടിയ്യൂർദേവനേ വണ്ടിക്കുന്നതു് ഇപ്രകാരമാണ്. ശ്ലോകം 99:—

"കണ്ടം വണ്ടിൻനിറമുളയനെ ക്കുങ്കനീരോട്ടു തിങ്കൾ
തുണ്ടം ചാർത്തും പരനെ വരമാതിന്നു മെയ്പാതിയോനെ
മണ്ടും മാനേൽക്കരനെ യരനെക്കമ്പി പാമ്പാക്കിയോനെ
ക്കണ്ടേ പോവാൻ തരമവിട നീ കണ്ടിയ്യൂർത്തമ്പിരാനെ."

പിന്നീട്ടു മാവേലിക്കരെ ചെന്നു് ഓണാട്ടുകരരാജാവിനെ കാണാൻ പറയുന്നു. ശ്ലോകം 103:—

"കാണാം പിന്നെക്കമലവനിതാമാനനേ വാഛിവാണീം-
വാൽമേൽ വീരശ്രീയുമപിവഹിക്കിൻറ വിഖ്യാതകീർത്തിം
ത്രുൺമേലുണ്ടാം നരഹരിനിഭം ചെൻറതിപ്പോൾക്ക നിത്യം
കാണ്മോർ കണ്ണിന്നമൃതകരനാമോണവന്നാടർകോനേ."

"ഓടവന്നാടർകോനേ" എന്ന പാഠത്തിലെ "ഓട" എന്നതു "ഓണ" എന്നു വേണ്ടതല്ലെ എന്നു തോന്നുന്നു. ഇന്നും മാവേലിക്കരെക്കും മററും "ഓണാട്ടുകര" എന്ന പേർ വിളിക്കുന്നുണ്ടു്. മാവേലിക്കര "മഹാബലി" ചക്രവർത്തിയുടെ തലസ്ഥാനമായിരുന്നു എന്നു് ഐതിഹ്യമുണ്ടു്. "മഹാബലിക്കര" മാവേലിക്കരയായതാണു്. മഹാബലിയെ "മാവേലി" എന്നും വിളിക്കും. ഓണപ്പാട്ടിൽ,

"മാവേലി നാടു വാണീടുംകാലം മാനുഷരെല്ലാരുമൊന്നുപോലെ"

എന്നുണ്ടു്. "ഓണം" മഹാബലിയുടെ ഓർമ്മയ്ക്കുള്ള ആഘോഷമാകയാൽ "ഓണാട്ടുകര" എന്ന പേരു് അർത്ഥവത്തായിത്തന്നെ ഇരിക്കുന്നു. 104-ാം ശ്ലോകം:—

"എല്ലാനാളും നിജസമുദയം ചൊല്ലി നിദ്രാവിഹീനം
ദ്രഷ്ടാദേവം മുരവിജയിനം പാണ്ഡവന്നെൻറപോലെ
നിന്നെക്കാണുമ്പൊഴുതിരവിവർമ്മനു മന്യേതദാനീ-
മെന്നേവൻേറാരനുഭവരസം തന്നെയും മേൽവഴിഞ്ഞു."

ഈ ശ്ലോകത്തിൽ മാവേലിക്കര ഇരവിവർമ്മരാജാവു് മാവേലിക്കരക്ഷേത്രത്തിലെ കൃഷ്ണസ്വാമിയെ ഭജിക്കുന്ന കൃഷ്ണഭക്തനായിരുന്നു എന്നു ധ്വനിയുള്ളതിനാൽ അന്നത്തെ ഓണാട്ടുകര രാജാവിൻെറ രാജധാനി ഇപ്പോഴത്തെ മാവേലിക്കരരാജധാനിതന്നെയായിരുന്നു എന്നും അവിടത്തെ ശ്രീകൃഷ്ണക്ഷേത്രം അക്കാലത്തെയുള്ളതാണെന്നും അനുമാനിക്കാം. ഓണാട്ടുകരരാജധാനി സന്ദർശിച്ച ശേഷമാണു് 111-ാം ശ്ലോകത്തിൽ "മററം" ദിക്കിലും ചെന്നിത്തലയും മററും പോകാൻ പറയുന്നതു്. ഈ കാരണങ്ങളാൽ സന്ദേശഹരൻ കായംകുളത്തുനിന്നും തട്ടാരമ്പലത്തിൽ വന്ന ആ വഴിയെ നേരെ വടക്കോട്ടു മററം ചെന്നിത്തല മുതലായ ദിക്കുകളിലേക്കു നേരേ പോകേണ്ടതിനു പകരം തട്ടാരമ്പലം എന്ന ദിക്കിൽനിന്നു വഴി വിട്ടു നേരെ കിഴക്കോട്ടു കണ്ടിയൂരും അവിടെനിന്നു കിഴക്കു മാവേലിക്കരരാജധാനിയിലും പോകുന്നതിനും അവിടെനിന്നും തിരികെ പടിഞ്ഞാറോട്ടു വന്നു കണ്ടിയൂർക്കൂടി നേരെ പടിഞ്ഞാട്ടു പോയി "മററം" ദിക്കിൽ വന്നു പുഴ കടന്നു വടക്കേക്കര കയറി ചെന്നിത്തലയ്ക്കു പോകുന്നതിനും ആണു് പറയുന്നതെന്നു സ്പഷ്ടമാകുന്നു. മററംദിക്കിനെ കണ്ടിയൂരിനോടുകൂടിത്തന്നെ 97-ാം ശ്ലോകത്തിൽ ഇപ്രകാരം വർണ്ണിക്കുന്നു:—

"കാറക്കാർമൽക്കുഴലികളൊരോരോ രാഗഭേദം പുണർത്തി-
ട്ടിററിറേറാലും മധുരസ, മയം, ചിന്തുപാടും ദശായാം.
മുററന്നോറും കിളികളതിനെക്കേട്ടിരുന്നക്കണക്കേ
മററും പാടിൻെറടമയി സഖേ മററമന്ദേതുവിന്നെ"

മാവേലിക്കര, കണ്ടിയൂരു്, മററം മുതലായ ആ പ്രദേശങ്ങൾ സംഗീതവിദ്യക്കിന്നും വളരെ പ്രസിദ്ധിയുള്ള ദിക്കുകളാണു്. സന്ദേശകാലത്തും ഈ പ്രസിദ്ധി ഉണ്ടായിരുന്നു എന്നു തെളിയിക്കുന്നു.

മററം ദിക്കിൽനിന്നും വലിയ പെരുമ്പുഴക്കടവു കടന്നു വടക്കേക്കര കയറിയാൽ "ചെന്നിത്തല"യാണു്. ആ ദിക്കിൽക്കൂടി പഴയ നാട്ടുവഴിയെ വടക്കോട്ടു വരുമ്പോൾ ചെന്നിത്തലക്ഷേത്രമായി (തൃപ്പെരുന്തുറക്ഷേത്രം.) ആ ക്ഷേത്രത്തിൽനിന്നും അര മയിൽ വടക്കു വഴിയിറമ്പിലായി തൃപ്പിവപേരൂർ നട്ടുവിലെമറപ്പം സ്വാമിയാരുവക ഒരു വലിയ ശിവക്ഷേത്രമുണ്ടു്. ഈ ക്ഷേത്രമിരിക്കുന്ന ദിക്കിനു പേർ "ഇരമത്തൂർ" എന്നാണു്. "ഇരമത്തൂർ കരയിൽ ഇരപ്പിനു പോയാലും ഒന്നും ലഭിക്കാത്ത ദിക്കാ"ണെന്നു് ഇന്നും പഴമൊഴിയുണ്ടു്. അതുകൊണ്ടു് ആ ദിക്കിൻെറ പേർ രാവിലെ പറഞ്ഞാൽ പട്ടിണിയായിപ്പോകുമെന്നു് അടുത്ത പ്രദേശക്കാർക്കു് ഇന്നും ഒരു വിശ്വാസമുണ്ടു്. സന്ദേശഹരൻ രാവിലെയാണല്ലോ ഈ

ദിക്കിൽ എത്തേണ്ടതു്. ഈ ദിക്കിനേയും ക്ഷേത്രത്തേയും ഉദ്ദേശിച്ചായിരിക്കണം 112-ാം ശ്ലോകം:—

"ചോമൻകണ്ടം ചിടയിച്ചണിയും തമ്പിരാനോടു വേറേ
കാമൻ തന്നോടിനിമതി വഴക്കെൻറിരന്നും വലിഞ്ഞും
ക്രമമ്പാച്ചമധുരവചസാ പോർ പൊരുത്തീട്ടു മേടം
നാമം ചൊൽവാനരുതവിടവും കണ്ടു കുമ്പിട്ടു പോക"

(ക്രമമ്പാച്ചൻ കുയിൽപക്ഷിയാണ്. ക്രമൻെറ (മൂങ്ങ) പിറകേ പാഞ്ഞുചെല്ലുന്നതുകൊണ്ടാണ് ക്രമൻപാച്ചനായതു്. കാമദേവനോടിനി വഴക്കു വേണ്ടെന്നു കുയിൽപക്ഷി മധുരവചനത്താൽ പ്രാൎത്ഥിച്ചു ദേവൻെറ ശണ്ഠ തീൎക്കുന്ന സ്ഥലം എന്നു സാരം.)

(തുടരും)

# വേലുത്തമ്പിയുടെ കുത്തു്.

(ഗാഥ)

ജി. ശങ്കരക്കുറുപ്പു്.

"നേരു! സുഹൃത്തമ, ഭാഗ്യതുരംഗമ-മാരുതവേഗപ്രയാണത്തിങ്കൽ
കാനനസീമനി വീണനിൻപ്രാണനാം ദീനസുഹൃത്തിനു ദിവ്യപദം.
"ഏതൊരു ജീവിതമേഘത്തിൻശ്രേയസ്സാം നൂതനവാൎവില്ലു നോക്കി നോക്കി
ആനന്ദനിഷ്പന്ദനേത്രനായ് നിൎമ്മല-മാനസനങ്ങുതെളിഞ്ഞിരുന്നോ
അയ്യോ ദുൎദ്ദൈവക്കാററിന്നധീനമായ് പ്പോയതവിടുന്നറിഞ്ഞിരിക്കാം.
ഇന്നലെ വഞ്ചിരാജ്യത്തിനമാത്യൻഞാ-നിന്നതിൻ ദ്രോഹി വനൈകബന്ധു!
കാലക്കടലലമാലക്കളിയിലൊ-രോലക്കഷണമാണെന്നും മൎത്ത്യൻ
തെല്ലതിന്നില്ല ബലമപ്പെരും തിര-ത്തല്ലലിൽപ്പൊങ്ങിയും മുങ്ങിയും പോം.
ഓളപ്പൊളികളിൽക്കൂടിയതിൽപ്പുലർ-കാലച്ചെമ്പൊന്നിൻെറ ചേണൊളിയും
നേററഭീമരജനിൻകാളാന്ധ-കാരവുമേററിട്ടും മാറി മാറി!
ആരെമ്പ് ഭയപ്പെട്ടുക്രൂരിതൾക്കാട്ടുകൾ ചോരന്മാർ താവളമാക്കിമൂന്നം
ധീരഗംഭീരനാമാദ്ദാളിതാവെറും ഭീരുപോൽ—കഷ്ടം! ചിരിപതുന്നു.
"പാരതന്ത്ര്യത്തിൻെറദംഷ്ട്രകളിൽനിന്നു പാരമലിവോടുമോചിപ്പിപ്പാൻ
വീരഫലം പ്രയത്നിക്കെ നിസ്സീമമാം യാതനചേൎത്തുപോയെന്നാകിലും
കുററം പൊറുക്കുകയില്ലയോ പുത്രരി-ലുററവാത്സല്യമെഴും ജനിത്രി
"ഇല്ല കുറിപ്പാനിനിയിട, വാളേന്തിയല്ലല്ലും ചോരപ്പുഴയൊഴുക്കും.
വേണ്ട;യിക്കുട്ടോരി വേലുവിൻ മാനവും വേണാട്ടും രക്ഷിപ്പാൻ ശക്തമല്ലോ.
വേണമെൻ മാതൃഭൂമിക്കു സുഖത്തിനെൻ പ്രാണമരുത്തിപ്പോളെന്നുവന്നു
അമ്മതൻ പൂവുടൽ ബാധിച്ചഭ്രുതത്തി-ന്നിമ്മാറിലെച്ചോര തുണ്ണതീൎക്കും.
വീരനാം നായൎക്കു യോജിച്ചവണ്ണം ഞാൻ സ്വൈരം മരണം വരണം ചെയ്യും."

# വില്ലിപുത്തൂരർ.

(ചെന്നിത്തല കെ. കൃഷ്ണപിള്ള)

വില്ലിഭാരതം എന്ന പേരിൽ പ്രസിദ്ധമായ തമിഴ്ഭാരതത്തിൻെറ പ്രണേതാവും ഒരു പണ്ഡിതമഹാകവിയും ഒരു നല്ല വൈയാകരണനുമായ വില്ലിപുത്തൂരരെപ്പററി കേട്ടറിവില്ലാത്തവരായി തമിഴ്ഭാഷാപ്രണയികളിൽ ആരുംതന്നെ ഉണ്ടായിരിക്കാനിടയില്ല. ഇദ്ദേഹ

ത്തെ വില്ലിപുത്തൂരാഴ്വാർ എന്നും തന്നാമത്തിന്റെ സങ്കുചിതരൂപമായി 'വില്ലി' എന്നും വിളിച്ചുവരാറുണ്ട്. ഈ മഹാകവിയുടെ ജന്മഭൂമി ദക്ഷിണപിനാകിനീനദി പ്രവഹിക്കുന്ന തിരുമുനൈപ്പാടിനാട്ടിലുള്ള ചനിയൂരാകുന്നു. ശ്രീ വില്ലിപുത്തൂരാണ് ഇദ്ദേഹത്തിന്റെ ജനനസ്ഥലമെന്നും ഒരു പ്രവാദമുണ്ട്. ഇദ്ദേഹത്തിന്റെ പിതാവ് വൈഷ്ണവബ്രാഹ്മണകുലജാതനായ വീരരാഘവാചാര്യരായിരുന്നു. വില്ലിപുത്തൂരർ ഒരു ബാലനായിരിക്കുമ്പോൾത്തന്നെ തന്റെ പ്രായത്തിൽ കവിഞ്ഞ ധിഷണാശക്തി പ്രദർശിപ്പിച്ചുവന്നു. ഇദ്ദേഹം ബാല്യവിദ്യാഭ്യാസം സ്വഗ്രാമത്തിൽ കഴിച്ച ശേഷം തന്റെ സഹോദരനോടുകൂടി മധുരയിൽ ചെന്ന് അവിടെയുണ്ടായിരുന്ന വിദ്വാന്മാരുടെ അടുക്കൽ ഉപരിവിദ്യാഭ്യാസം ചെയ്ത് അചിരേണ തമിഴ്ഭാഷയിലും സാഹിത്യത്തിലും അദ്വിതീയമായ വൈദുഷ്യം സമ്പാദിച്ചു. സങ്ഘനൂൽ, തൊൽക്കാപ്പിയം മുതലായ പുരാതനകൃതികളെല്ലാം ഇദ്ദേഹത്തിനു മുഖസ്ഥങ്ങളായിരുന്നു. മുത്തമിഴിൽ ഈ വിദ്വൽക്കവിയെ ജയിക്കാൻ അക്കാലത്ത് ആരുംതന്നെ ഉണ്ടായിരുന്നതായി തോന്നുന്നില്ല. ഇദ്ദേഹത്തിനുണ്ടായിരുന്ന കലാശാസ്ത്രനൈപുണ്യം അന്യാദൃശമായിരുന്നു. വെണ്പാ മുതലായ ഏതുതരം പാട്ടുകളും ഇദ്ദേഹത്തിനു നിഷ്പ്രയാസം പാടാൻ കഴിയുമായിരുന്നു. ഈ മഹാന്റെ പരിണതമായ പാണ്ഡിത്യവും പ്രതിഭാവിലാസവും കവിതാചാതുരിയും മററും കണ്ട് ചേരൻ, ചോളൻ, പാണ്ഡ്യൻ എന്നീ മൂന്നു തമിഴ്നാട്ടുരാജാക്കന്മാർ ഇദ്ദേഹത്തിനു ഛത്രം, ചാമരം, അശ്വം, ഗജം, ശിബിക മുതലായവ സമ്മാനമായി നൽകി ഇദ്ദേഹത്തെ അത്യധികം ആദരിച്ചുവന്നു. ഈ വസ്തുതകളെല്ലാം ഇദ്ദേഹത്തിന്റെ പുത്രനായ വരംതരുവാരുടെ ചില പാട്ടുകൾകൊണ്ടു വെളിവാകുന്നുണ്ട്. വില്ലിപുത്തൂരർ, ചോളനാട്, പാണ്ഡ്യനാട്, മലനാട്, കൊങ്കുനാട്, തൊണ്ടൈനാട്, മഹിഷനാട് മുതലായ തമിഴ്നാടുകളിലെല്ലാം പര്യടനം ചെയ്ത് ധവളവും സുരഭിലവുമായ തന്റെ യശസ്സിനെ വിശ്വവിശ്രുതവും സർവ്വസംപ്രതിപന്നവുമാക്കിത്തീർത്തുവെന്നുള്ള സംഗതികൂടി ഇവിടെ പ്രസ്താവയോഗ്യമാണ്.

വില്ലിപുത്തൂരർക്ക് ആ പേർ എങ്ങനെ സിദ്ധിച്ചുവെന്ന് ഇനി ആലോചിക്കാം. വൈഷ്ണവബ്രാഹ്മണർ വിഷ്ണുവിന്റെ പുണ്യനാമങ്ങളെ തങ്ങളുടെ കുട്ടികൾക്കു നൽകുന്നത് അവരുടെ ഇടയിലുള്ള ഒരു പുരാതനസമ്പ്രദായമാകുന്നു. ചില സ്ഥലങ്ങളിൽ അവർ ക്ഷേത്രമൂർത്തികളുടെ നാമത്തെ തങ്ങളുടെ പുത്രന്മാർക്കും പുത്രിമാർക്കും നൽകുന്ന ഒരു വിശേഷസമ്പ്രദായവുമുണ്ട്. അതതു സ്ഥലമൂർത്തികളുടെ അനുഗ്രഹത്താൽ സന്താനലബ്ധിയുണ്ടായതായി അവർ വിശ്വസിച്ചുവന്നതിൽനിന്നായിരിക്കണം ഈ വിശേഷസമ്പ്രദായത്തിന്റെ ഉല്പത്തി. ഒരു ദൃഷ്ടാന്തം പറയാം. കാരിയെന്ന രാജാവിന് തിരുക്കുറുംകുടിയിൽനിന്നും വരം സിദ്ധിച്ചതിനാൽ പുത്രനായി നമ്മാഴ്വാരെ ലഭിക്കുന്നതിനിടയായി. തിരുക്കുറുംകുടിയിലെ മൂർത്തിക്കു നമ്പി എന്നും നാമധേയമുണ്ട്. ഈ നമ്പി തന്റെ പുത്രനായി തിരുക്കുരുകൂരിൽ വന്നു ജനിച്ചതായി കരുതി കാരി തന്റെ ശിശുവിനു തിരുക്കുരുകൂർനമ്പി എന്നു നാമകരണം ചെയ്തു. ഇപ്രകാരമുണ്ടായിട്ടുള്ള പേരുകൾ അനേകമുണ്ട്. വൈഷ്ണവന്മാർ ആഴ്വാക്കന്മാരുടെ പേരുകളേയും തങ്ങളുടെ കുട്ടികൾക്കു നൽകിവന്നു. പന്ത്രണ്ട് ആഴ്വാക്കന്മാരിൽ ഒരാളായ പെരിയാഴ്വാർക്ക് ഭട്ടർപിരാൻ, വില്ലിപുത്തൂരാഴ്വാർ എന്നിങ്ങനെ പല പേരുകളുമുണ്ട്. പ്രകൃതകവി ഈ ആഴ്വാരുടെ വരപ്രസാദത്താലാണ് തന്റെ പുത്രനായി ജനിച്ചതെന്നുള്ള വിശ്വാസംമൂലമായിരിക്കാം വീരരാഘവാചാര്യർ ഇദ്ദേഹത്തിനു വില്ലിപുത്തൂരർ എന്നു നാമകരണം ചെയ്തത്. അഥവാ ഇദ്ദേഹത്തിന്റെ മാതാപിതാക്കന്മാർ വില്ലിപുത്തൂരർ എന്ന സ്ഥലത്തു തങ്ങളുടെ ബന്ധുക്കളോടൊന്നിച്ചോ മറേറാ ചിരകാലം വസിച്ചതിനാൽ തൽസ്ഥലസ്മാരകമായി ഇദ്ദേഹത്തിനു വില്ലിപുത്തൂരർ എന്ന നാമം ലഭിച്ചിരിക്കാം. ഈ മഹാകവിയെ വില്ലിപുത്തൂരാഴ്വാർ എന്നും വിളിച്ചുവരാറുണ്ടെന്നു മുൻപു പ്രസ്താവിച്ചുവല്ലോ. ഈ നാമം പെരിയാഴ്വാരുടെ സ്മാരകമായി ഇദ്ദേഹത്തിനു സിദ്ധിച്ചതായിരിക്കാം. ആഴ്വാർ എന്ന പദത്തിനു "ഭക്തിയിൽ മുഴുകിയവൻ" എന്ന് അർത്ഥമായതിനാലും നമ്മുടെ കവിക്കു വിഷ്ണുഭക്തി സീമാതീതമായുണ്ടായിരുന്നതിനാലും മേല്പറഞ്ഞ അർത്ഥം ഉദ്ദേശിച്ചായിരിക്കാം ഇദ്ദേഹത്തിന് ഈ പേർ പറഞ്ഞുവന്നതെന്നു വിചാരിക്കുന്നതിലും അസാങ്ഗത്യമുണ്ടെന്നു തോന്നുന്നില്ല. എന്തെന്നാൽ, ഈ പദം ആദികാലത്തിൽ തമിഴിൽ നാലായിരപ്രബന്ധം പാടിയ പന്ത്രണ്ട് ആഴ്വാക്കന്മാരെ ഉദ്ദേശിച്ചാണ് വ്യവഹരിക്കപ്പെട്ടുവന്നതെങ്കിലും അന

ന്തരകാലത്തിൽ മററു വിഷ്ണുഭക്തന്മാരെ ഉദ്ദേശിച്ചുകൂടി ഔപചാരികമായി പ്രയോഗിക്കപ്പെട്ടുവന്നു. ഭരതാഴ്വാർ, ശത്രുഘ്നാഴ്വാർ, പ്രഹ്ളാദാഴ്വാർ, ഗജേന്ദ്രാഴ്വാർ സുദർശനാഴ്വാർ ഇത്യാദി പുണ്യനാമങ്ങൾ മേല്പറഞ്ഞതിനു ദൃഷ്ടാന്തങ്ങളാണു്.

വില്ലിപുത്തൂരർ വൈഷ്ണവമതാവലംബിയായിരുന്നുവെന്നു മുൻപു സൂചിപ്പിച്ചുവല്ലൊ. ഇദ്ദേഹത്തിനു മഹാവിഷ്ണുവിഷയകമായുണ്ടായിരുന്ന രതിഭാവം അന്യാദൃശമായിരുന്നു. ഇദ്ദേഹത്തിന്റെ ഭക്തിക്കു വിഷയമായിരുന്നതു് മഹാവിഷ്ണുതന്നെയായിരുന്നുവെന്നുള്ളതു് ഈ മഹാകവി രചിച്ചിട്ടുള്ള ഭാരതം ഭീഷ്മപർവ്വത്തിൽ മുതൽപോർ (പ്രഥമദിവസയുദ്ധം) സർഗ്ഗത്തിലെ,

"മേവരു ഞാനാനന്തമെല്ലാമായ് വിതിത്തോനാതി
മൂവരുമാകി, അന്തമൂവർക്കു മുതൽവനാകി
യാവരും യാവുമാകി ഇറൈഞ്ചുവാരിറൈഞ്ചുപ്പർപാൽ
തേവരുമാകി നിന്റ ചെങ്കൺമാലെങ്കൾ കോവേ"

എന്ന വിഷ്ണുസ്തുതിരൂപമായ പാട്ടുകൊണ്ടു വെളിവാകുന്നുണ്ടു്. "സച്ചിദാനന്ദസ്വരൂപനായും മൂർത്തിത്രയാത്മകനായും ത്രിമൂർത്തികൾക്കു നാഥനായും സകല ചരാചരാന്തഃസ്ഥിതനായും ഉപാസകന്മാരുടെ സൌകൎയ്യത്തിനുവേണ്ടി സ്വീകൃതബഹുദേവരൂപനായും പ്രശോഭിക്കുന്ന അരുണാക്ഷനായ മഹാവിഷ്ണുതന്നെയാണു് ഞങ്ങളുടെ ദൈവം" എന്നത്രേ മേല്യദ്ധരിച്ചിരിക്കുന്ന പാട്ടിന്റെ സാരം. ഈ കവികോകിലത്തിന്റെ പുത്രനായ വരന്തരുവാരുടെ ഒരു പാട്ടും ഇദ്ദേഹം വിഷ്ണുഭക്തനായിരുന്നുവെന്നു തെളിയിക്കുന്നുണ്ടു്. "ഏതുതരം പാട്ടുകളും പാടുന്നതിൽ സമർത്ഥനും കൌസ്തുഭം, രത്നകിരീടം, തുളസീമാല മുതലായവ അണിഞ്ഞിരിക്കുന്ന പരമനായ വിഷ്ണുഭഗവാനെ പലതരം പാട്ടുകളാൽ അനവരതം സ്തുതിച്ചു ഭഗവൽഭക്തന്മാരുടെ പ്രീതിക്കും ആദരത്തിനും സവിശേഷം പാത്രീഭവിച്ചവനുമാണു് എന്റെ വന്ദ്യപിതാവു്" എന്നു വരന്തരുവാർ ആ പാട്ടിൽ പറഞ്ഞിരിക്കുന്നു. തിരുവണ്ണാമലയിൽവെച്ചു് അവിടത്തെ ശിവക്ഷേത്രം ദൃഷ്ടിക്കു വിഷയീഭവിക്കാതിരിക്കാൻ തന്റെ പല്ലക്കിൽ മറയിട്ടതുതന്നെ വില്ലിപുത്തൂരർ വൈഷ്ണവമതപക്ഷപാതിയായിരുന്നുവെന്നു് ഇതിനു് ഉപോൽബലകമായിരിക്കുന്നുണ്ടു്. ഏതായാലും താൻ തമിഴ്ഭാരതം പാടാനുണ്ടായ കാരണത്തെപ്പററി അദ്ദേഹം പറഞ്ഞിരിക്കുന്നതു് നോക്കുക:—

"മന്നുമാതവൻ ചരിതമുമിടൈയിടൈ വഴങ്കം
എന്നുമാ ചെയ്യാൽ യാനുമിതിയമ്പുതർക്കിചൈന്തേൻ"

ഭാരതത്തിൽ നിത്യനായ മാധവന്റെ കഥകൂടി അന്തർഭവിച്ചിരിക്കുന്നതിനാൽ ഭാരതം പാടുന്നതോടുകൂടി ഭഗവച്ചരിത്രവും പ്രസ്താവിക്കാൻ ഭാഗ്യം ലഭിക്കുമല്ലൊ എന്നു കരുതിയാണു ഞാൻ ഈ കൃതി രചിക്കാൻ ഒരുമ്പെട്ടതു് എന്നത്രേ മേല്യദ്ധരിച്ച പാട്ടിന്റെ സാരം. ചിലർ ഈ പാട്ടിലെ "മന്നുമാധവൻ" എന്ന പദത്തെ മൻ+ഉമാധവൻ എന്നു രണ്ടായി വിഗ്രഹിച്ചു നമ്മുടെ മഹാകവി ഉമാധവ (ശിവ) ഭക്തനായിരുന്നുവെന്നു കാണിക്കാൻ ഈ പാട്ടിനെ ഉദാഹരിക്കുന്നു. പക്ഷെ, ഇദ്ദേഹം വിഷ്ണുഭക്തനായിരുന്നു എന്നു സ്ഥാപിക്കുന്നതിനാണു് അധികം ഉപപത്തിയും യുക്തിയുമുള്ളതു്. എങ്കിലും തിരുവണ്ണാമലയിൽവച്ചു ശിവദർശനം ചെയ്യാതിരുന്നതുകൊണ്ടു പൊട്ടിപ്പോയ കണ്ണു്, അരുണഗിരിനാഥരുടെ ഉപദേശപ്രകാരം പരമശിവനെ സ്തുതിച്ചു പാടിയതോടുകൂടി കാഴ്ചയുള്ളതായിത്തീർന്നതിനാൽ ഒടുവിൽ ഇദ്ദേഹത്തിനു ശിവനിലും വിശ്വാസം ജനിച്ചിരിക്കാൻ ഇടയുണ്ടെന്നു വിചാരിക്കുന്നതിൽ വിരോധമുണ്ടെന്നു തോന്നുന്നില്ല.

ഇനിയും, വില്ലിപുത്തൂരർ ഏതു കാലത്താണു ജീവിച്ചിരുന്നതെന്നു് ആലോചിക്കാം. ഈ മഹാകവിയുടെ കാലത്തെ സംബന്ധിച്ചു പണ്ഡിതന്മാരുടെ ഇടയിൽ ഭിന്നാഭിപ്രായമാണുള്ളതു്. ഇദ്ദേഹം ജീവിച്ചിരുന്നതു വേദാന്തദേശികനായ വെങ്കടനാഥാചാൎയ്യരുടെ കാലത്തിനും വൈഷ്ണവാചാൎയ്യനായ രാമാനുജസ്വാമികളുടെ കാലത്തിനും ഇടയ്ക്കു് ക്രി. പി. പതിമ്മൂന്നാംശതകത്തിന്റെ പൂർവാർദ്ധത്തിലായിരിക്കണമെന്നു ദിവാൻബഹദൂർ വി. കൃഷ്ണമാചാൎയ്യർ അവർകളും, എ. ഡി. 1450-നു ശേഷമായിരിക്കണമെന്നു കാലനിൎണ്ണയവിചക്ഷ

ന്മാരായ വേറെ ചില തമിഴപണ്ഡിതന്മാരും ഉപപാദിച്ചിരിക്കുന്നു. അതിനാൽ ഈ പണ്ഡിതകവിയുടെ ജീവിതകാലത്തെ സംബന്ധിച്ചുള്ള അഭിപ്രായം ഇതഃപര്യന്തം സിദ്ധാന്തമായി ഒരൈകമത്യം പ്രാപിച്ചിട്ടില്ലെന്നു വിചാരിക്കേണ്ടിയിരിക്കുന്നു.

ഇനി, വില്ലിപുത്തൂരർ രചിച്ചിട്ടുള്ള കൃതികളെപ്പററി ചിന്തിക്കാം. ഇദ്ദേഹത്തിന്റെ പ്രധാന കൃതി തമിഴഭാരതമാകുന്നു. ഇദ്ദേഹം ഈ കൃതി രചിച്ചതിനെ സംബന്ധിച്ച് ഒരു കഥയുണ്ട്. അതു് താഴെ പറയുന്ന വിധത്തിലാണ്. ഈ മഹാകവിയുടെ കാലത്തു ചേരരാജ്യത്തെ ഭരിച്ചിരുന്നതു് വരപതി ആൾക്കൊണ്ടാനായിരുന്നു. ഇദ്ദേഹത്തെ വില്ലിപുത്തൂരർ തന്റെ ഭാരതത്തിൽ ഇടയ്ക്കിടെ സ്തുതിച്ചിട്ടുണ്ട്. ഈ രാജാവു് വക്കപാകയെയാണ് തലസ്ഥാന നഗരിയാക്കിവെച്ചുകൊണ്ടിരുന്നതു്; ഇദ്ദേഹത്തിന്റെ ജനനസ്ഥലം വില്ലിപുത്തൂരരുടെ ജന്മഭൂമിയായ ചനിയൂർ തന്നെയായിരുന്നു. ചെന്തമിഴിന്റെ ഉന്നമനത്തിൽ ബദ്ധശ്രദ്ധനായ ഈ രാജാവു് തമിഴപണ്ഡിതന്മാരെ ആദരിക്കയും പ്രോത്സാഹിപ്പിക്കയും മററും ചെയ്തു് തമിഴഭാഷയെ അത്യധികം പുഷ്ടിപ്പെടുത്തി, ഒരു നല്ല ഭാഷാഭിമാനിയും സഹൃദയനുമാണെന്നുള്ള ഖ്യാതിയെ തമിഴനാട്ടിലെല്ലാം വ്യാപിപ്പിച്ച ഒരു മഹാനായിരുന്നു. ഇദ്ദേഹം പഞ്ചമവേദമായ മഹാഭാരതത്തെ തമിഴിൽ ഭംഗിയായി വിവൎത്തനം ചെയ്യിക്കുന്ന പക്ഷം അതു തമിഴഭാഷയ്ക്കു് ഒരു പോഷണവും ഭൂഷണവുമായിരിക്കുമെന്നു കരുതി ഈ കൃത്യത്തിനു സവിശേഷം പര്യാപ്തനായ ആൾ ആരാണെന്നു തന്റെ സദസ്യന്മാരായ വിദ്വാന്മാരോടു ചോദിച്ചു. അപ്പോൾ അവർ, "അല്ലയോ രാജശിഖാമണേ! പണ്ഡിതമഹാകവിയും ഭഗവൽഭക്തോത്തംസവുമായ ചനിയൂർ വില്ലിപുത്തൂരർ തന്നെയാണ്, ഈ കൃത്യത്തിനു സൎവഥാ യോഗ്യൻ" എന്നു് ഐകകണ്ഠ്യേന അഭിപ്രായപ്പെട്ടതിനാൽ അദ്ദേഹത്തെക്കൊണ്ടു തന്നെ ഭാരതം തമിഴിൽ പരിഭാഷപ്പെടുത്തിക്കണമെന്നു് ആൾക്കൊണ്ടാൻ തീൎച്ചപ്പെടുത്തി. അങ്ങനെയിരിക്കെ, വില്ലിപുത്തൂരർ തന്റെ സഹോദരനോടുകൂടി മധുരയിൽ പാണ്ഡ്യരാജാവിന്റെ അടുക്കൽ ചെന്നു് അവിടെയുണ്ടായിരുന്ന പണ്ഡിതന്മാരോടൊന്നിച്ചു കുറേക്കാലം താമസിച്ചു. ഈ തരം നോക്കി ആൾക്കൊണ്ടാൻ തന്റെ ഉദ്ദേശം സാധിക്കുന്നതിനു സുകരമായ ഒരു മാൎഗ്ഗം കണ്ടുപിടിച്ചു. അദ്ദേഹം വില്ലിപുത്തൂരരുടെ കുലത്തിലുണ്ടായിരുന്ന ഒരു വൃദ്ധയെ ആളയച്ചു വരുത്തിയിട്ടു് അവളോടു, "നീ വില്ലിപുത്തൂരരുടെ ഭവനത്തിൽ ചെന്നു് അദ്ദേഹത്തിന്റെ ഭാൎയ്യയേയും അദ്ദേഹത്തിന്റെ സഹോദരന്റെ ഭാൎയ്യയേയും എങ്ങനെയെങ്കിലും പരസ്പരം കലഹിപ്പിച്ചു് അവരുടെ ഭൎത്താക്കന്മാർ മധുരയിൽനിന്നും ഉടൻ മടങ്ങിവന്നു് കുടുംബഛിദ്രം നിമിത്തം ഒരു ഭാഗവഴക്കു് എന്റെ അടുക്കൽ കൊണ്ടുവരത്തക്കവണ്ണം വേണ്ടതു പ്രവൎത്തിച്ചിട്ടു തിരിച്ചു വരിക" എന്നു പറഞ്ഞു വേണ്ട സമ്മാനങ്ങളും നൽകി യാത്രയാക്കി. അതനുസരിച്ചു് ആ കിഴവി ചനിയൂരിൽ വില്ലിപുത്തൂരരുടെ ഗൃഹത്തിൽ ചെന്നു തന്റെ കൌശലപ്രയോഗത്താൽ അദ്ദേഹത്തിന്റെ ഭാൎയ്യയ്ക്കും അദ്ദേഹത്തിന്റെ സഹോദരന്റെ ഭാൎയ്യയ്ക്കും തമ്മിൽ അത്യന്തവൈരമുളവാക്കിത്തീൎത്തതിനാൽ ആ രണ്ടു യോതാക്കളും ഭാഗം പിരിഞ്ഞു് അവരവരുടെ ഭൎത്താക്കന്മാരോടുകൂടി പ്രത്യേകം താമസിക്കുന്നതല്ലാതെ മേലാൽ ഒരിക്കലും ഒന്നിച്ചു താമസിക്കുന്നതല്ലെന്നു ശപഥം ചെയ്തു. കുറച്ചുദിവസം കഴിഞ്ഞപ്പോൾ വില്ലിപുത്തൂരരും സഹോദരനും മധുരയിൽനിന്നും മടങ്ങിവന്നു. അവർ, തങ്ങളുടെ ഭാൎയ്യമാർ പൂച്ചയും എലിയുംപോലെ പരസ്പരം ബദ്ധവൈരത്തിൽ വൎത്തിക്കുന്നതു കണ്ടു് ഭാഗം കഴിച്ചല്ലാതെ വീട്ടിൽ സമാധാനവും ഐശ്വൎയ്യവുമുണ്ടാകയില്ലെന്നു നിശ്ചയിച്ചു് ആൾക്കൊണ്ടാന്റെ അടുക്കൽ ഭാഗവഴക്കു കൊണ്ടുചെന്നു. അപ്പോൾ ആൾക്കൊണ്ടാൻ വില്ലിപുത്തൂരരേയും സഹോദരനേയും നോക്കി, "അല്ലയോ മഹാകവികളേ! നിങ്ങൾ മഹാഭാരതത്തെ തമിഴിൽ ഭാഷാന്തരം ചെയ്യുന്നപക്ഷം ഞാൻ ഈ ഭാഗവഴക്കു തീൎത്തുതരാം" എന്നു പറഞ്ഞു. അതനുസരിച്ചു ഭാരതം ഭാഷാന്തരീകൃതമായശേഷം ഒരു ദിവസം രാജാവു് ഈ രണ്ടു സഹോദരന്മാരേയും വരുത്തി, "അല്ലയോ പണ്ഡിതമഹാകവികളേ! ഭവാന്മാരെക്കൊണ്ടു ഭാരതം തമിഴിൽ വിവൎത്തനം ചെയ്യിക്കണമെന്നുള്ള ഏക വിചാരത്താൽ ഞാൻ നിങ്ങളുടെ കുടുംബത്തിൽ ഒരു ഭാഗവഴക്കുണ്ടാക്കിത്തീൎത്തതാണ്. അതിലേക്കു ഞാൻ നിങ്ങളോടു ക്ഷമാപണം ചെയ്തുകൊള്ളുന്നു" എന്നു പറഞ്ഞു.

(തുടരും)

# സാഹിത്യരത്നമാല. (തുടർച്ച)

(ചുനക്കര കെ. രാമവാരിയർ)

## ഋഗ്വേദകാലം.

ഋഗ്വേദകാലത്തെ ആര്യന്മാരുടെ പ്രധാനതൊഴിലുകളിൽ ഒന്നു യുദ്ധമായിരുന്നു. അവർ താഴെനിന്നോ രഥത്തിൽ ഇരുന്നോ സമരം ചെയ്യുവന്നു. രഥത്തിൽ രഥിയെന്നും സാരഥിയെന്നും രണ്ടുപേരുണ്ടായിരുന്നു. ആയോധനം ചെയ്യുന്നതു രഥിയുടേയും തേരു തെളിക്കുന്നതു സാരഥിയുടേയും കൃത്യമാണ്. ഋഗ്വേദകാലത്തെ ഈ സമ്പ്രദായം രാമായണകാലത്തും മഹാഭാരതകാലത്തും ഉണ്ടായിരുന്നു. രാവണൻ രഥത്തിൽ കയറിവന്നു രാമനോടെതിർക്കയും കൃഷ്ണൻ പാർത്ഥന്റെ സാരഥ്യം വഹിക്കയും ചെയ്തിട്ടുണ്ടല്ലോ. അശ്വഭടന്മാർ യുദ്ധം ചെയ്തതായി ഋഗ്വേദത്തിൽ കാണുന്നില്ല. അതുകൊണ്ടു് അശ്വസൈന്യമുണ്ടായതു് ഋഗ്വേദകാലം കഴിഞ്ഞതിനുശേഷമായിരിക്കാം. അലക്സാൻഡർ ഇൻഡ്യയെ ആക്രമിച്ച കാലത്തു് (ബി. സി. 327) ഭാരതീയസൈന്യത്തിൽ ആന, കുതിര, തേരു്, കാലാൾ എന്ന ചതുരംഗസൈന്യം ഉണ്ടായിരുന്നു. ഋഗ്വേദത്തിൽ കുതിരസ്സവാരിയെ സൂചിപ്പിച്ചിട്ടുണ്ടു്. യജുർവേദത്തിലും അഥർവ്വവേദത്തിലും കുതിരസ്സവാരിയെക്കുറിച്ചു പല സ്ഥലങ്ങളിലും വ്യക്തമായി നിർദ്ദേശിക്കുന്നു. ഋഗ്വേദകാലത്തു ഭടന്മാർ ലോഹകവചവും, ലോഹശിരസ്ത്രാണവും ധരിച്ചിരുന്നു. അന്നത്തെ പ്രധാനായുധങ്ങൾ ചാപബാണങ്ങൾ തന്നെ. ബാണാഗ്രം വിഷലിപ്തമായ ശൃംഗമോ ലോഹമോ ആയിരിക്കും. കഠാരികളും പരശുക്കളും മററും പലപ്പോഴും ആയുധങ്ങളുടെ കൂട്ടത്തിൽ ഉപയോഗിച്ചുവന്നു.

(2) ഗോപുംഗവരക്ഷ (കന്നുകാലികളെ തീററി വളർത്തുന്നതു്) മുഖ്യമായ ഒരു തൊഴിലുതന്നെ. കന്നുകാലികൾ ധാരാളമുണ്ടാകണമെന്നാണ് ഓരോരുത്തന്റേയും അഗ്രഹം. അവയുടെ സംരക്ഷണത്തിനും, ആരോഗ്യത്തിനും, അഭിവൃദ്ധിക്കും ആയിട്ടുള്ള പ്രാർത്ഥനാമന്ത്രങ്ങൾ ഋഗ്വേദത്തിൽ കാണുന്നു. (3) ഋഗ്വേദകാലത്തു ഗോരക്ഷ മാത്രമല്ല കൃഷിയും ഉണ്ടായിരുന്നു. ആര്യന്മാർ അഫ്ഗാനിസ്ഥാനിൽ നിന്നു വന്നപ്പോൾ തന്നെ അവർക്കു കൃഷിയെക്കുറിച്ചു് ഒരു സ്ഥൂലജ്ഞാനമുണ്ടായിരുന്നു. എന്നാൽ ഋഗ്വേദകാലമായപ്പോഴേക്കു് കൃഷിയും ഒരു തൊഴിലായിത്തീർന്നു. പക്ഷേ ഇതിനു ദ്വിതീയസ്ഥാനമേ കല്പിച്ചിരുന്നുള്ളു. അഥർവ്വവേദകാലത്തു കലപ്പയിൽ ഒരു ഭാഗം ലോഹം ചേർത്തു് രണ്ടു കാളയെക്കെട്ടി ഉഴുന്ന സമ്പ്രദായം നടപ്പായിരുന്നു. ഉഴുത ചാലിൽ അന്നു വിത്തു വിതച്ചുവന്നു. കുല്യകൾ (കൈത്തോടുകൾ) ഉണ്ടാക്കി വെള്ളം കെട്ടിനിറുത്തിയിരുന്നതായി നിർദ്ദേശിച്ചിട്ടുണ്ടു്. ധാന്യം (യവം) വിളഞ്ഞു പഴുക്കുമ്പോൾ ലോഹനിർമ്മിതമായ ഒരുതരം കത്തികൊണ്ടു കൊയ്തു കററയാക്കി കെട്ടുന്നു. പിന്നീടതു് ഉതിർത്തെടുത്തു് ഉണക്കി സൂക്ഷിക്കുന്നു.

(4) ഋഗ്വേദാര്യന്മാർ ഗോരക്ഷകന്മാരും കർഷകന്മാരും ആയിരുന്നു. എങ്കിലും അവർ മൃഗയ (വേട്ട) യും സാമാന്യം പരിചയിച്ചിരുന്നു. വേട്ടക്കാർ മൃഗങ്ങളിൽ അമ്പയക്കുന്നു. വലയും കുരുക്കും വച്ചു മൃഗങ്ങളെ പിടിക്കാറുമുണ്ടായിരുന്നു. പക്ഷികളെ പിടിക്കുന്നതിനും ഈ സാധനങ്ങൾ ഉപയോഗപ്പെടുത്തിവന്നു. കൃഷ്ണസാരങ്ങളെ കുഴിയിൽ അകപ്പെടുത്തിയും, വരാഹങ്ങളെ ശ്വാക്കളെക്കൊണ്ടു വേട്ടയാടിയും, സിംഹത്തെ ബലമുള്ള വലകൾവെച്ചും പിടിച്ചുവന്നു.

(5) ജലസഞ്ചാരം ഋഗ്വേദകാലത്തു നദീതരണം മാത്രമായിരുന്നുവെന്നു മുമ്പു പറഞ്ഞിട്ടുണ്ടു്. തരണിക്കു് "നൗ" എന്നായിരുന്നു അന്നത്തെ പേരു്. അതു് ആദ്യം മരം കുഴിച്ചു് ഉണ്ടാക്കിവന്നു.

### (22) വ്യാപാരവും വ്യവസായവും

ഋഗ്വേദകാലത്തു സാധനങ്ങൾക്കു വില കല്പിച്ചുവന്നതു പശുവിനെക്കൊണ്ടാണ്. ഒരു പശുവിനു് ഇത്ര യവം, ഇത്ര സ്വർണ്ണം എന്നും മററും മൂല്യം കല്പിച്ചുവന്നു. ചില

മ്പോൾ ഏതാനും ആഭരണങ്ങളും നാണയമായി ഉപയോഗിക്കുന്നുണ്ടായിരുന്നു. ദക്ഷിണ, ശമ്പളം മുതലായവയ്ക്കും ഭൂഷണങ്ങൾ കൊടുത്തുവന്നു. ഋഗ്വേദത്തിൽ "നിഷ്ക" ശബ്ദത്തിനു ഒരു കണ്ഠാഭരണം എന്നാണർത്ഥം. കാലാന്തരത്തിൽ നിഷ്കം ഒരു നാണയമായിത്തീർന്നു. അതിപ്രാചീനവൈദികകാലത്തു് ഓരോ മനുഷ്യന്റേയും ആവശ്യങ്ങൾ വളരെ കുറവായിരുന്നിരിക്കാമെങ്കിലും ഋഗ്വേദകാലത്തു പലവിധ വ്യാപാരങ്ങളും വ്യവസായങ്ങളും ഉണ്ടായിരുന്നതായി ലക്ഷ്യങ്ങൾ ഉണ്ട്. മരവേലക്കാരെക്കുറിച്ചു വളരെ സ്ഥലങ്ങളിൽ നിർദ്ദേശിച്ചിരിക്കുന്നു. അക്കാലത്തു രഥനിർമ്മാണത്തിനു പ്രത്യേകം സാമർത്ഥ്യമുണ്ടായിരുന്നു. അന്നു മരവേല ഒരു കലാവിദ്യയായി ഗണിച്ചുവന്നു. ഈ വിദഗ്ദ്ധശില്പികൾക്കു നല്ല പ്രതിഫലവും ലഭിച്ചിരുന്നു. പക്ഷികളുടെ ചിറകു് ഉലയായി ഉപയോഗിച്ചു ലോഹം പഴുപ്പിച്ചു് അടിച്ചുനീട്ടി വന്നിരുന്നതായി ഋഗ്വേദത്തിൽ പറഞ്ഞുകാണുന്നു. 'സ്ഥാലി' മുതലായി ലോഹനിർമ്മിതങ്ങളായ അനേകവിധം പാത്രങ്ങൾ ഋഗ്വേദകാലത്തുണ്ടായിരുന്നതായി പല ലക്ഷ്യങ്ങളും ഉണ്ടു്.

മൃഗചർമ്മങ്ങൾ മയക്കി ഭംഗിയായി ഉപയോഗപ്പെടുത്തിവന്നു. ഋഗ്വേദകാലത്തു സ്ത്രീകൾക്കു തയ്യലും പായ്നെയ്ത്തും ശീലമുണ്ടായിരുന്നതായി ചില മന്ത്രങ്ങളിൽ നിന്നു ഗ്രഹിക്കാം. കടം അഥവാ ആസ്തരണം (പായ്) തൃണംകൊണ്ടോ വേതസ്സ് (ഒരുമാതിരി നായിങ്ങണ) കൊണ്ടോ നിർമ്മിച്ചിരുന്നു. പല ഉപമകളിൽനിന്നും രൂപകങ്ങളിൽനിന്നും അന്നു വസ്ത്രം നെയ്ത്തും ഉണ്ടായിരുന്നതായി ഊഹിക്കാം. എന്നാൽ വസ്ത്രമുണ്ടാക്കിവന്ന രീതി എങ്ങനെയെന്നു് അറിവാൻ നിവൃത്തിയില്ല താനും. "ഒരിക്കലും അവസാനിക്കാത്തതും പൊട്ടിപ്പോകാത്തതുമായ നൂലുകൊണ്ടു രാത്രിയും അഹസ്സും ആകുന്ന രണ്ടു സഹോദരിമാർ വത്സരമാകുന്ന വസ്ത്രം നെയ്യുന്നു" എന്നു ഭാവാർത്ഥമുള്ള ഒരു മന്ത്രം അഥർവ്വവേദത്തിലുണ്ട്. രജ്ജുകാരൻ, ആനക്കാരൻ, നടൻ, ആഭരണക്കാരൻ ഇത്യാദി പലേ ജോലിക്കാരേയും നിർദ്ദേശിച്ചിട്ടുള്ളതുകൊണ്ടു ശുക്ലയജുർവേദമായപ്പോഴേക്കു വ്യാപാരവും വ്യവസായവും വളരെ വർദ്ധിച്ചിട്ടുണ്ടായിരുന്നു എന്നു് അനുമാനിക്കാം.

## (23) വിനോദങ്ങൾ.

(എ) യുദ്ധവിദഗ്ദ്ധന്മാരായിരുന്ന ഋഗ്വേദകാലത്തെ ആര്യന്മാർക്കു തേരോടിക്കുന്നതു് ഒരു നല്ല വിനോദം തന്നെ എന്നു മന്ത്രങ്ങളിൽനിന്നു് ഊഹിക്കാം. തേരു വേഗം വെടിപ്പായി നടത്തുന്നതു മഹാഭാരതകാലത്തു് ഒരു സാമർത്ഥ്യമായി ഗണിച്ചിരുന്നു, എന്നാൽ കാലാന്തരത്തിൽ ഹിന്ദുസ്ഥാനത്തു ക്രമേണ ഈ സമ്പ്രദായം കുറഞ്ഞു കുറഞ്ഞു വന്നു. ഇതിനു കാരണം മിക്കവാറും ദേശകാലാവസ്ഥ തന്നെ ആയിരിക്കാം. ഹിന്ദുസ്ഥാനത്തു് അശ്വങ്ങൾ വളരെ കുറവായിരുന്നു. സിന്ധുദേശങ്ങളിനിന്നു് അതുകളെ കൊണ്ടുവരികയായിരുന്നു അക്കാലത്തെ പതിവു്. സിന്ധുദേശത്തിൽ ഉണ്ടായതെന്ന അർത്ഥത്തിൽ അശ്വത്തിനു 'സൈന്ധവം' എന്നു പേരുണ്ടു്. സൈന്ധവം മററു കുതിരകളെക്കാൾ ശ്രേഷ്ഠമാണത്രെ.

(ബി) ദ്യൂതം. ജനങ്ങൾ പരസ്പരം കണ്ടുമുട്ടിയാൽ ഋഗ്വേദകാലത്തു ചൂതുകളിക്കുന്നതു് ഒരു പതിവായിരുന്നു. എന്നാൽ ദ്യൂതംകൊണ്ടുള്ള ദോഷങ്ങളേയും നിർദ്ദേശിക്കാതെയിരുന്നിട്ടില്ല. ഋഗ്വേദകാലത്തിലെ ചൂതാട്ടക്കാരന്റെ വിലാപത്തെക്കുറിച്ചു മുമ്പു പറഞ്ഞിട്ടുണ്ടു്. ചൂതു കളിച്ചുവന്നതു് എങ്ങനെയെന്നു് ഋഗ്വേദത്തിൽനിന്നു ഗ്രഹിക്കാൻ നിവൃത്തിയില്ല. എന്നാൽ കളിക്കു നാലു ചൂതു് ഉപയോഗിച്ചുവന്നിരുന്നതായി ഒരു ഋക്കിൽ കാണുന്നു. അഞ്ചു ചൂതു വേണമെന്നു യജുർവ്വേദത്തിൽ പറയുന്നു. ഓരോ ചൂതിനും പ്രത്യേകം പേരു് യജുർവേദത്തിൽ കല്പിച്ചിട്ടുണ്ടു്. ചൂതുകളിയിൽ ചതിപ്രയോഗം ധാരാളമുണ്ടായിരുന്നു എന്നും, എന്നാൽ അതൊരു കുററമായി ഗണിച്ചുവന്നിരുന്നു എന്നും നമുക്കു് ഋഗ്വേദത്തിൽനിന്നു ഗ്രഹിക്കാം. "ചൂതുകളി ഒരു പാപകർമ്മമാണു; അതു് വരുണനിദേശത്തിനു വിപരീതവുമത്രെ" എന്നു് ഋഗ്വേദത്തിൽ ഒരു ഋഷി ഉപദേശിക്കുന്നു. ചൂതാട്ടക്കാരനു 'കിതവൻ' എന്നാണു് ഋഗ്വേദത്തിലെ സംജ്ഞ. ഇതിനു ചതിയൻ എന്നു ലൗകികസംസ്കൃതത്തിൽ അർത്ഥമുണ്ടായി. ചൂതുകളിക്കാരനു 'ധൂർത്തൻ' എന്ന പേരും ഋഗ്വേദത്തിൽ കാണുന്നു. ധൂർത്തൻ തസ്കരശബ്ദത്തിന്റെ ഒരു പര്യായവുമത്രെ.

(സി) നൃത്തം. ഋഗ്വേദകാലത്തെ വേറൊരു വിനോദം നൃത്തമായിരുന്നു. ഇതിൽ സ്ത്രീകളും പുരുഷന്മാരും ഉൾപ്പെട്ടിരുന്നു. നൃത്തംചെയ്യുന്നവരെ ഒരു ജാതിയായിട്ടു പറയുമ്പോൾ "നൎത്തക്യഃ" (നൎത്തകികൾ) എന്നാണു സംജ്ഞ കാണുന്നതു്. അതുകൊണ്ടു് നൃത്തം ചെയ്തുവന്നവർ അധികവും സ്ത്രീകളായിരുന്നു എന്നു് അനുമാനിക്കാം. ഉഷസ്സ് എന്ന ദേവത ഭംഗിയായി വേഷം ധരിച്ചു നൃത്തംചെയ്തതായി ഋഗ്വേദത്തിൽ വൎണ്ണിച്ചിരിക്കുന്നു. "പൂരുകളിക്കു സഭാസ്ഥാനം ഉണ്ടായിരുന്നു. നൃത്തം വെളിയിൽവച്ചു ചെയ്തുവരുന്നു. അപ്പോൾ പൂളികൾ ധാരാളം ഉയൎന്നുവരും" എന്നു് ഋഗ്വേദം ദശമമണ്ഡലം എഴുപത്താറാം സൂക്തം ആറാം ഋക്കിൽ (X. 76. 6.) പറഞ്ഞിരിക്കുന്നു.

(ഡി) സംഗീതം. ആൎയ്യന്മാൎക്കു പലവിധത്തിലുള്ള സംഗീതം വളരെ പ്രാചീനകാലം മുതൽക്കേ അറിയാമായിരുന്നു എന്നു് ഋഗ്വേദത്തിൽ പല ലക്ഷ്യങ്ങളുമുണ്ടു്. സംഗീതസാധനങ്ങളിൽ പ്രധാനമായിട്ടുള്ളതു് ദുന്ദുഭി, വാന, വീണ എന്നു മൂന്നെണ്ണമാണു്. വീണ ഇപ്പോഴും ഉപയോഗിച്ചുവരുന്ന ഒന്നാണല്ലോ. വാന ഒരുമാതിരി മുരളിയാണു്. ഇതു വംശം (മുള) കൊണ്ടോ മറ്റോ ഉണ്ടാക്കിയതായിരിക്കാം. ദുന്ദുഭി ഒരുമാതിരി ഭേരി (പെരുമ്പറ) തന്നെ. വാനാശബ്ദം യമലോകത്തു ചെന്നുചേൎന്നതായി ഒരു ഋഷി വൎണ്ണിക്കുന്നതിൽനിന്നു ആൎയ്യന്മാൎക്കു വേണുവാദനം വളരെ ഇഷ്ടമുള്ള ഒരു വിനോദമായിരുന്നുവെന്നു അനുമാനിക്കാം. ശ്രൗതഗൃഹ്യകൎമ്മങ്ങളിൽ ചിലതിനു വാന ഉപയോഗിച്ചുവരുന്നതായി ഒരു സൂത്രത്തിൽ കാണുന്നു. അശ്വമേധത്തിനു വീണവായനയും ഉണ്ടായിരുന്നു. യജുർവേദകാലത്തു സംഗീതത്തിൽ വിവിധവിദഗ്ദ്ധന്മാർ ഉണ്ടായിരുന്നുവെന്നു മന്ത്രങ്ങളിൽനിന്നു ഗ്രഹിക്കാം. വീണാവാദൻ, ദുന്ദുഭി മുഴക്കുന്നവൻ, ശംഖം വിളിക്കുന്നവൻ തുടങ്ങി പലരേയും പററി യജുർവേദത്തിൽ പറയുന്നുണ്ടു്. ഗാനത്തെക്കുറിച്ചു് ഋഗ്വേദത്തിൽ പലേ നിർദ്ദേശങ്ങളും കാണുന്നു. സാമവേദം ഗാനസംഹിതയാണല്ലോ. അതു ഗാനരീതിയിലാണു ചൊല്ലിവന്നതു്. അതുകൊണ്ടു് ഗാനസമ്പ്രദായം വളരെ പഴക്കമുള്ളതത്രേ. ശുഭം.

---

# നമ്മുടെ സാഹിത്യത്തിന്റെ ഉന്നതി. (തുടൎച്ച)

(വദബന്ധു *)

'കവിത്വം' എന്തെന്നു വിശദീകരിച്ചു പറയുന്നതു് അത്ര എളുപ്പമല്ല. ഒരു വാക്യംകൊണ്ടു് ഇതിനെസംബന്ധിച്ചു് എന്തെങ്കിലും ക്ലിപ്തമായി ധരിപ്പിക്കാൻ സാധ്യമാകാത്ത വിധം ഇതിന്റെ രാജ്യം അത്ര വിചിത്രവും വിസ്തൃതവുമത്രെ. 'കവിത എന്തെന്നുള്ള ചോദ്യത്തിനു 'കവിത എന്തല്ല' എന്നു മറുപടി പറകയായിരിക്കും ഉത്തമം. വിജ്ഞാനവും കവിതയും ഒന്നല്ല—രണ്ടും രണ്ടാകുന്നു. വിജ്ഞാനത്തിന്റെ ചുവടു് ബുദ്ധിയാകുന്നു, കവിതയുടേതു് അനുഭൂതിയും. വിജ്ഞാനത്തിന്റെ ജന്മസ്ഥാനം മസ്തിഷ്കമാകുന്നു; കവിതയുടേതാകട്ടെ, ഹൃദയം. വിജ്ഞാനത്തിന്റെ രാജ്യം 'സത്യ'മാകുന്നു; കവിതയുടെ സാമ്രാജ്യമോ 'സൌന്ദൎയ്യം'. കവികുലചൂഡാമണിയായ വേഡ്സ്‌വൎത്ത് വിശ്വസിക്കുന്നതു, വൈജ്ഞാനികനു പ്രവേശിക്കാൻ നിഷിദ്ധമായ ഒരു തീൎത്ഥസ്ഥാനമാണു കവിത എന്നാകുന്നു. അദ്ദേഹം സ്വകൃതിയായ—Poets Epilaph—എന്ന കവിതയിൽ വൈജ്ഞാനികരുടെനേരെ അവജ്ഞ കാട്ടിക്കൊണ്ടു പറയുന്നു:—

Who would botamise
Over his mother's grave.

കിംബഹുനാ—കവിത മനുഷ്യന്റെ അന്തൎജ്ജഗത്തിന്റെ രഹസ്യാഗാരമാകുന്നു. മനുഷ്യരുടെ ഹൃദയത്തിൽ ഘാതപ്രതിഘാതമാകുന്ന ഭാവങ്ങളുടെ ശക്തികൊണ്ടു കവിതയുടെ ഗതി

---

* ലേഖകന്റെ ആദ്യത്തെ പേരാണു് കഴിഞ്ഞ ലക്കങ്ങളിൽ ചേൎത്തിരുന്നതു്. ഇപ്പോൾ തന്റെ പേർ മാററിയെന്നു് ആ മാന്യൻ ഇവിടെ അറിയിച്ചിരിക്കുന്നു.

ഭാ. പോ. പ.

അഗ്രസരമാകുന്നു. മനുഷ്യരുടെ ഈ ചിന്താസ്രോതം സദൈവ പ്രവഹിച്ചുകൊണ്ടിരിക്കുന്നു; അതിന്റെ ധാര ഒരിക്കലും മുറിയുന്നില്ല. ഒരു ധാര അവശ്യമേവ അനേക ധാരകളിൽ വിഭക്തമാവാം, എന്നാൽ മൂലധാരയിൽനിന്ന് ഒന്നിന്റേയും സംബന്ധം വിച്ഛിന്നമാകുന്നില്ല. ഈ സ്രോതമുള്ള കാലം വരെ മാത്രമേ സാഹിത്യമുള്ളൂ, മനുഷ്യജീവനത്തിൽ ആനന്ദവും സൌന്ദര്യവുമുള്ളൂ. കവിത സാഹിത്യത്തിന്റെ ജീവനാകുന്നു. കവിത കൂടാതെ ഒരു സാഹിത്യത്തിനു ജീവിക്കാൻ കഴികയില്ല.

ഇത്ര മഹത്വമേറിയ ആ കവിതാസിംഹാസനത്തിൽ ആരോഹണംചെയ്യ അത്ര സുസാധമല്ല. ഇതുപോലെയുള്ള വിശ്വകവിതാപീഠത്തിൽ സ്വസന്താനങ്ങൾ കരേറിക്കാണ്മാനാണ കൈരളീമാതാവ് ആശിക്കുന്നത്. അതിനായി നാം പരിശ്രമിക്കയും വേണം. വർത്തമാനദശയിൽ ആധുനികകവിത, പ്രാചീനകവിതയുടെ ഉത്കർഷത്തെ പ്രാപിക്കുവാൻ അസമർത്ഥയാണ്. ആധുനികകവിതയുടെ ഭാഷയിൽ വിശേഷമായൊരു പരിവർത്തനം ഉണ്ടാകേണം. ഭാഷാപരിവർത്തനം നമ്മുടെ കവിതയ്ക്ക് അന്യസമുദായത്തിൽ സമാദരം പ്രദാനം ചെയ്യും. പരിവർത്തനം ഉന്നതിയുടെ ശീലമാകുന്നു. ഇളക്കമില്ലായ്മ ജഡത്തിന്റെ ലക്ഷണമാകുന്നു—മൃത്യുവിന്റെ ലക്ഷണമാകുന്നു. നമ്മുടെ കവിതയ്ക്കു ജീവനുണ്ടെങ്കിൽ, ജീവനുണ്ടാകേണമെങ്കിൽ, പരിവർത്തനം അത്യാവശ്യമാകുന്നു. കവിതയുടെ ഭാഷയിൽ പരിവർത്തനമുണ്ടാകേണമെങ്കിൽ, ആ മഹദ്കൃത്യം പ്രതിഭാസമ്പന്നനായ ഒരു വ്യക്തി കയ്യേൽക്കണം. അവരാലേ അതു സാധിക്കയുള്ളൂ. നവനവതരോല്ലാസിനിയായ ബുദ്ധി കേരളീയർക്കില്ലെന്ന് ആർ പറയും? ഉറങ്ങിക്കിടക്കുന്ന വിജ്ഞാനവിലാസിനിയായ ആ ബുദ്ധിയെ ഉണർത്തിയാൽ മതി.

ഭാഷ സുലളിതയും, സുശ്രാവ്യയും, സമയത്തിനും സമുദായത്തിനും അനുകൂലിക്കുന്നതുമായിരിക്കണം. ഇങ്ങനെ ഒരു പരിവർത്തനമാണ് പ്രഥമവും പ്രധാനവുമായ ആവശ്യം. ഭാഷാപണ്ഡിതന്മാരുടെ ശ്രദ്ധ ഈ വിഷയത്തിൽ പതിയേണ്ടതാണ്. പക്ഷെ, ഇതിനു ധീരതയും ഉത്സാഹവും പരിശ്രമവും അത്യന്താപേക്ഷിതങ്ങളത്രെ. ആദ്യമായി ഇതിനു തുനിയുന്നവർ ഒരു പക്ഷെ ചിലരുടെ ദൃഷ്ടിയിൽ പരിഹാസ്യന്മാരായേക്കാം. വംഗഭാഷയെ അടിച്ചുടച്ചു പുതിയ കരുവിൽ വാർക്കാൻ 'കച്ചകെട്ടി'യിറങ്ങിയ സാഹിത്യസമ്രാട്ടും, ആലങ്കാരികശ്രേഷ്ഠനുമായ ബങ്കിമചന്ദ്രനേയും, മധുസൂദനദത്തരേയും ആക്ഷേപിക്കുവാനും അക്കാലത്തു ചിലരുണ്ടായി. അതു ലോകസാധാരണവുമാണ്.

## ഇതിഹാസം.

മലയാളത്തിൽ ഉപയോഗിച്ചുവരാറുള്ള ചരിത്രശബ്ദത്തിന്റെ പര്യായമാണ് പ്രസ്തുത "ഇതിഹാസ"പദം. നമ്മുടെ ഭാഷയിൽ നല്ല ഇതിഹാസഗ്രന്ഥങ്ങളും ഇല്ലതന്നെ. നമ്മുടെ വിദ്യാർത്ഥിദശയിൽ പഠിച്ചുവന്ന ഇതിഹാസം വെറും ഭ്രമാത്മകമാകുന്നു. വെറും ചില അളകാപുരികഥകളാണ് മലയാളികൾ ഇതിഹാസമായി സ്വീകരിച്ചിരിക്കുന്നത്. ഇമ്മാതിരി ഗ്രന്ഥങ്ങൾ നിർമ്മിക്കുന്ന ഇതിഹാസവേത്താക്കളുടെ കഥ വിശേഷംതന്നെ! ഈ 'വികൃതി'കളെ 'ചരിത്ര'നാമധേയംകൊണ്ടു സ്വീകരിക്കുന്ന ജനസമുദായത്തിന്റെ കഥ അതിലും വിശേഷം!! വിദ്യാർത്ഥികൾ ഈ ഗ്രന്ഥങ്ങൾ പഠിക്കണമെന്നു ശഠിക്കുന്ന അധികൃതന്മാരുടെ 'കഥയില്ലായ്മ' ഇതിലെല്ലാം വിശേഷം!!!

ചരിത്രഗ്രന്ഥത്തിന്റെ അന്തരോദ്ദേശമെന്തെന്നും അതിൽനിന്നു വിപഠിഷുക്കൾ ഗ്രഹിക്കേണ്ടതെന്തെന്നും ശരിയായി ധരിച്ചിട്ടുള്ള ഒരാൾ മാത്രമേ ചരിത്രനിർമ്മാണത്തിനു പുറപ്പെട്ടിട്ടാവശ്യമുള്ളൂ.

ഇതിഹാസരചനയുടെ മഹത്വം, അനുസന്ധാനം ചെയ്തെഴുതുന്നതിലാണ് കിടക്കുന്നത്. ഏതൊരു ലേഖകൻ ആരാഞ്ഞു നിശ്ചയം ചെയ്ത് ജനസമക്ഷം അവതരിപ്പിക്കുന്നുവോ, അയാൾ ഉത്തമചരിത്രകാരനെന്ന പേരിനർഹനാകുന്നു. ഇതിഹാസത്തിൽ ഇപ്പോൾ കാണുന്ന അനേകം സംഗതികൾ അനുസന്ധാനം ചെയ്തു നിർണ്ണയിക്കപ്പെട്ടവയല്ലാത്തതിനാൽ അസത്യമാകുന്നു. കപോലകല്പിതകഥകൾക്കും കർണ്ണപരമ്പരാഗതകല്പനകൾക്കും ഇതിഹാസത്തിലിടം അനുവദിക്കാവുന്നതല്ല. ആധുനികചരിത്രകാരന്മാരിൽ പലരും കർക്കശങ്ങളിലെ

(Black hole of Calcutta) ഇരുട്ടറവധം വെറും സങ്കല്പഫലമാണെന്നു അഭിപ്രായപ്പെട്ടുന്നു. സുരാജ്ദൌളയുടെ മേൽ ആരോപിതമായ ഈ ആക്ഷേപം അതികഠിനമായി പോയെന്നും, യുദ്ധം ചെയ്വാൻ സദാ സന്നദ്ധരായിരുന്ന ഇംഗ്ലീഷുകാരുടെ സമ്പ്രദായത്താൽ അകാരണമായ യുദ്ധം നടന്നതാണെന്നും അവരുടെ മിത്രങ്ങളായ അങ്ഗലേയചരിത്രനിർമ്മാതാക്കൾ ഈ കാരണം പിന്നീട് കല്പിച്ചുണ്ടാക്കിയതാണെന്നും യുക്തിപൂർവകങ്ങളായ പ്രമാണങ്ങൾകൊണ്ടു വാദിക്കുന്നു. നിഷ്പക്ഷപാതരീത്യാ സത്യത്തെ ആരാഞ്ഞു എടുത്തിരുന്നെങ്കിൽ ഈ കുഴപ്പം വരുമോ?

കാവ്യനാടകങ്ങളിൽനിന്നും ശിലാലേഖനങ്ങളിൽനിന്നും ദേശസ്ഥിതി സമുദായസ്ഥിതിമുതലായവ അന്വേഷിച്ചെടുക്കാൻ കഴിയും. മറെറാരു സമുദായവുമായി ഏതെങ്കിലുംവിധത്തിൽ —വാണിജ്യത്തിലോ യുദ്ധത്തിലോ—ബന്ധമുള്ള ഒരു സമുദായത്തിന്റെ ചരിത്രരചനയിൽപൂർവ്വോക്തസമുദായത്തിന്റെസാഹിത്യംപഠിക്കുന്നതു് ഉപകാരപ്രദമായിരിക്കും. ഇൻഡ്യാചരിത്രനിർമ്മാണത്തിൽ, അറബി, ചീൻ,ഗ്രീക്കു, റോമൻ ഇംഗ്ലീഷു മുതലായ ഭാഷകൾഅറിഞ്ഞിരിക്കേണം. ഇൻഡ്യൻ ചരിത്രനിർമ്മാണഭാരം ഉന്നതൻഭാഷാനഭിജ്ഞന്നു ഒരു വലിയ ഭാരംതന്നെ എന്നതിൽ രണ്ടുപക്ഷമില്ല. കേരളചരിത്രംഎഴുതാൻ വിചാരിക്കുന്ന ഒരാൾക്കു ഡച്ചുകാരുടേയും അറബികളുടേയും മററും സാഹിത്യം നല്ലവണ്ണംവശമുണ്ടായിരിക്കുന്നതുകൂടാതെ, ഭാരതത്തിലെ സകലഭാഷകളും അറിഞ്ഞിരിക്കുകയും വേണം. കേരളത്തിന്റെ പ്രാചീനചരിത്രത്തിനു ധാർമ്മികമായും,സാമുദായികമായും ബൌദ്ധമതത്തോടും ജൈനമതത്തോടും വലിയസംബന്ധമുണ്ട്. കേരളത്തിൽനിന്നും എത്ര വിദ്വാന്മാർ ഉത്തരഭാരതത്തിൽ എത്തി കീർത്തി നേടിയിരിക്കുന്നു. സ്വാമി ശങ്കരാചാര്യരുടെ സ്ഥാനം കേരളീയസമുദായചരിത്രത്തിൽ അത്യധികം പ്രധാനമുള്ളതാകുന്നു. പഞ്ചാബിലെ കേസരിയായിരുന്ന രണജിത്തു് സിംഹന്റെ സഭയിൽ ഒരു മലയാളി ഉണ്ടായിരുന്നുവെന്നു ഇവിടെ ഒരിക്കൽ കേൾക്കാനിടയായി. അദ്ദേഹം ഒരു മഹാ വിദ്വാനായിരുന്നുവത്രെ. കാശിയിലും ഏതാണ്ട് അതേസമയത്തിൽ ഒരു മലയാളി നിവസിച്ചിരുന്നു. എന്റെ അനുസന്ധാനത്തിൽ ഇവർ രണ്ടും ഒരാളാണെന്നാണ് മനസ്സിലായതു്. താല്പര്യം, ഈ വിധം ഭാരതത്തിന്റെ അന്യപ്രാന്തങ്ങളിൽ കേരളീയ ഇതിഹാസത്തിൽ അങ്കിതമാകേണ്ട വ്യക്തികൾ നിവസിച്ചിരുന്നു എന്നു മാത്രമാകുന്നു. അനുസന്ധാനം ചെയ്തു നോക്കിയാൽ ഇവരുമായി കേരളീയസമുദായത്തിനു വലിയ സംബന്ധമുണ്ടെന്നു ബോധപ്പെടും. യഥാർത്ഥങ്ങളും ഉത്തമങ്ങളുമായ ഗ്രന്ഥങ്ങൾ നമ്മുടെ ഭാഷയിൽ വർദ്ധിപ്പിക്കുവാൻ പണ്ഡിതന്മാരോടു പ്രാർത്ഥിക്കുയല്ലാതെ എന്നേപ്പോലുള്ളവരെക്കൊണ്ട് എന്താണ് സാദ്ധ്യം?

## പ്രതിമാനാടകം—ഒരു നിരൂപണം (തുടർച്ച)

(വട്ടോളി പത്മനാഭൻനായർ)

അങ്കാരംഭത്തിൽ, രഥാരൂഢനായി സൂതസഹിതം പ്രവേശിക്കുന്ന ഭരതൻ നമുക്കു ദൃശ്യനാകുന്നു. മാതുലഗൃഹത്തിലെ വാസം നിമിത്തം അയോദ്ധ്യയിലെ വർത്തമാനങ്ങൾ ഒന്നും ഇദ്ദേഹം അറിഞ്ഞിട്ടില്ല. അച്ഛന്റെ സുഖക്കേടിനെപ്പററി കേട്ടതിനാൽ ആ സംഗതിയെപ്പററിയാണ് ഇദ്ദേഹം ഉൽക്കണ്ഠയോടുകൂടി സൂതനോടു ചോദിക്കുന്നതു്. ഇതിനുള്ള മറുപടിയിൽ നിന്നും സൂതൻ ഒരു അസത്യവാദിയാണെന്നു പ്രഥമദൃഷ്ടിയിൽ നമുക്കു തോന്നിയേക്കാം. എന്നാൽ, അല്പം ആലോചിക്കുന്നതായാൽ നാം ഈ കാര്യത്തിൽ സാരഥിയെ കുററപ്പെടുത്തുകയില്ല. എന്തെന്നാൽ അന്യോന്യം ഘടിപ്പിച്ചു ധരിപ്പിക്കേണ്ടിവരുന്ന,

"പ്രാണനാഥനുപേക്ഷിച്ചു,
അമ്മ യൈശ്വര്യലുബ്ധയായ്,
കാട്ടിൽ ചേട്ടൻ പുറപ്പെട്ടു" എന്നീ മൂന്നു ദോഷങ്ങളും! ഗുരുജനഭക്തനായ ഭരതന്റെ മർമ്മം പിളക്കുന്നവയാണെന്ന് അയാൾക്കറിയാം. ഈ സ്ഥിതിക്കു യഥാർത്ഥം ഉടനേ അറിയിക്കാമോ? 'ന ബ്രൂയാൽ സത്യമപ്രിയം' എന്നല്ലേ പ്രമാണം?

ധരിച്ചിടത്തോളം വിവരങ്ങൾകൊണ്ടുതന്നെ 'ഉള്ളു പിളക്കുന്ന' ഭരതൻ രഥവേഗം വർദ്ധിപ്പിക്കുവാൻ ആജ്ഞാപിക്കുന്നു. (രഥവേഗവർണ്ണനയിൽ "അശ്വപാദധൂതം രജസ്സുണ്ടെതിരെയെത്തുമഹോ കൂടെയെത്തുന്നതില്ല" എന്നും മററുമുള്ള ഭാഗങ്ങൾക്കും ശാകുന്തളത്തിലെ "തൻചാരത്തണയാതെ തൻഖുരപുടോദ്ധൂതം രജോരാജിയും" ഇത്യാദിഭാഗങ്ങൾക്കും ഉള്ള സാമ്യത സഹൃദയദൃഷ്ടിക്കു വിഷയമാകാതിരിക്കയില്ല.) അയോദ്ധ്യയിൽ പ്രവേശിക്കാൻ ആരംഭിച്ചപ്പോൾ "കാർത്തിക ഒരു നാഴിക കൂടിയുണ്ട്. രോഹിണി തുടങ്ങിയതിനുമേലേ കുമാരൻ അയോദ്ധ്യയിൽ പ്രവേശിക്കാവൂ" എന്ന ഉപാധ്യായന്മാരുടെ നിദേശത്തെ ഒരു ഭടൻ അറിയിച്ചു. ഭരതൻ അതിനെ ആദരിച്ച് സൂതനെ അയച്ചശേഷം ഒരു വിശ്രമസ്ഥാനം തിരക്കി. അടുത്തു വൃക്ഷങ്ങളുടെ ഇടയിൽക്കൂടികണ്ട ക്ഷേത്രമാണെന്നു തോന്നിയ ഒരു കെട്ടിടത്തിലേക്കു തിരിച്ചു. ദേവദർശനം കൂടി സാധിക്കാമെന്നാണ് ഭരതൻെറ ഉദ്ദേശം. "വാഴ നനയുമ്പോൾ ചീരയും നനയു"മല്ലൊ.

വാസ്തവത്തിൽ ഭൃത്യനായ സുധാകരനാൽ യഥാവിധി സജ്ജമാക്കപ്പെട്ടിരുന്ന പ്രതിമാഗൃഹത്തിലേക്കാണ് ഭരതൻ പ്രവേശിച്ചതെന്ന് അതു സ്ഥലവർണ്ണനകൊണ്ടു കാണാം. അവിടെ കല്ലിൽ വളരെ ഭംഗിയായി കൊത്തിയിരിക്കുന്ന നാലു രൂപങ്ങൾ അദ്ദേഹത്തിൽ ഒരു ആനന്ദാനുഭൂതിയുളവാക്കുന്നു. ഇവ ദൈവപ്രതിമകളാണെന്ന് അദ്ദേഹത്തിനു നിശ്ചയമുണ്ടെങ്കിലും ഹൃദയാന്തർഭാഗത്തിൽ മനുഷ്യരാണെന്ന് ഒരു ശങ്കയും അങ്കുരിക്കുന്നുണ്ട്. എങ്കിലും അദ്ദേഹം അതിനെ ഗണ്യമാക്കുന്നില്ല. ഈയവസരത്തിൽ, ആധുനികരായ സകല മനഃശാസ്ത്രപണ്ഡിതന്മാരും നാനാപ്രകാരേണവിശദീകരിച്ചിട്ടുള്ളതും, ഭാരതീയരെ പുരാതന ഋഷിശ്രേഷ്ഠന്മാർതന്നെ അനുഭവപ്പെടുത്തീട്ടുള്ളതും ആയ ചില തത്വങ്ങൾ, "ദൈവമെന്നോർച്ചിട്ട്—കുമ്പിടുന്നതു് യുക്തമാം" എന്ന വാക്യത്തിൽ കവി സംഗ്രഹിച്ചിരിക്കുന്നു. അവ ധ്യാനനിഷ്ഠസ്സ്—മനസ്സിൻെറ ഏകാഗ്രതസ്സ്—ഒരു സങ്കല്പം ആവശ്യമാണെന്നും "മനഃകൃതം കൃതം" കൃതമായിട്ടുള്ളതെന്നും" ആണ്.

പിന്നീട് അവിടത്തെ പൂജകനായ ദേവകുലികനിൽ നിന്നും ഇവ അയോധ്യയിലെ രാജാക്കന്മാരായിരുന്ന ഇക്ഷ്വാകുക്കളുടെ പ്രതിമകളാണെന്നു ഭരതൻ അറിയുന്നു. ഉൽക്കണ്ഠയോടെ ചോദിച്ചു ദിലീപൻ, രഘു, അജൻ ഇവരെ മനസ്സിലാക്കി വന്ദിച്ചശേഷം ദശരഥൻെറ പ്രതിമയെ നോക്കി പെട്ടെന്നുണ്ടായ വ്യാകുലത തൻെറ മതിഭ്രമംകൊണ്ടാണെന്നു കരുതി ആദ്യംമുതൽ ഓരോ പ്രതിമയേപ്പററി വീണ്ടും ചോദിക്കുന്നു. ദശരഥവിഗ്രഹത്തെ സമീപിക്കുന്തോറും ഭരതൻെറ മനസ്സിനുള്ള അസ്വാസ്ഥ്യതയും പ്രവൃദ്ധമാകുന്നു. ശങ്ക തീരായ്കയാൽ ദിലീപൻ, രഘു, അജൻ എന്നീ പേരുകളെ പുനശ്ചപറയിക്കുന്നു. ഹാ! പൊടിയാററായ അദ്ദേഹത്തിൻെറ ഹൃദയം "ജീവിച്ചിരിക്കുന്നവരുടേയും പ്രതിമകൾ സ്ഥാപിക്കാറുണ്ടോ?" എന്ന ഒരു ചോദ്യത്തിനുള്ള ഉത്തരംകൂടി പ്രതീക്ഷിക്കുന്നു. "ഇല്ല, മരിച്ചവരുടേതേ ഉള്ളു" എന്നു കേട്ടപ്പോൾ ശങ്കതീർന്നു; അദ്ദേഹത്തിൻെറ ഹൃദയം തകർന്നുപോയി. ഉടനെ അവിടെ നിന്നു പോകാൻ തുടങ്ങി. അപ്പോൾ "നിൽക്കൂ,

ശുൽക്കമതിന്നായ്, നാട്ടും
കൂട്ടും വിട്ടോരുദശരഥൻ തൻെറ
പ്രതിമയെയെന്തുനിമിത്തം
ചോദിച്ചീടാൻ മടിച്ചിടുന്നു താൻ" എന്നു ദേവകുലികൻ ചോദിച്ചതും അദ്ദേഹം മൂർഛയിൽപെട്ടതും ഒരുമിച്ചുതന്നെയായിരുന്നു. ഈ ഭാഗം കഠിനമായ ഹൃദയക്ഷോഭം കൂടാതെ ആസ്വദിക്കത്തക്കതല്ല. ഇവിടത്തെ രസാത്മകത്വം അന്യാദൃശംതന്നെ.

തൻെറ സംഭാഷണം ഭരതനുമായിട്ടാണെന്നു ദേവകുലികൻ മനസ്സിലാക്കിയിരുന്നില്ല. "ആര്യാ!" എന്നു തന്നെ സംബോധനം ചെയ്തതിൽ പിന്നീടേ "കൈകേയീപുത്രൻ ഭരതനാ"ണെന്നു മനസ്സിലായുള്ളൂ. അനന്തരം ആ പൂജകൻ നടന്ന സംഭവങ്ങൾ ഒന്നൊഴിയാതെ പറയുന്നതിനു നിർബന്ധിതനായിത്തീരുന്നു. രാമൻെറ വനയാത്രയും സീതാലക്ഷ്മണന്മാരുടെ സഹഗമനവും ഭരതൻെറ വിഷാദാഗ്നിയെ ഉജ്വലമാക്കി. അദ്ദേഹം,

"നീരററയാററിൽ ദാഹിപ്പോ-
നെന്നോണം പാഞ്ഞിടുന്നു ഞാൻ

അച്ഛൻ ചേട്ടനുമില്ലാതെ
കാടായ് തീർന്നോരയോധ്യയിൽ" എന്ന തന്റെ അയോധ്യാഗമനം അർത്ഥശൂന്യമാണെന്നു പ്രലപിക്കുന്നു. അഭിഷേകം സംബന്ധമായി നടന്ന സംഗതികളിൽ ഏതാനും സ്വയം ഊഹിച്ചുപറഞ്ഞു ഭരതൻ ബോധരഹിതനായി കിടക്കവേ, ദശരഥപത്നിമാരായ രാജ്ഞിമാരും സുമന്ത്രനും ഈ പ്രതിമകളെ ദർശിക്കുന്നതിനായി അവിടെ എത്തി. പ്രതിമാഗൃഹത്തിന്റെ മാഹാത്മ്യത്തേയും രാജസന്നിധിയിൽ പ്രവേശിക്കുന്നതിനു സാധാരണമാകുന്ന വൈഷമ്യങ്ങളേയും പററി രാജ്ഞിമാരോടു സംസാരിച്ചുകൊണ്ട് അകത്തു കടന്ന സുമന്ത്രൻ "വയസ്ഥനാം പാർത്ഥിവനെന്നപോലെ" ഒരാൾ അവിടെ കിടക്കുന്നതായി കണ്ടു. ഭരതകുമാരനാണെന്നറിഞ്ഞു ദേവിമാർ സംഭ്രമിച്ചു അടുത്തുചെല്ലുന്നു. തങ്ങളുടെ ദയനീയാവസ്ഥയെ കുമാരനെ ഗ്രഹിപ്പിക്കുന്നതിനായി അവർ മൂട്ടപടം നീക്കി. സുമന്ത്രൻ സ്വഹൃദയത്തിൽ ഗൂഹനം ചെയ്തിരിക്കുന്ന വ്യഥയ്ക്കു്,

നാളേറെയൂഴിയിലിരിപ്പൊരു ദോഷമാന്നി-
ട്ടത്രെ വതങ്ങിയൊരു നന്ദിവെടിഞ്ഞവൻപോൽ
അപ്പാർത്ഥിവൻ ദിവമഹോ! ഗതനായശേഷം
ശൂന്യം രഥത്തിനമരുന്നൊരു സൂതനായ് ഞാൻ" എന്ന പദ്യം ഉത്തമദൃഷ്ടാന്തമാണ്.

കൈകേയിയെയൊഴിച്ചുള്ള രണ്ടു മാതാക്കളേയും ഭരതൻ അഭിവാദനം ചെയ്യുന്നു. അയോധ്യയിലെ കുഴപ്പങ്ങൾക്കെല്ലാം ഹേതുഭൂതയെന്നു മനസ്സിലാക്കിയിരിക്കുന്ന സ്വമാതാവിനെ,

"എന്നമ്മമാരാമിരുപേർക്കുമദ്ധ്യേ
ശോഭിച്ചിട്ടുന്നില്ലിഹ തെല്ലുമേ നീ" എന്നു ക്രുദ്ധനായി നിന്ദിക്കയാണു ചെയ്യുന്നതു്. കാര്യമല്ലാത്തതു ചെയ്താൽ ആചാര്യനേയും ശാസിക്കാമെന്നാണ് ഭരതന്റെ മതം. ഇതിനു്, പിന്നീടുണ്ടായ സംഭാഷണങ്ങളും സാക്ഷ്യങ്ങളാണ്: അത്യന്തം വിനീതനായ ഇദ്ദേഹം പറഞ്ഞുകൊണ്ടുതന്നെ "ഭർത്തൃദ്രോഹാലമ്മയങ്ങമ്മയല്ല" എന്നൊരു ചട്ടമുണ്ടാക്കണമെങ്കിൽ ഉള്ളിൽ എത്രമാത്രം താപകോപങ്ങളെ വഹിച്ചിരിക്കണം.

ഒരു മാതാവിന്റെ അപരാധം എത്ര വലുതായിരുന്നാലും മാതൃഭക്തനായ ഒരു പുത്രനാൽ ക്ഷന്തവ്യമാണെന്നുള്ള അഭിപ്രായവും ഈ ഘട്ടത്തിൽ സ്മരണീയമത്രെ. ഇതനുസരിച്ചു ഭരതന്റെ പവിത്രതയിൽ ഒരു വൈകല്യം നാം കാണുന്നു. എന്നാൽ അദ്ദേഹത്തിന്റെ ഉദ്ദേശം സ്വാർത്ഥരഹിതവും ഈ ന്യൂനതയുടെ ഉത്ഭവസ്ഥാനം ഗുരുജനഭക്തിയും ആണെന്നുള്ളതുകൊണ്ടു് ഇതു് തീരെ ലഘൂകരിക്കപ്പെടാം.

പുത്രനുമായുള്ള വിവാദത്തിൽ കൈകേയിക്കു വിജയം ലഭിക്കുന്നില്ല. ഒടുവിൽ 'കുഞ്ഞേ! പറയാനുള്ള കാലവും ദേശവും വരുമ്പോൾ ഞാൻ പറഞ്ഞുതരാം' എന്നു പറഞ്ഞൊഴിയുന്നു. ഭരതനാകട്ടെ മാതാവിന്റെ ഹീനകൃത്യത്തെ സ്ഥാപിക്കാനാണുദ്യമിക്കുന്നതു്. അപ്പോൾ വസിഷ്ഠവാമദേവന്മാരുടെ അഭിഷേകാർത്ഥമുള്ള നിദേശത്തെ സുമന്ത്രൻ അറിയിക്കുന്നു. "അഭിഷേകം ഇവിടെ തത്രഭവതിക്കു ചെയ്യണ"മെന്നും തന്റെ സംരംഭം "ലക്ഷ്മണപ്രിയനൾക്കൊള്ളും ദേശത്തിൽ പോയിടുന്നതിനാണെ"ന്നും ഭരതൻ സമാധാനം പറയുന്നതോടുകൂടി ഈ നാടകത്തിന്റെ പേരിനടിസ്ഥാനമായുള്ള മൂന്നാമങ്കവും സമാപിക്കുന്നു. ജ്യേഷ്ഠനെ "ഭരതപ്രിയൻ" എന്നു പറയാൻ ഭാഗ്യമില്ലല്ലോ എന്നു ഭരതനുള്ള കുണ്ഠിതം രാമനു "ലക്ഷ്മണപ്രിയൻ" എന്നു പര്യായം കൊടുത്തിരിക്കുന്നതിൽ അന്തർഭവിച്ചിട്ടില്ലേ?

നാലാമങ്കപ്രവേശകം വിജയ, നന്ദിനി എന്നീ രണ്ടു പാത്രങ്ങളുടെ സംഭാഷണമാണ്. * പ്രകൃതികൾ കൊണ്ടുചെന്ന അഭിഷേകത്തെ ധിക്കരിച്ചുംവച്ചു് കുമാരൻ രാമനിരിക്കുന്ന തപോവനത്തിലേക്കു പോയി എന്നു ഇവരുടെ സംഭാഷണംകൊണ്ടു ഗ്രഹിക്കാം.

---

* പ്രകൃതികൾ എന്ന പദത്തിനു്
"സ്വാമ്യ, മാത്യ, സുഹൃത്, കോശ, രാഷ്ട്ര ദുർഗ്ഗ, ബലാനിച
രാജ്യാംഗാനി, പ്രകൃതയ പൗരാണാം ശ്രേണയോപിച" എന്നാണ് വിവരണം.

സുമന്ത്രസൂതസഹിതനായ ഭരതനെ അങ്കാരംഭത്തിൽ നാം കാണുന്നു.

"പോകുന്നു പെരുതായ ധർമ്മവിപിനേ ചെന്നങ്ങു ദർശിക്കുവാൻ.

ശ്രീരാമാഭിധനായ് വിളങ്ങുമുലകിൻ രണ്ടാമതാം ചന്ദ്രനേ" എന്ന് തൻെറ യാത്രോദ്ദേശത്തെപ്പററി അദ്ദേഹം തന്നെ ആൻ പറയുന്നു. രാമൻെറ മാർഗ്ഗദർശിത്വം ഭരതൻ എത്രത്തോളം വിലവെക്കുന്നുണ്ടെന്നു്

"അഛനനിഷ്ടമണച്ചലോകഹിതനാം രാമൻെറസൽസോദരൻ

രാമൻപോയ വഴിക്കുതന്നെ നടകൊണ്ടീടുന്നിതാകാനനേ" എന്ന സുമന്ത്രവാക്യത്തിൽ ധ്വനിക്കുന്നുണ്ട്.

മാർഗ്ഗമദ്ധ്യേ രാമൻെറ ഗുണഗണങ്ങൾ ഉൾക്കൊണ്ടിരിക്കുന്ന അനവധി ചോദ്യങ്ങൾ അത്യുൽക്കണ്ഠിതനായ ഭരതൻ ചോദിക്കുന്നു. രാമൻ എവിടെ? എന്നല്ലാതെ മറെറാരർത്ഥവും ഈ ചോദ്യങ്ങൾക്കില്ല. എങ്കിലും അദ്ദേഹത്തിൻെറ ഭ്രാതൃഭക്തിയെ കാണിക്കുന്നതിന് ഈ ചോദ്യങ്ങളിലെ ഓരോ പദങ്ങൾക്കൂടി പര്യാപ്തങ്ങളാണ്. പ്രശ്നരൂപമായ ഈ പ്രലപനം അവസാനിച്ചപ്പോൾ സുമന്ത്രൻ ഇങ്ങനെ മറുപടി പറഞ്ഞു:—"കുമാരാ, ഈ ആശ്രമപദത്തിൽ,

രാമനുംസീതയുംമുററും കീർത്തിമാൻ ലക്ഷ്മണൻപുനഃ

വാഴുന്നുമൂർത്തിമത്തായ സത്യം ശീലഞ്ചഭക്തിപോൽ" ഈ ഉപമ സഹൃദയഹൃദയങ്ങളെ സ്പർശിക്കുമ്പോൾ അവരുടെ ചിത്തം ഭാസമഹാകവിയുടെ ആശയത്തിനുള്ള അഗാധതയേയും ആത്മീയതയേയും നിരീക്ഷിക്കുവാൻ ഉൽസുകമാകാതിരിക്കയില്ല.

ഇതുകേട്ടു ഭരതൻ തേരിൽനിന്നും ഇറങ്ങി; തൻെറ ആഗമനത്തെ രാമചന്ദ്രനെ അറിയിക്കുവാൻ ആദ്യം സുമന്ത്രനോടു് അപേക്ഷിക്കുന്നു എങ്കിലും പിന്നീട് താൻ തന്നെ പുറപ്പെട്ടു്;

'നിർഘൃണനായ് പ്രാകൃതനായ്

നന്ദിംവെടിഞ്ഞൊരുതോന്ന്യവാസിയുമായ്

ആശ്രിതനൊരുവൻ വന്നിഹ

നിൽക്കുന്നു, നിൽക്കണോ പോട്ടോ?' എന്ന് ആത്മനാദാപൂർവ്വം വിളിച്ചുപറയുന്നു. കുററം ചെയ്യുന്നവർ തങ്ങളുടെ തെററുകളെ ഏററുപറഞ്ഞു പശ്ചാത്തപിക്കുന്നതു പ്രായശ്ചിത്തമാണെന്നത്രെ ഭരതകുമാരൻെറ ഈ വിഷയത്തിലുള്ള യുക്തി. താൻ ഒരു അപരാധിയോ പാപിയോ ആണെന്നാണല്ലൊ അദ്ദേഹത്തിനുള്ള ബോധവും.

രംഗത്തിൽ ആവിർഭവിച്ച രാമസീതാലക്ഷ്മണന്മാർ ഈ വിളിയിലുള്ള സ്വരസാദൃശ്യംകൊണ്ടു് ബന്ധുജനസമാഗമത്തെ പ്രതീക്ഷിച്ചു. ആരാണെന്നറിഞ്ഞു വരുവാൻ ജ്യേഷ്ഠൻെറ നിയോഗാനുസരണം ലക്ഷ്മണൻ പുറപ്പെട്ടു. സൗമിത്രി സ്വകൃത്യം നിർവ്വഹിച്ച് വേഗം രാമസവിധത്തിലെത്തി. ഒട്ടും താമസിയാതെ ഭരതനെ സ്വീകരിച്ചുകൊണ്ടു വരുന്നതിനായി രാമൻ "ജനനിക്കുപുത്രനിലെഴുന്നഭാവമൊട്ടു മാനമായി യെതിരേൽക്കണം" എന്ന സാരവത്തായ ഉപദേശവും കൊടുത്തു് സീതയെ അയയ്ക്കുന്നു. 'പിറകേ വരാം' എന്നു സുമന്ത്രൻ ഭരതനോടു പറയുന്നതിനുള്ള ന്യായത്തിൽനിന്നും ദശരഥൻെറ ചരമവൃത്താന്തം ശ്രീരാമൻ മുമ്പുതന്നെ അറിഞ്ഞിട്ടുണ്ടെന്നു മനസ്സിലാക്കാം. സീതാസമേതം രാമാന്തികം പ്രാപിച്ച ഭരതൻ ജ്യേഷ്ഠനെ യഥാവിധി വന്ദിക്കുന്നു. അനുജനെ അനുഗ്രഹീതനാക്കിയശേഷം രാമൻ സുമന്ത്രനുമായി കുശലപ്രശ്നം നടത്തി. ആ രാജഭക്തൻ ഇപ്പോഴും,

'നൃപനുടെമരണം, ഭവൽപ്രവാസം,

ഭരതവിഷാദ,മനാഥതാ കുലത്തിൽ,

പലതുമനുഭവിച്ചു ദുഃഖമേററം

കിഴവനതായിഹ ഞാനിരിക്കുമൂലം' എന്നു വിലപിക്കുന്നു. തൻെറ ശുശ്രൂഷണത്തിനൊരുങ്ങിയിരിക്കുന്ന ഭരതൻ അയോദ്ധ്യയിലിരുന്ന് ആ കൃത്യം നിർവ്വഹിക്കണമെന്നു് രാമൻ അഭിപ്രായപ്പെടുന്നു. ഭരതനു് ഇതു സമ്മതമാകുന്നില്ല. 'ദേഹംകൊണ്ടീവിടെപ്പോൽപ്പിൻ ക്രിയകൊണ്ടവിടത്തിലും' എന്നാണ് അദ്ദേഹത്തിൻെറ അഭ്യർത്ഥന. രാജ്യാധിപത്യം

വഹിച്ചു് പട്ടണത്തിൽ താമസിക്കുന്നതിനേക്കാൾ ജ്യേഷ്ഠനെ പരിചരിച്ചു് കാട്ടിൽ താമസിക്കുന്നതാണത്രെ സുഖം. അപേക്ഷയെ കൈക്കൊള്ളാത്തതു് തന്നിലുള്ള ദോഷശങ്ക കൊണ്ടാണെന്നു് ഭരതൻ സംശയിച്ചു്,

'സുപുരുഷ! വരാദോഷം മാതാവിനുള്ളതു മക്കളിൽ

വരദ! ഭരതംദീനം വേണ്ടുന്നപോലിഹപാക്കണേ' എന്നു പിന്നേയും പ്രാർത്ഥിക്കുന്നു. 'ദോഷം ലേശവുമില്ലനിന്നി'ലെന്നു സമാധാനപ്പെടുത്തീട്ടും ഭരതൻ തന്റെ അപേക്ഷയെ പിൻവലിക്കുന്നില്ല. പ്രത്യുത ആവർത്തിക്കുന്നതേയുള്ളൂ. ഉടനെ, ഉത്തരമോതാൻ വയ്യാത്തവിധം 'എന്നാണരാജ്യപരിപാലനമേൽക്കണംനീ' എന്നു രാമൻ കല്പനയായി. ഗത്യന്തരമില്ലാത്തതിനാൽ 'ഒരു ഉടമ്പടിയിന്മേൽ അങ്ങയുടെ രാജ്യം ഞാൻ പാലിക്കാം' എന്നായി ഭരതൻ. ആ ഉടമ്പടി പതിന്നാലാംവർഷത്തിന്റെ അവസാനത്തിൽ രാമൻ രാജ്യം തിരിച്ചു വാങ്ങിക്കൊള്ളണമെന്നായിരുന്നു. ഉടമ്പടി അംഗീകരിക്കപ്പെട്ടപ്പോൾ ഒരു വരവും കൂടി ഭരതനാൽ അപേക്ഷിതമായി.

'ചേവടിയിൽ ചാർത്തീട്ടും

മെതിയടിരണ്ടും തരേണമടിയന്നായ്' എന്നായിരുന്നു ആ വരാപൂർക്കു ചെയ്ത അപേക്ഷ. പാദുകങ്ങളിൽ അഭിഷേകം നടത്തി അവയുടെ ദാസനായി രാജ്യം ഭരിക്കണമെന്നാണു് ഭരതന്റെ മോഹം. അമ്പോ; ഭ്രാതൃഭക്തിയുടെ പരമകാഷ്ഠ! രാമൻതന്നെ ഇതിൽ അശ്വയ്യപരതന്ത്രനായി ആത്മഗതം ചെയ്യുന്നതു നോക്കുക.

"ഏറെനാൾകൊണ്ടുനേടീതാ-നല്ലമായയശസ്സിനെ,

ഇന്നിവ് ഭരതനോപിന്നെ-ക്ഷണത്തിലതു സാധ്യമായ്"

'രാജ്യമെന്നുള്ളതു ക്ഷണനേരംപോലും നോക്കാതിരിക്കാവുന്നതല്ല' എന്നു ഭരതനോടും 'താത! മഹാരാജാവിനെപ്പോലെ കുമാരനെ രക്ഷിച്ചുകൊള്ളണം' എന്നു സുമന്ത്രരോടും പറഞ്ഞു ശ്രീരാമൻ അവരെ യാത്രയാക്കി, അനുയാത്ര ചെയ്തു് ആശ്രമപദമാകുന്ന രംഗത്തിൽനിന്നും മറയുന്നതോടുകൂടി നാലാമങ്കവും അവസാനിക്കുന്നു.

അഞ്ചാമങ്കത്തിനു മുന്നങ്കങ്ങളെപ്പോലെ പൂർവ്വാംഗം ചേർത്തിട്ടില്ല. രംഗത്തിൽ പ്രവേശിച്ചിരിക്കുന്ന സീതയുടേയും താപസിയുടേയും സംഭാഷണമാണു് ഈ അങ്കത്തിന്റെ മുഖവുര. രംഗം മുമ്പു പരിചയിച്ചിട്ടുള്ള ആശ്രമപദം ആണെന്നു സീത തന്നെ പറയുന്നുണ്ടു്. അവൾ ദേവാരാധന മുതലായവ നടത്തി വൃക്ഷങ്ങളെ ഉദകസേചനത്താൽ ആശ്വസിപ്പിച്ചുകൊണ്ടിരിക്കവെ, ശോകാകുലനായ രാമൻ രംഗത്തിൽ വരുന്നു. ഒരു രാജാവിനുള്ള വച്ചുതായ ചുമതലയെ ഭരതൻ ഏകനായി വഹിക്കേണ്ടിയിരിക്കുന്നതിനെക്കുറിച്ചാണു് അദ്ദേഹത്തിന്റെ ആദ്യത്തെ വിചാരം. അതിനാൽ, തന്റെ സന്താപത്തെ പകുത്തു വാങ്ങുന്നതിനും സന്തോഷത്തെ ഇരട്ടിയാക്കുന്നതിനും കടമപ്പെട്ടവളായ പ്രിയപത്നിയെ അദ്ദേഹം അന്വേഷിക്കുന്നു. അവൾ വൃക്ഷസേചനം നിർവഹിച്ചിട്ടു് അധികം നേരമായിട്ടില്ലെന്നു് അദ്ദേഹം മനസ്സിലാക്കി. അതിനുള്ള ഹേതുക്കളെ കാണിക്കുന്നു:

'വൃക്ഷത്തിൽത്തടമാർന്നിതാ നുരയുമായ് ചൂഴുന്നുവെള്ളം, പുന-

ർദ്ദ്രാഹിച്ചിങ്ങുപതിച്ചുപക്ഷികൾ കുടിക്കുന്നില്ലചേർവെള്ളവും,

തണ്ണീരാൽസുഷിരംനിറഞ്ഞുകരയിൽകീടങ്ങൾ ചാടുന്നിതാ,

നീർവററിടിനപാടുകൊണ്ടുമരവുംപുത്തൻതടംപൂണ്ടതായ്" എന്ന പദ്യം സ്വഭാവോക്തിയുടെ തന്മയത്വംകൊണ്ടു് അത്യന്തം ഹൃദ്യമായിട്ടുള്ളതാണു്.

അടുത്തെത്തിയ പ്രിയതമന്റെ മുഖത്തു പ്രത്യക്ഷപ്പെട്ട വിന്നതയുടെ ഹേതുവെന്താണെന്നു് സീത അന്വേഷിക്കുന്നു. 'നാളെ അച്ഛന്റെ ആട്ടവെലിയാകയാൽ തിലോദകദാനാദിക്രിയകൾ എങ്ങിനെ സാധിക്കാ'മെന്നുള്ള ചിന്തയാണു് കാരണമെന്നു മനസ്സിലായി. അയോധ്യയിൽവെച്ചു ഭരതൻ കേമമായി ശ്രാദ്ധം നടത്തുമെന്നുള്ളതിനാൽ അതിനെപ്പററി ഖേദിക്കാനില്ലെന്നും നാം നമ്മുടെ സ്ഥിതിയനുസരിച്ചു് ഫലവും ഉദകവും കൊണ്ടു നടത്തുന്നതായിരിക്കും താതനധികം പ്രീതിയെന്നും സീത സമാധാനപ്പെടുത്തുന്നു.

ഇങ്ങിനെയിരിക്കെ, കപടസന്ന്യാസിയായി രാവണൻ പ്രവേശിക്കുന്നു. തൻെറ വേഷഭേദത്തിനും യാത്രക്കുമുള്ള ഉദ്ദേശത്തെ,

ഏതുംശാന്തിമനസ്സിനില്ലിഹയെനിക്കെന്നാലുമീവേഷമാ–
ണെന്നാലാംഖരനേവധിച്ച രിപുവാം രാമഞ്ചെവഞ്ചിച്ചുടൻ
മന്ത്രംതന്ത്രവുമേററിടാത്തൊരുഹവിസ്സെന്നോണമായ്തിണ്ണമേ
കൊണ്ടേജാനകിയെക്കടക്കുവതിനായ്പോകുന്നുപാഞ്ഞംബരേ

എന്നു തന്നത്താൻ പ്രസ്താവിച്ചുകൊണ്ടാണ് ഇയാളുടെ പുറപ്പാട്. ഖരവധത്തിനും അടിസ്ഥലമായി ശൂർപ്പണഖയ്ക്കു — സ്വസഹോദരിയ്ക്കു’ — വരുത്തിയ വൈരൂപ്യത്തെപ്പററി കവി രാവണനെക്കൊണ്ടു പറയിക്കാത്തതു് രാമലക്ഷ്മണന്മാരുടെ ഗുണോൽക്കർഷത്തിൻെറ മാററു കൂട്ടുന്നതിനോ അഥവാ കുറക്കാതിരിക്കുന്നതിനോ ഉപകരിക്കുന്നില്ലെ?

ആശ്രമപദത്തിലിറങ്ങിയ രാവണസന്ന്യാസിയെ അർഘ്യപാദ്യാദികൾകൊണ്ടു പൂജിക്കുന്നതിനായി, അതിഥിസൽക്കാരത്തിൽ അതിപ്രീതിയുള്ളവരായ ആ ദമ്പതിമാർ ഒരുങ്ങി. എന്നാൽ തൻെറ മായ വെളിപ്പെട്ടെങ്കിലോ എന്നു ശങ്കിച്ച രാവണൻ അവരെ നീരസമായ സംസാരംകൊണ്ടു വിരമിപ്പിക്കയും നല്ല വാക്കുകളാൽതന്നെ താൻ പൂജിതനായി എന്നു സമ്മതിക്കയും ചെയ്യുന്ന ഭാഗം രസകരമായിട്ടുള്ളതാണ്. ഭാസമഹാകവി മഹർഷികല്പനാണെന്നു് ഈ വിമർശനത്തിൻെറ ആരംഭത്തിൽ പറഞ്ഞിട്ടുള്ളതിനെ രാമരാവണന്മാർ തമ്മിൽ പിന്നീടു നടന്ന സംഭാഷണം സ്ഥിരീകരിക്കും. സംഭാഷണമദ്ധ്യേ, പിതാവിൻെറ ശ്രാദ്ധകാര്യത്തിൽ വിചാരമഗ്നനായിരുന്ന രാമൻ ശ്രാദ്ധകല്പത്തെപ്പററി സംസാരിക്കുന്നതിൽ അത്യുൽസുകനാവുകയും ഇതു തൻെറ ഉദ്ദേശസാഫല്യത്തിനുള്ള സുഗമമായ മാർഗ്ഗമായി രാവണൻ ഉപയോഗിക്കയും ചെയ്തു. പിതൃഭക്തനായ രാമനെ ‘ശ്രാദ്ധത്തിനുത്തമമായ’ കാഞ്ചനപാർശ്വമൃഗാന്വേഷണത്തിനുദ്യമിപ്പിക്കുവാൻ യാതൊരു വിഷമവും ഉണ്ടായില്ല. അദ്ദേഹം,

‘മക്കൾക്കൊത്തമരുംമരങ്ങളൊടുമീയേണങ്ങളോടും മഹാ–
വിന്ധ്യാരണ്യമതോടുമീലതകളോടുംതോഴിമാരോടുമേ
ചോദിച്ചീടുകയാത്ര,യോഷധിതരുക്കൂട്ടംജ്വലിച്ചേററവും
ശോഭിക്കുംഹിമവദ്വനങ്ങളിലഹം പോകുന്നുപാർത്തീടുവാൻ’

എന്നു മൈഥിലിയോടു പറഞ്ഞു കാഞ്ചനപാർശ്വത്തെ തേടിപ്പുറപ്പെടാൻ ഭാവിക്കുന്നു. ഈ ഭാഗത്തിൻെറ എത്ര ശ്ലാഘനീയവും വിശിഷ്ടവും ആയ ഒരു അനുകരണമാണ് ശാകുന്തളത്തിൽ ‘അല്ലയോ വനദേവതാധിവാസമുള്ള തരുക്കളേ!

ഇല്ലനിങ്ങളെനനച്ചിടാതെയൊരുനാളിവൾക്കു ജലപാനവും
പല്ലവംതൊട്ടുവതില്ലനിങ്ങളിലുദിച്ചിട്ടും പ്രിയതകൊണ്ടിവൾ
നല്ലൊരുത്സവമിവൾക്കുനിങ്ങളുടെയാദ്യമായകുസുമോൽഗമേ
വല്ലഭംപ്രജതിസാ ശകുന്തളയനുജ്ഞനിങ്ങളരുളീടുവിൻ’ എന്നു കാണുന്നതു്.

കാഞ്ചനപാർശ്വലബ്ധിക്കായി ഹിമവാനിലേക്കുള്ള യാത്ര നിഷ്ഫലമാണെന്നും അവയെ മനുഷ്യർക്കു കാണാൻ കഴികയില്ലെന്നും സന്ന്യാസി പറഞ്ഞപ്പോൾ രാമൻെറ ശ്രമം മറെറാരു വഴിക്കായി. തദവസരത്തിൽ അദ്ദേഹത്തിൻെറ വീര്യം,

ഒന്നുകിൽഹിമവാനെന്നെക്കാട്ടുംസ്വർണ്ണമൃഗങ്ങളെ
അല്ലായ്കിലെൻബാണമേററുപിളരുംക്രൗഞ്ചതുല്യമായ്” എന്നിങ്ങനെ പ്രബുദ്ധമായതു രാവണനേയും വിസ്മയസ്തിമിതനാക്കി. തൽക്ഷണംതന്നെ രാമപ്രഭാവത്താലെന്ന വ്യാജേന മാരീചനായ മായാകാഞ്ചനമൃഗം ലക്ഷ്യമായി. അത്‌ തൻെറ ഭാഗ്യമാണെന്നു പറഞ്ഞു് രാമൻ തൽസമ്പാദനാർത്ഥം യാത്രയുമായി. സൌമിത്രി അവിടെ ഇല്ലെന്നു് സീതയുടെ വർത്തമാനംകൊണ്ടറിയാമല്ലോ.

രാമലക്ഷ്മണന്മാരുടെ ദൃഷ്ടിയിൽനിന്നും അകന്നിരിക്കുന്ന ആ പാവനചരിത രാവണൻെറ സ്വന്ത രൂപം കണ്ടും അയാളുടെ വിക്രമങ്ങളെ വർണ്ണിച്ചുള്ള വർത്തമാനം കേട്ടും ഭയവിഹ്വലയായി. അവൾ തനിക്കു തുണയായിരുന്നവരെ വിളിച്ചു നിലവിളിച്ചപ്പോൾ ‘എ

ന്താണിങ്ങിവർ ചെയ്യതെന്നൊട്ടപ്പുഴപ്രായങ്ങളാം മനുഷർ' എന്നു രാവണൻ പൃഛിച്ചു. പിന്നീട്ട 'മന്ത്രമൂരസ്ത്രാന്തമരുംഹോമദ്രവ്യമതെന്തോണം' ജാനകിയെ പിടിച്ചുകൊണ്ടു പോക വേ, തടയുന്നതിനായി ജടായുസ്സിൻെറ വരവിനെ സൂചിപ്പിച്ചുകൊണ്ട് ഈ അങ്കം അവസാനിക്കുന്നു.

അഞ്ചും ആറും അങ്കങ്ങളുടെ മദ്ധ്യേയുള്ള വിഷ്കംഭത്തിൽ അപ്രധാനപാത്രങ്ങളായ രണ്ടു വൃദ്ധതാപസന്മാരുടെ സംഭാഷണമാണു നടക്കുന്നതു്. ഇവർ 'മൃഗിയെക്കുണക്കം', 'തപോവനാൽപാപി സുസിദ്ധിയെന്നപോലെ'യും രാവണൻ സീതയെ കവൎന്നുകൊണ്ടു പോകുന്നതായി സംസാരിക്കുന്നു. 'ഞാനിരിക്കെ എവിടെപ്പോകുന്നെടാ' എന്നു വിളിച്ചുപറഞ്ഞുകൊണ്ടു ദശരഥനോടുള്ള കടമ തീൎക്കാൻ ജടായുസ്സു പാഞ്ഞെത്തുന്നതും രാവണനുമായി യുദ്ധം ചെയ്യുന്നതും ഇവർ കാണുന്നുണ്ടു. യുദ്ധാവസാനത്തിൽ 'നിശിചരപതിതൻെറ ദീപ്തത ജോവധം' ചെയ്ത ജടായുസ്സ് ഗോളിൽ രാവണൻെറ ഖഡ്ഗപാതമേററു് വീണു എന്നും 'വിവരം രാമനെ അറിയിക്കാം' എന്നും പറഞ്ഞു് ഇവർ രംഗത്തിൽനിന്നും അന്തർദ്ധാനം ചെയ്യുന്നു.

ആറാമങ്കാരംഭത്തിൽ രംഗം അയോധ്യയാണെന്നു കാണാം. രാമദർശനത്തിനായി പുറപ്പെട്ട സുമന്ത്രർ തിരിച്ചുവന്നിരിക്കുന്ന വിവരം, 'മരവുരിയുടുത്തു് ചെമ്പിച്ച ജടയും പൂണ്ട' ഭരതകുമാരൻ അറിഞ്ഞു കൂട്ടിക്കൊണ്ടു വരുവാൻ ആജ്ഞാപിക്കുന്നു. സുമന്ത്രർ 'ശോകാഗ്നിയുള്ളിൽ കത്തീട്ട് മുഖം വാടിയവനായി' കാണപ്പെടുന്നതു്. 'ജനകജഹൃതയായിപ്പോയിയെന്നും ശ്രവിച്ചു'കൊണ്ടാണു്. രാമ, സീതാ, ലക്ഷ്മണന്മാരെ കണ്ടോ എന്നു ചോദിക്കേണ്ടതിനു പകരം യഥാക്രമം 'പ്രത്യക്ഷമായ പിതൃസ്നേഹ'ത്തേയും 'രണ്ടായിപ്പകുത്ത അരുന്ധതീപാതിവ്രത്യ'ത്തെയും 'കാരണം കൂടാതെ വനവാസത്തിനൊരുമ്പെട്ട സൗഭ്രാത്രത്തേ'യും കണ്ടോ എന്നാണു ഭരതൻ ചോദിക്കുന്നതു്. ഇങ്ങനെ ശ്രവണം ചെയ്തതിൽ മേൽപറഞ്ഞവരോടു ഭരതനുള്ള ഭക്തിബഹുമാനാധിക്യം അന്തർഭവിച്ചിരിക്കുന്നു. സന്താപംകൊണ്ടു് മതിയററ സുമന്ത്രൻെറ മൗനം 'രാമാദികൾ ലജ്ജാകോപങ്ങൾ നിമിത്തം കാണുവാൻ അനുവദിച്ചില്ലയോ' എന്നുകൂടി ഭരതനെക്കൊണ്ടു ചോദിപ്പിച്ചപ്പോൾ ആ ജ്ഞാനവൃദ്ധൻെറ മറുപടി 'വിനീതക്ഷ്വരാക്രോധ-മറിവുള്ളോൎക്ക ലജ്ജയും' എന്നുള്ള ഒരു ആപ്തവാക്യമായിരുന്നു.

അനന്തരം 'അവരില്ലാതെ ശൂന്യമായ്' ആ തപോവനം കാണപ്പെട്ടുവെന്നും വാനരന്മാരുടെ ഇരിപ്പടമായ കിഷ്കിന്ധയിലേക്ക് അവർ പോയി എന്നും, 'സുഗ്രീവനദ്രിവാസത്തെ തുല്യദുഃഖനകററി'യെന്നും സുമന്ത്രർ സശോകം പ്രസ്താവിക്കുന്നു. രാമനെ 'തുല്യദുഃഖൻ'എന്നുപറഞ്ഞു പോയതിനാൽ,

'മുനിമാൎക്കുതകാൻരാമ-നരക്കരൊടെതിൎക്കയാൽ
രാവണൻമായകാണിച്ച്-സീതയെക്കട്ടുകൊണ്ടുപോയ്'' എന്നുംകൂടി അറിയിക്കാതെ നിവൃത്തിയില്ലാതായി. ഇതുകേട്ടു ബോധരഹിതനായിത്തീൎന്ന ഭരതൻ അല്പം ആശ്വാസമുണ്ടായപ്പോൾ ജ്യേഷ്ഠൻ തുടൎച്ചയായി അനുഭവിച്ച ദുഃഖസംഭവങ്ങളെക്കുറിച്ച് ചിന്തിച്ചു വിലപിക്കയും പെട്ടെന്നു എന്തോ ചെയ്യാൻ ഉറച്ചതുപോലെ സുമന്ത്രസഹിതനായി സ്വമാതൃസവിധത്തിലെത്തുകയും ചെയ്തു. പ്രിയകരമായ ഒരു വൎത്തമാനമറിയിക്കാമെന്നു മകൻ പറയവെ, മററു രാജ്ഞിമാരെക്കൂടി വിളിക്കാൻ ഒരുങ്ങിയ കൈകേയിയോടു ഭരതൻ ഇങ്ങനെ തടഞ്ഞു പറഞ്ഞു തുടങ്ങി:-

'നിന്നാജ്ഞയാൽസ്വരാജ്യത്തെവിട്ടേവൻകാട്ടിലേറിയോ
അവൻെറഭാൎയ്യയാംസീതഹൃതയായ്മതിയോതവ?'
'മനസ്വികൾമഹാസത്വ-രിക്ഷ്വാകുക്കൾക്കുകഷ്ടമേ-
ഭാൎയ്യാപഹാരവുംവന്നു ഭവതീം വേൎക്കുമൂലമായ്''

ഇതുതന്നെ തൻെറ അപരാധം ഒഴിക്കുവാൻ തക്ക അവസരമെന്നു കരുതി ഈ വിപത്തുകൾക്കെല്ലാം നിമിത്തം, 'എനിക്കുഹോവന്നതുപോലെനീയും മരിച്ചിട്ടും വന്നിഹ പുത്രദുഃഖം' എന്നു ദശരഥമഹാരാജാവിനു കിട്ടീട്ടുള്ള ശാപവും, പതിന്നാലു ദിവസം എന്നു പ

റയാൻ ഭാവിച്ച താൻ പരിഭ്രമിച്ചു പതിന്നാലു വർഷം എന്നു പറഞ്ഞുപോയതും ആണെന്നു കൈകേയി പുത്രനോടു പറഞ്ഞു. വസിഷ്ഠവാമദേവപ്രഭൃതികളും സമ്മതിച്ചിട്ടുള്ളതാണെന്നറിയുകയാൽ ഭരതനും ഈ സംഗതിയിൽ വിശ്വാസമുണ്ടായി. തൽക്ഷണം ഭ്രാതൃസ്നേഹം നിമിത്തം മാതാവിനോടു കാണിച്ചുപോയ ക്ഷമകേടിനെപ്പററി പശ്ചാത്തപിച്ചു് കുമാരൻ ക്ഷമായാചനം ചെയ്തു. പിന്നീടു ജ്യേഷ്ഠനെ സഹായിക്കാൻ സകല രാജാക്കന്മാരെയും പ്രോത്സാഹിപ്പിക്കണമെന്നു നിശ്ചയിച്ചു ഭരതൻ യാത്ര ചോദിക്കവെ, സീതാപഹരണവൃത്താന്തംകേട്ടു കൌസല്യാദേവി മോഹാലസ്യപ്പെട്ടതായി കേൾക്കുകയാൽ എല്ലാവരും അങ്ങോട്ടു പുറപ്പെട്ടതോടുകൂടി ആറാമങ്കവും അവസാനിച്ചു.

ഏഴാമങ്കത്തിലെ രംഗം പഴയ ആശ്രമപദംതന്നെ. വിഷ്കംഭകത്തിലെ താപസനന്ദിലകന്മാരുടെ സംവാദംകൊണ്ടു് രാവണവധം, വിഭീഷണാഭിഷേകം, സീതാസ്വീകാരം മുതലായവ 'ശ്ലോകത്തിൽ കഴിക്കുന്ന'പോലെ നമ്മെ ഗ്രഹിപ്പിക്കുന്നതേയുള്ളു. ഒടുവിൽ, 'നരവരനിറങ്ങീടുന്നല്ലോ വിമാനമതിന്നിതാ' എന്നു ശ്രീരാമന്റെ പ്രത്യാഗമനത്തെ സൂചിപ്പിച്ചുകൊണ്ടു ഈ അപ്രധാനപാത്രങ്ങൾ അപ്രത്യക്ഷരാകുന്നു.

അങ്കാരംഭത്തിൽ, 'ദശകണ്ഠനെക്കൊന്നു സമഗ്രഗുണയായ ജാനകിയെ വീണ്ടും, ഗുരുക്കളുരചെയ്തതൊക്കെ വഴിപോലെ സാധിച്ചും, തിരിച്ചു മുനിമാർ വസിപ്പൊരു വനത്തിൽ വന്നെത്തിയ രാമനത്രെ നമുക്കു ദൃശ്യമാകുന്നതു'. താപസിമാരെക്കണ്ടു വന്ദിക്കുവാൻ പോരുന്ന സീത അവരുടെ ആഹ്ളാദപൂർവ്വമുള്ള വർത്തമാനങ്ങൾ കേട്ടുംകൊണ്ടു മന്ദം വരുന്നതായി രാമൻ കാണുന്നു. സമീപത്തു വന്നെത്തിയ പ്രിയതമയുമായി ആ ആശ്രമസ്ഥിതിയെപ്പററിയുണ്ടായ സംസാരം സ്വാഭാവികതകൊണ്ടു് ഏററവും ഹൃദയാകർഷകമായിരിക്കുന്നു. 'പണ്ടു പുത്രന്മാരെപ്പോലെ വളർത്തിയ വൃക്ഷങ്ങളെ തിരിച്ചറിയാമോ' എന്നു പ്രിയതമൻ ചോദിച്ചതിനു 'താഴോട്ടു നോക്കി കാണേണ്ടിയിരുന്ന ഇലച്ചിൽ ഇപ്പോൾ മേലോട്ടു നോക്കി അറിയേണ്ടിയിരിക്കുന്നു' എന്നായിരുന്നു സീതയുടെ സരസമായ മറുപടി. 'ഈ ഏഴിലംപാലയുടെ ചുവട്ടിൽ വെച്ചല്ലെ വെളുത്ത വസ്ത്രം ധരിച്ചിരുന്ന ഭരതനെക്കണ്ടിട്ടു് മാൻകൂട്ടം പേടിച്ചോടിയതു്' എന്ന പ്രശ്നഭാഗത്തിനു പ്രഥമദൃഷ്ടിയിൽ പ്രത്യക്ഷപ്പെടുകയില്ലെങ്കിലും വളരെ ഭംഗിയായ ഒരു അനുകരണം മഹാകവി കാളിദാസൻ ശാകുന്തളത്തിൽ സാധിച്ചിരിക്കുന്നതു നോക്കുക. "അപ്പോൾ എന്റെ കൃത്രിമപുത്രനായ ദീർഘാപാംഗൻ എന്ന മാൻകുട്ടി അടുക്കൽ വന്നു. കരുണതോന്നി ആദ്യം അങ്ങുതന്നെ അതിനു കുടിക്കാൻ വെള്ളം കാണിച്ചുകൊടുത്തു. അപ്പോൾ അതു് അടുക്കൽ വന്നു കുടിച്ചില്ല. പിന്നെ ആ വെള്ളം അങ്ങേക്കൈയിൽനിന്നും ഞാൻവാങ്ങിക്കാണിച്ചപ്പോൾ അതു സന്തോഷത്തോടെ കുടിച്ചു. അതുകണ്ടു് എല്ലാ പ്രാണികൾക്കും തങ്ങളുടെ കൂട്ടുകാരിൽ വിശ്വാസമുണ്ടു്; രണ്ടുപേരും കാട്ടിൽ വളർന്നവരാണല്ലൊ' എന്നുപറഞ്ഞു് അങ്ങു് എന്നെ പരിഹസിച്ചു."

ഇവരുടെ സംസാരം കാഞ്ചനപാർശ്വമൃഗത്തെ കണ്ട സംഗതിയിലേക്കു് പ്രവേശിച്ചപ്പോൾ സീത പേടിച്ചു വിറച്ചു. 'ഭയപ്പെടേണ്ട, അക്കാലമൊക്കെ കഴിഞ്ഞില്ലെ' എന്നു രാമൻ സമാധാനപ്പെടുത്തിക്കൊണ്ടിരിക്കവെ, പെട്ടെന്നു് 'ഘനസ്വനവുമങ്ങുഭേരിയുടെ ശംഖനിദ്ധ്വാനവും, കേൾക്കുമാറായി. അതു വലിയ സൈന്യങ്ങളോടും അമ്മമാരോടുംകൂടി ഭരതൻ വന്നെത്തിയതാണെന്നു ലക്ഷ്മണൻ അറിയിച്ചു. പിന്നീടുണ്ടായ സമ്മേളനത്തിൽ ഇരുകൂട്ടർക്കും ഉണ്ടായ പരമാനന്ദം അവരുടെ വചോവികാരങ്ങളാൽ പ്രകടിതങ്ങളായി. രാജ്യംതിരിയെ വാങ്ങണമെന്നു് ഭരതൻ അപേക്ഷിക്കയും കൈകേയി ആഗ്രഹത്തോടുകൂടി അനുകൂലിക്കയും ചെയ്തു. അപ്പോഴേക്കും 'രാവണാന്തകനായ ചേട്ടനെക്കാണുവാൻ മതികുതിച്ചിട്ടു വന്നവനായ ശത്രുഘ്നനും വന്നെത്തി വന്ദിച്ചു. തന്റെ നിയമാവസാനമായതിനാൽ അമ്മയുടെ കല്പനയേയും അനുജന്റെ അപേക്ഷയേയും കൈക്കൊള്ളുവാൻ രാമൻ മടിച്ചില്ല. അഭിഷേകം സ്വീകരിച്ചു മടങ്ങി രംഗത്തിലെത്തിയ ശ്രീരാമൻ അച്ഛന്റെ അനുഗ്രഹങ്ങളെല്ലാം ഈ വിധം സഫലമായല്ലൊ എന്നു കൃതാർത്ഥനായി, 'സ്വർഗ്ഗത്തിങ്കലുമല്ലൽവിട്ടുമരുവീടേണം' എന്നു് ആകാശം ലക്ഷ്യമാക്കി പിതാവിനോടു പ്രാർത്ഥിച്ചു. അനന്തരം വിചാരിച്ച ക്ഷണത്തിൽ വന്നെത്തിയ പുഷ്പകവിമാനത്തിൽ കയറി ശ്രീരാമാദികൾ അയോദ്ധ്യയിലേക്കു യാത്രയായി. ഇതോടുകൂടി ഏഴാമങ്കവും, അഥവാ ഈ നാടകവും സമ്പൂർണ്ണമായി.

ഇനി പ്രസ്തുത നാടകത്തിലെ ഇതിവൃത്തത്തെപ്പററിയും ചിലതു ചിന്തിച്ചുകൊണ്ടു് ഈ നിരൂപണം അവസാനിപ്പിക്കാം. പുരാണപ്രസിദ്ധവും കവികല്പിതവും ആയ കഥാംശങ്ങളുടെ മിശ്രണത്താൽ ഇതിവൃത്തം 'മിശ്ര്'മാണെന്നു പറയേണ്ടതില്ലല്ലോ. കവി കല്പിതമായ അംശങ്ങൾ, പ്രഖ്യാതകഥാശരീരത്തിൻെറ അംശങ്ങൾക്കു വരുത്തീട്ടുള്ള ചില ഭേദഗതികൾ മാത്രമാണു്. അവ അംഗിക്കു് വലിയ മാററമൊന്നും ഉണ്ടാക്കിയിട്ടില്ലെങ്കിലും പൂർവ്വാധികം രമണീയത വരുത്തീട്ടുണ്ടു്. ഈ കല്പിതാംശങ്ങളിൽ നാലു സംഗതികളെ പ്രധാനമായി ഗണിക്കാം. ആവശ്യമുണ്ടായതിൽ പിന്നെ കാഞ്ചനപാശ്ചമൃഗത്തെ കാണുന്നതാണു് ഒന്നാമത്തെ സംഗതി. ഇതുകൊണ്ടു ശ്രീരാമൻെറ മാതൃകാത്വത്തിൽ നമുക്കുള്ള വിശ്വാസം അധികരിക്കുന്നു. കാരണം, അനന്തരവിപത്തുകൾക്കടിസ്ഥാനമായ 'മായാമൃഗാന്വേഷണം' വെറും വിനോദത്തിനോ, ഭാര്യയുടെ അഭിലാഷലബ്ധിക്കോ വേണ്ടിയല്ലെന്നും അതിനേക്കാൾ ഗൌരവതരമായ മറെറാരു കാര്യലാഭത്തിനായിട്ടാണെന്നും തെളിയുന്നതുതന്നെ. ഇതുപോലെ ലക്ഷ്മണനെ ഈ സന്ദർഭത്തിൽ അവിടെനിന്നു് അകററിയതും ഉചിതമായിരിക്കുന്നു. രണ്ടാമത്തെ സംഗതി സീതാപഹരണവൃത്താന്തം കാലവിളംബം കൂടാതെ ഭരതൻ ഗ്രഹിച്ചതാണു്. ഈ ഭാഗം കരുണരസപരിസ്ഫൂർത്തിക്കും, മാതൃനിന്ദമൂലം വല്ല അനാദരവും ഭരതനോടു തോന്നുന്നുണ്ടെങ്കിൽ അതിനെ ദൂരീകരിക്കുന്നതിനും, കൈകേയിയുടെ സ്വഭാവത്തിൽ ആരോപിക്കാവുന്ന കളങ്കത്തെ പ്രക്ഷാളനം ചെയ്യുന്നതിനും അത്യന്തം ഉപകരിക്കുന്നു. കവികല്പിതമായ മറെറാരു ഭേദഗതി ആശ്രമത്തിൽ വെച്ചുതന്നെ രാമൻ രാജ്യം പ്രതിഗ്രഹിക്കുന്നതാണു്. പതിന്നാലാംവർഷത്തിൻെറ അവസാനദിവസത്തെമാത്രം പ്രതീക്ഷിച്ചുകൊണ്ടു മററു ദിവസങ്ങളെ എണ്ണിയെണ്ണിക്കഴിക്കുന്ന ഭരതാദികളുടെ ഔൽസുക്യശാന്തിക്കു് ഇതു യുക്തംതന്നെ. അപ്പിടെവെച്ചുതന്നെ അഭിഷേകം നടത്തിയെന്ന നാലാമത്തെ സംഗതിയും നിസ്സാരമായിട്ടുള്ളതല്ല. എന്തെന്നാൽ രാമാഭ്യുദയകാംക്ഷികളായ മഹർഷിമുഖ്യന്മാരുടേയും, പരിചിതരായ മററു വനവാസികളുടേയും സന്തോഷത്തിനും നിർവ്വഹണസന്ധിയുടെ സുഖപരിസമാപ്തിക്കും ഈ ന ംഭവം പ്രയോജനപ്പെടുന്നു. ഇങ്ങനെ നോക്കുന്നതായാൽ ഭാസമഹാകവിയുടെ കപോലകല്പിതങ്ങളായ ഏതംശവും പുരാണകഥാശരീരത്തെ സവിശേഷം ഭാസമാനമാക്കിയിട്ടുണ്ടെന്നു കാണാം.

# സസ്യപ്രകൃതിശാസ്ത്രം.

(സി—വി)

പ്രകൃതിസാധനങ്ങളെ, പ്രാണിവർഗ്ഗം സസ്യവർഗ്ഗം, ധാതുവർഗ്ഗം ഇങ്ങനെ മൂന്നുതരങ്ങളായി ഭാഗിച്ചിരിക്കുന്നു. സസ്യവർഗ്ഗങ്ങളെപ്പററി പ്രസ്താവിക്കുന്ന ശാസ്ത്രത്തിനു സസ്യശാസ്ത്രമെന്നുപേർ. ഭൂമിയുടെ ഉപരിഭാഗത്തു മുളച്ചുവളൎന്നു് ചലനംകൂടാതെ ഒരേദിക്കിൽ സ്ഥിതിചെയ്തു നശിച്ചുപോകുന്നവസ്തുക്കളാണു് സസ്യങ്ങൾ എന്നു പേർപറയുന്നതു്. സസ്യശാസ്ത്രജ്ഞന്മാർ സസ്യങ്ങളെ പലവർഗ്ഗങ്ങളായും തരങ്ങളായും ഉപതരങ്ങളായും വകുപ്പുകളായും താവഴികളായും അതതിൻെറ ആകൃതിക്കും പ്രകൃതിക്കും അനുസരിച്ചു് ഭാഗിച്ചിട്ടുണ്ടെങ്കിലും, ഇവയെ കാട്ടുപ്രദേശത്തു് സ്വതേ വളരുന്ന സസ്യങ്ങളായും നാട്ടുപ്രദേശത്തു് മനുഷ്യർ ചെയ്തുണ്ടാകുന്ന സസ്യങ്ങളായും രണ്ടുതരത്തിൽ ഭാഗിക്കാം.

എന്നാൽ ഈ സസ്യങ്ങളിൽതന്നെ പുഷ്പിക്കുന്നചെടികൾ, പുഷ്പിക്കാത്ത ചെടികൾ എന്ന രണ്ടുതരങ്ങൾ ഉണ്ടു്.

പുഷ്പിക്കുന്ന ചെടികൾ—ഇവക്കു് വേരു, തടി, ഇല, പൂ, കായു് മുതലായ പലഭാഗങ്ങളുണ്ടു്. ഇതിൽ ആദ്യത്തെ മൂന്നുഭാഗവും ചെടിയുടെ വളർച്ചക്കും ജീവനും അത്യാവശ്യമാണെങ്കിലും ഒടുവിൽപറഞ്ഞരണ്ടും ചെടികൾ വളൎച്ച തികഞ്ഞാൽ ഉണ്ടാകുന്നതും സന്തത്യുൽപ്പാദനത്തിനുമാത്രം ഉപയുക്തമായിട്ടുള്ളതും ആകുന്നു.

പുഷ്പിക്കാത്ത ചെടികൾ—ഇവ വളരെ ചെറുതരങ്ങളാണു. ഇവയ്ക്കും വേരു്, തടി, ഇല, ഇവ ഉണ്ടായിരിക്കുമെങ്കിലും പുഷ്പമൊ, കായൊ ഉണ്ടാകയില്ല. ഇവ നാം മതിലുകളിന്മേലും മററും കാണുന്ന പൂപ്പ്, കുമിൾ മുതലായവയും കുളങ്ങൾ, തോടുകൾ, മുതലായവയിൽ കാണുന്ന ചമ്മി മുതലായവയും ആണു്.

പുഷ്പിക്കുന്ന സസ്യങ്ങളിൽ തന്നെ വികസിക്കാത്ത പുഷ്പങ്ങളുള്ളവ (മുകുളവാഹിനിവൃക്ഷങ്ങൾ) എന്ന ഒരുതരം ഉണ്ടു്. ഇതിനേയും സസ്യശാസ്ത്രജ്ഞന്മാർ പുഷ്പിക്കുന്ന സസ്യങ്ങളായി തന്നെ ഗണിച്ചിരിക്കുന്നു. പീഞ്ഞ,ദേവതാരം, അകിൽ മുതലായവ ഈ വർഗ്ഗത്തിൽപ്പെട്ടതാണു്. ഇവയുടെ തടിയിൽ ഒരുതരം എണ്ണപ്പശയുള്ളതിനാൽ നല്ല വാസനയുണ്ടാകുന്നുണ്ടു്.

പുഷ്പിക്കുന്ന ചെടികളെത്തന്നെ ഒററപ്പരിപ്പുസസ്യങ്ങൾ, ഇരുപ്പരിപ്പുസസ്യങ്ങൾ, ഇങ്ങിനെ രണ്ടു വർഗ്ഗങ്ങളായി ഭാഗിക്കാം. ഒരു വിത്തിൽ ഒററപ്പരിപ്പ മാത്രം ഉള്ളവയ്ക്കു ഒററപ്പരിപ്പുസസ്യങ്ങൾ (ഒററവിത്തിലച്ചെടികൾ) എന്നും, ഒരുവിത്തിലുള്ള പരിപ്പ രണ്ടുഭാഗമായി പിളൎന്നുകിടക്കുന്നവയ്ക്കു് ഇരട്ടപ്പരിപ്പുസസ്യങ്ങൾ(ഇരട്ടവിത്തിലച്ചെടികൾ) എന്നും പറയുന്നു. ഇവയുടെ തടി, ഇല, വേരു്, പൂ, കായ് ഇവയ്ക്കും ജീവിതസമ്പ്രദായങ്ങളിൽ വളരെ വ്യത്യാസങ്ങൾ ഉണ്ടു്. ഇവ അതതിനെപ്പററി പറയുന്ന അവസരത്തിൽ പറഞ്ഞുകൊള്ളാം. നെല്ല്, കോതമ്പ്, തേങ്ങ, അടക്ക, മുതലായവ ഒററപ്പരിപ്പുസസ്യങ്ങളും ചക്ക, മാങ്ങ, പയർ, അമര, മുതലായവ ഇരട്ടപ്പരിപ്പുസസ്യങ്ങളും ആകുന്നു.

സസ്യങ്ങളുടെ ജീവിതകാലദൈർഘ്യത്തെ അനുസരിച്ചു് അവയെ ഏകവാൎഷികച്ചെടി ദ്വയവാൎഷികച്ചെടി, ബഹുവാൎഷികച്ചെടി എന്നീ മൂന്നുതരങ്ങളായി ഭാഗിച്ചിരിക്കുന്നു. ഏകവാൎഷികച്ചെടികൾ, മഴക്കാലത്തു മുളച്ചു് പുഷ്പവും വിത്തും ഉണ്ടാക്കി വേനൽക്കാലം വരുമ്പോൾ നശിച്ചുപോകും. ദ്വയവാൎഷികച്ചെടികൾ ആദ്യത്തെ കൊല്ലം മേൽഭാഗം ഏതാനും നശിച്ചുപോകുമെങ്കിലും രണ്ടാമത്തേകൊല്ലം അതു് പിന്നെയും തളിൎത്തു് പുഷ്പവും കായും ഉണ്ടായശേഷം നശിച്ചുപോകും. ബീററ്റൂട്ട് മുട്ടക്കൂസ് മുതലായവ ഈ വർഗ്ഗത്തിൽപ്പെട്ട സസ്യങ്ങളാകുന്നു. ബഹുവാൎഷികച്ചെടികൾ പുൽച്ചെടിയായോ കുററിച്ചെടിയായോ വന്മരങ്ങളായോ ഇരിക്കും. അവയിൽ ചിലതു് അനേകകൊല്ലം ജീവിച്ചിരിക്കും. ബിലാത്തിയിലെ ഓക്കുമരങ്ങൾ 2000–കൊല്ലത്തിലധികം ജീവിച്ചിരിക്കുന്നതായും ഓസ്റ്റ്രേലിയ, അഫ്രിക്ക മുതലായ ചില സ്ഥലങ്ങളിൽ അതിനേക്കാൾ അധികകാലം ജീവിച്ചിരിക്കുന്നതായ മരങ്ങൾ ഉള്ളതായും അറിയപ്പെട്ടുന്നു.

സസ്യങ്ങളുടെ തടിയുടെ മാതിരിനോക്കി അവയെ പുൽത്തടി, നീർത്തടി, മരത്തടി ഇങ്ങിനെ മൂന്നുതരങ്ങളായിഭാഗിക്കാം. നെല്ല്, കോതമ്പ്, മുതലായവ പുൽത്തടിയും, വാഴ, കൈത മുതലായവ നീർത്തടിയും, മാവ്, പിലാവ്, ആദിയായവ മരത്തടിയും ആകുന്നു.

സസ്യങ്ങളുടെ വലിപ്പത്തെ ആസ്പദമാക്കി അവയെ പുൽച്ചെടി, കുററിച്ചെടി, വന്മരം ഇങ്ങിനെ മൂന്നുഭാഗമാക്കി ഭാഗിച്ചിരിക്കുന്നു. പുൽച്ചെടിയുടെ തടി വളരെചെറുതും ഉറപ്പുകുറഞ്ഞതും ആയിരിക്കും. നാം കാണുന്ന സാധാരണ തൃണങ്ങളിൽ മിക്കതും ഈ ജാതിയിൽ പെട്ടതാകുന്നു. കുററിച്ചെടികൾ മണ്ടയിൽനിന്നുതന്നെ കൊമ്പുകളായി പിരിഞ്ഞുപോകുന്നു. ഇവയ്ക്കു 20 അടിയിലധികം ഉയരമുണ്ടാകയില്ല. ഇവയുടെ തടി പുൽച്ചെടിയുടെ തടിയേക്കാൾ വളരെ ഉറപ്പു് കൂടിയതാണെങ്കിലും മരങ്ങളെപ്പോലെ വലിപ്പമോ ഉറപ്പോ ഉണ്ടാകയില്ല. വൃക്ഷങ്ങൾക്കു 20 അടിയിൽ അധികം ഉയരം ഉണ്ടായിരിക്കയും ഭൂമിയിൽനിന്നു കുറെ ഉയൎന്നശേഷം അനവധി ശാഖോപശാഖകളായി ആകാശത്തിൽ വ്യാപിച്ചുകിടക്കയും ചെയ്യും.

ഭൂമിയുടെ ഉപരിഭാഗത്തു മുളച്ചു വളൎന്നു ചലനം കൂടാതെ ഒരേദിക്കിൽ സ്ഥിതിചെയ്തുനശിച്ചുപോകുന്നതു സസ്യവർഗ്ഗമാണല്ലൊ. സസ്യങ്ങൾഭൂമിയിൽ വളരുന്നതുകൊണ്ടും, അവയ്ക്കുവേണ്ടുന്ന ഭക്ഷണസാധനങ്ങൾ മിക്കതും ഭൂമിയിൽനിന്നു കിട്ടുന്നതുകൊണ്ടും അവയുടെവളൎച്ചയും ജാതിവ്യത്യാസവും ഏതാനും അവ വളരുന്ന സ്ഥലത്തിൻെറ സ്വഭാവത്തെ ആശ്രയിച്ചിരിക്കും. ഉഷ്ണമേഖലയിൽ വമ്പിച്ച കാടുകളും വന്മരങ്ങളും, ശീതോഷ്ണമേഖലയിൽ ചെറുതരം കാടുകളും ചെടികളും മുന്തിരിമുതലായ വള്ളികളും, ശൈത്യമേഖലയിൽ കുററി

ക്കാട്ടുകളും പലതരംവള്ളികളും വളരുന്നതായി കണ്ടുവരുന്നു. ഇലകൾ മുതലായവ ചീഞ്ഞലിയുന്ന സ്ഥലങ്ങളിൽ സുലഭമായും മരുഭൂമികളിൽ വളരെ ദുർല്ലഭമായും മാത്രമേ സസ്യങ്ങൾ വളരുകയുള്ളു. ഒരേജാതി സസ്യംതന്നെ സ്ഥലഭേദത്തിന്നനുസരിച്ചു വളർച്ചയും ഗുണവും വ്യത്യാസപ്പെട്ടു കാണപ്പെടുന്നു. മൊറീഷ്യസ്സ് കരിമ്പു മോറീഷ്യസ്സിൽ 15- അടിയിൽ അധികവും, ഇന്ത്യയിൽ ചിലസ്ഥലങ്ങളിൽ 12- അടിയും, മലയാളക്കരയിൽ 8-10 അടിയും വളർച്ചയുള്ളതായി കാണപ്പെടുന്നു. ഉഷ്ണമേഖലയിലുള്ളതരം വൃക്ഷങ്ങൾ മിതശീതോഷ്ണമേഖലയിൽ അധികമായി കാണപ്പെടുന്നില്ലെന്നു മാത്രമല്ല, ദുർല്ലഭം ചിലവ ഉണ്ടായിരുന്നാൽതന്നെ അവയുടെ ആകൃതിക്കും ഗുണത്തിനും വളരെ വ്യത്യാസങ്ങൾ ഉള്ളതായും കാണപ്പെടുന്നുണ്ട്. എന്നാൽ ഏതുസസ്യങ്ങൾക്കും നനവ്, ഉഷ്ണം, വായു, ഭക്ഷണം, വെളിച്ചം ഇവ അത്യാവശ്യമാകുന്നു. ചില സസ്യങ്ങൾക്കു ഉഷ്ണവും ചില സസ്യങ്ങൾക്കു നനവും അധികമായി വേണ്ടിവരും.

ഇനി സസ്യങ്ങളുടെ ഓരോ ഭാഗത്തേയുംപററി അല്പമൊന്നു ചിന്തിക്കാം. സസ്യങ്ങൾക്ക് അവയുടെ ജീവിതത്തിന് ആധാരമായ മൂന്നു പ്രധാന ഭാഗങ്ങളുണ്ട്. അവ വേര്, തടി, ഇല, എന്നിവയാകുന്നു. ഇവ ഓരോതരം സസ്യത്തിനും പലതര വ്യത്യസ്താകൃതികളിൽ കാണുമെങ്കിലും ഒററപ്പരിപ്പുസസ്യങ്ങളുടേതും ഇരട്ടപ്പരിപ്പുസസ്യങ്ങളുടേതും തമ്മിൽ വളരെ വ്യത്യാസപ്പെട്ടിരിക്കും.

വേര് — ഒററപ്പരിപ്പുസസ്യത്തിൻെറ വേര് ഉറപ്പുകുറഞ്ഞ് ഉള്ളു പൊള്ളയായതും സസ്യത്തിൻെറ മുരട്ടിൽനിന്ന് തുടരെ പുറപ്പെട്ടു നാലുഭാഗവും പടർന്നുപിടിക്കുന്നതും ആകുന്നു. എന്നാൽ ഇരട്ടപ്പരിപ്പുസസ്യത്തിനു മരത്തോടു തുടർന്നുകിടക്കുന്ന ആണിവേരും അതിൽനിന്നു പുറപ്പെടുന്ന പാർശ്വവേരുകളും ആകുന്നു ഉള്ളത്. വേരുകൊണ്ടു സസ്യങ്ങൾക്ക് രണ്ടു പ്രധാന ആവശ്യങ്ങളുണ്ട്. അവ സസ്യത്തെ ഭൂമിയിൽ ഉറപ്പിച്ചു നിറുത്തുവാനും അതിനാവശ്യമായ ഭക്ഷണസാധനങ്ങളെ ഭൂമിയിൽനിന്നു വലിച്ചെടുത്തു കൊടുക്കുവാനും ആകുന്നു. വന്മരങ്ങൾ കാററുകൊണ്ടു വീണുപോകാതിരിക്കത്തക്കവണ്ണം വലിയ വേരുകൾ നാലുഭാഗവും വ്യാപിച്ചുകിടക്കുന്നു. വേരുകളുടെ പ്രവൃത്തികളേയും സ്വഭാവങ്ങളേയും അസ്പദമാക്കി അവയെ താഴെ പറയുംപ്രകാരം ഭാഗിച്ചിരിക്കുന്നു.

1 സാധാരണ വേരുകൾ — ഇവയ്ക്കു മൂന്നു ഭാഗങ്ങളുണ്ട്. ഒന്നാമത് ആണിവേര്. ഇതു മരത്തിൽനിന്നു തുടർന്നുകിടക്കുന്നതാകുന്നു. ഇതിനെ തായിവേർ എന്നുകൂടി പറയുന്നു. തായിവേരിൽനിന്നു പല ഭാഗങ്ങളിലേക്കും വ്യാപിച്ചുകിടക്കുന്ന പാർശ്വവേരുകൾ ആകുന്നു രണ്ടാമത്തെഭാഗം. പാർശ്വവേരുകളുടെ അഗ്രങ്ങളിൽ വേർതൊപ്പി എന്ന ഒരു സാധനം കാണാം. ഈ സാധനം വേർ മുന്നോട്ടു നീണ്ടുപോകുമ്പോൾ കല്ല്, മണ്ണ് മുതലായവയോടു തട്ടി കേടു വരാത്ത വിധത്തിൽ വേരിനെ കാക്കുന്നു. തെങ്ങു മുതലായ ഒററവിത്തിലച്ചെടികളുടെ വേരിന്നഗ്രത്തിലും ഈ സാധനം ഉണ്ടാകും. ആണിവേരിൽനിന്നും പാർശ്വവേരിൽനിന്നും മുടിപോലെ പല ഭാഗങ്ങളിലേക്കും ഉന്തിനിൽക്കുന്ന ചെറുവേരുകൾക്ക് കേശനാരുകൾ എന്നു പേർ. ഇതാകുന്നു മൂന്നാമത്തെ ഭാഗം. ഇതേമാതിരി വേരുകൾ കാററടിക്കുമ്പോൾ കുറെ അയഞ്ഞുകൊടുക്കുകയും കാററവസാനിച്ചാൽ തിരിയെ ചുരുങ്ങി മരത്തെ പൂർവസ്ഥിതിയിൽ നിർത്തുകയും ചെയ്യും.

2 ജടവേരുകൾ — ഇവ അധികം നീണ്ടു കിടക്കാതെ ചെടിയുടെ മുരട്ടുനാരുപോലെ പടർന്നുകിടക്കുന്നു. ഇവ വളരെ ഉറപ്പുകുറഞ്ഞതും മിക്കതും ഉള്ളു പൊള്ളയായതും ആകുന്നു. ഒററവിത്തിലച്ചെടികൾക്ക് ഇതേമാതിരി വേരുകളാണുള്ളത്. ഇവയ്ക്കു മണ്ണിനേയും പൂഴിയേയും ഉറപ്പിച്ചു കട്ടകളാക്കാൻ കഴിയും.

3. രസക്കട്ടിവേർ — ഇവ രസത്തോടുകൂടി തടിച്ചിരിക്കും. മുള്ളങ്കി, കേരട്ട് മുതലായവയ്ക്കു ഇതേമാതിരി വേരുകളുണ്ട്. എന്നാൽ ഇഞ്ചി മഞ്ഞൾ മുതലായവക്കു കാഴ്ചയിൽ ഇങ്ങനെയുള്ള വേരുകൾ പോലുള്ള ചില ഭാഗങ്ങൾ കാണുന്നുണ്ടെങ്കിലും അവ വേരുകളല്ല; അതു തടിയുടെ ഏതാനും ഭാഗങ്ങൾതന്നെ ഭൂമിക്കടിയിൽ പടർന്നുകിടക്കുന്നതാകുന്നു.

4 തൂണവേരുകൾ — (വേട്ടുകൾ) ഇവ തടിയിൽനിന്നു താഴോട്ടു ഇറങ്ങി ഭൂമിക്കടിയിൽ ചെന്നു സാധാരണ വേരുകൾപോലെ പല ഭാഗങ്ങളായി പിരിഞ്ഞുപോകുന്നു.

5 വായുവേരുകൾ—ചില ചെടികളുടെ തടിയിൽനിന്നും കൊമ്പുകളിൽനിന്നും ചുകപ്പോടുകൂടിയ വെള്ളനിറത്തിൽ ഒരുവക വേരുകൾ വായുവിൽ തൂങ്ങിക്കിടക്കും. അവയിൽ ചിലതിൽ മഴക്കാലത്തു വെള്ളത്തുള്ളികൾ തൂങ്ങിനിൽക്കുന്നതു കാണാം. ഈ വേരുകൾ വായുവിൽനിന്നു നീരാവിയേയും ജീവവായുവേയും വലിച്ചെടുത്തു സസ്യത്തിന്നു കൊടുക്കും.

6 ആശ്ലേഷവേർ—ഇവ കുരുമുളകുവള്ളി വെററിലവള്ളി ഇവയിൽ അധികമായി കാണപ്പെടുന്നു. മററു സസ്യങ്ങളിൽ പററിക്കയറുവാൻ ഇവ ഉപയോഗപ്പെടുന്നു. ഈ വേരുകൾ അവ പററിക്കയറുന്ന സസ്യത്തിന്നു യാതൊരുപദ്രവവും ചെയ്യുയില്ല.

7 കോതുവേർ—ഇതു് മറെറാരു വൃക്ഷത്തിൽ ഊന്നിനിന്നു് ആ വൃക്ഷത്തിൽനിന്നു തന്നെ ഭക്ഷണത്തെ സ്വീകരിക്കുന്നു. പുല്ലാഞ്ഞി, ആകാശവള്ളി, മുതലായവയ്ക്കു് ഇതേമാതിരി വേരുകളാണു് ഉള്ളതു്. കോതുവേരുള്ള ചെടികൾ അവ നിൽക്കുന്ന സസ്യത്തെ കേവലം നശിപ്പിച്ചുകളയാറുണ്ടു്.

8 ദ്വിതീയവേർ—ഇവ ചെടിയുടെ ഇലകൾ വീണുപോയ അടയാളങ്ങളിൽനിന്നു പൊട്ടിവരുന്ന വേരുകളാകുന്നു. കൊമ്പുകൾ മുറിച്ചു നട്ടുണ്ടാക്കുന്ന സസ്യങ്ങളിൽ ഈവക വേരുകൾ ഉണ്ടാകുന്നു.

എന്നാൽ മേൽപ്പറഞ്ഞ എല്ലാത്തരം വേരുകളും ഒരേ സസ്യത്തിൽ തന്നെ കാണപ്പെടുകയില്ല.

തടി—ഒരു സസ്യത്തിൻെറ തടി അതിൻെറ ശരീരമായി നിൽക്കുന്നു. കൂടാതെ അതുകൊണ്ടു് സസ്യത്തിന്നു മററു പ്രത്യേക ആവശ്യങ്ങളും ഉണ്ടു്. ഒന്നാമതു് ഇല, പുഷ്പം, എന്നിവയെ താങ്ങി നിൽക്കുകയും, ഇലയേയും പുഷ്പത്തേയും സൂര്യപ്രകാശം, വായു, പ്രാണികൾ ഇവയ്ക്കു് എളുപ്പത്തിൽ പ്രവേശിക്കത്തക്കവണ്ണം വിടർത്തിവെക്കുകയും ചെയ്യുന്നു. രണ്ടാമതു വെള്ളത്തേയും മററു ഭക്ഷണപദാർത്ഥങ്ങളേയും വേരിൽനിന്നു ഇലകളിലേക്കും ഇലകളിൽനിന്നു വേരിലേക്കും കൊണ്ടുപോകുന്നു. മൂന്നാമതു് മേലിലേക്കു ഭക്ഷണസാധനങ്ങൾ സൂക്ഷിച്ചുവെക്കുന്നു. ഈ മൂന്നു മുഖ്യപ്രവൃത്തികൾക്കു പുറമെ വേറെയും ചില ആവശ്യങ്ങൾ തടി നിവൎത്തിക്കാറുണ്ടു്. അതായതു് ഇല കുറഞ്ഞ ചെടികളിൽ തടിതന്നെ പച്ചനിറത്തെ സ്വീകരിച്ചു ഇലകളുടെ പ്രവൃത്തികൂടി ചെയ്യുന്നു. കൂടാതെ ചില വള്ളികളുടെ തടികൾ ആശ്ലേഷവേരുകൾ കൂടാതെതന്നെ മററു വൃക്ഷങ്ങളെ ചുററിപ്പിടിച്ചു് കയറാറുണ്ടു്. ചില തണ്ടുകൾ ഭൂമിയുടെ അടിയിൽ പോയി മേൽ അവയവങ്ങളെ ഉറപ്പിച്ചു നിർത്തുന്നു. അധിക തടിമരങ്ങളിലും ചെറുതായ കണ്ണുകൾ ഉണ്ടു്. ഈ കണ്ണുകളിൽകൂടി ജീവവായു തടിയിലേക്കു പ്രവേശിക്കുന്നു. ചില തടികൾ തങ്ങൾക്കുതന്നെ വടുക്കളും മൊട്ടടയാളങ്ങളും ഇട്ടു് ആ വക സ്ഥലങ്ങളിൽനിന്നു പിന്നീടു കൊമ്പുകളോ വേരുകളോ പുറപ്പെടുവിക്കുന്നു.

തടിയുടെ ഭാഗങ്ങൾ.—ഒററവിത്തിലച്ചെടികൾക്കു പ്രധാനമായി രണ്ടുഭാഗങ്ങൾ മാത്രമേയുള്ളൂ. അവ പുറമെ കാണുന്ന ഓട്ടും ഇടയ്ക്കിടക്കു കാണുന്ന മുട്ടുകളുംതന്നെ. മുട്ടുള്ള ഒററവിത്തിലച്ചെടികളുടെ തടിയുടെ ഉള്ളു പൊള്ളയായിരിക്കും. എന്നാൽ മുട്ടുകളില്ലാത്ത ചിലതിൻെറ ഉള്ളിൽ ഉറപ്പുകുറഞ്ഞ ഒരുതരം സാധനം നിറഞ്ഞിരിക്കും. ഒററവിത്തിലച്ചെടികൾക്കു തടിയുടെ പുറമെ തോൽ ഇല്ല. എന്നാൽ തെങ്ങു കമുകു മുതലായവയ്ക്കു തടിയുടെ പുറമെ തോൽപോലെ ഒരു സാധനം കാണുന്നുണ്ടെങ്കിലും അവ തടിയിൽ അടങ്ങിയ ആരുകളുടെ അററങ്ങൾ തന്നെയാണു്. ഇവ പിലാവു്, മാവു മുതലായതിൻെറ തോൽ പൊളിച്ചെടുക്കുന്ന വിധത്തിൽ പൊളിച്ചെടുപ്പാനും സാധിക്കുന്നതല്ല. എന്നാൽ ഇരട്ടവിത്തിലച്ചെടികളുടെ തടി മേല്പറഞ്ഞ ഒററവിത്തിലച്ചെടിയുടെ തടിയിൽനിന്നും വളരെ വ്യത്യസ്ഥപ്പെട്ടിരിക്കും. അവയ്ക്കു തടിയിൽ പല ഭാഗങ്ങൾ ഉണ്ടു്. ഒന്നാമതു നേരിയ പുറംതോലും അതിനുള്ളിൽ തടിച്ച അകംതോലും അതിനുള്ളിൽ കുത്തനെയുള്ള ആരുകളാൽ ഉണ്ടാക്കപ്പെട്ട ഒരു കുഴൽക്കെട്ടും അതിനകത്തു കാതലും ഉണ്ടായിരിക്കും. ഇതിൽ ആരിൽ കുഴൽക്കെട്ടു എന്ന ഭാഗത്തെ ഉറപ്പുള്ള മരം എന്നും ഉറപ്പുകുറഞ്ഞ പതിർ എന്നും രണ്ടായി ഭാഗിക്കാം. ചില സസ്യശാസ്ത്രജ്ഞന്മാർ തടിമരത്തെ 1 കാതൽ, 2 ദാരു, 3 കാമ്പിയം, 4 അകംതോൽ, 5 പുറംതോൽ ഇങ്ങനെ അഞ്ചുഭാഗങ്ങളായി ഭാഗിച്ചിരിക്കുന്നു. വൃക്ഷങ്ങൾ കാ

ന്ധിയത്തിൽനിന്നു ഉള്ളിലോട്ടു അട്ടിയട്ടിയായി തടിക്കുന്നതിനാൽ ആ അട്ടികളുടെ എണ്ണം നോക്കി അവയുടെ വയസ്സു നിർണ്ണയിക്കാറുണ്ടു്. പന മുതലായ ഒററവിത്തിലസസ്യങ്ങൾക്കു മേൽപ്രകാരം ഭാഗങ്ങൾ കാണുകയില്ലെങ്കിലും അവയുടെ ഇലകൾ വീണുപോകുമ്പോൾ തടിയിൽ ഉണ്ടാകുന്ന മോതിര അടയാളങ്ങൾ നോക്കി അവയുടെ വയസ്സും ഗണിക്കാറുണ്ടു്.

തടികൾക്കെല്ലാം കമ്പുകളും കമ്പിടകളും ഉണ്ടു്. വലിയവൃക്ഷങ്ങളിൽ അവ ശോഭിച്ചു കാണുകയില്ലെങ്കിലും അവയുടെ ചെറുപ്രായത്തിലും ചെറുചെടികളിലും ഇവ ശോഭിച്ചുകാണും. കമ്പുകളിൽ നിന്നാണ് ഇലകളും കൊമ്പുകളും പുറപ്പെടുന്നതു്. ഇതുകൂടാതെ ചില ചെടികൾക്കു ആശ്ലേഷവേരുകളോ ദ്വിതീയവേരുകളോ പുറപ്പെടും.

ചില ചെടികളുടെ ഇലകളും തടിയുടെ ഏതാനും ഭാഗവും വേനൽക്കാലത്തു നശിച്ചുപോകുന്നുവെങ്കിലും തടിയുടെ ശേഷംഭാഗം നശിക്കാതെ ഭൂമിക്കടിയിൽ നിൽക്കുകയും പിന്നത്തെ അനുകൂലകാലം വരുമ്പോൾ അവ വീണ്ടും കിളുക്കുകയുംചെയ്യും. ഇങ്ങനെയുള്ള തടികൾക്കു ഭൂമിക്കടിയിലെ തടികൾ എന്നുപേർപറയുന്നു. ഈ തരത്തിൽ പലകിഴങ്ങുകളും പെടും. ഇവ ആകൃതിയിൽ പലതരമുണ്ടു്. ചിലതു ഇഞ്ചി, മഞ്ഞൾ, കൂവ മുതലായവയെപോലെ നീണ്ടതായതുകൊണ്ടു ഇവക്കു റിസോം (നീളക്കിഴങ്ങു) എന്നും ചിലതു പൊട്ടററൊ, കൂർക്ക, ചേന മുതലായവയെപ്പോലെ ഉരുണ്ടതായതുകൊണ്ടു ട്യൂബർ (ഉരുളക്കിഴങ്ങു)എന്നും ചിലതു കാന്താങ്ങ, ചേമ്പു മുതലായവയെപ്പോലെ കട്ടിയായതിനാൽ ക്രോം (കട്ടിയുണ്ടക്കിഴങ്ങു) എന്നും പേർ. മറെറാരുവകക്കു ബൽബ് (പത്രക്കിഴങ്ങു) എന്നു പേർ. ഇവക്കു നടുവിൽ ഒരു തണ്ടുണ്ടു്. ഈ തണ്ടിന്റെ രസമുള്ള ഇലകൾകൊണ്ടു പൊതിഞ്ഞു ആകപ്പാടെ ഒരു ഇലയുടെ ഉണ്ടപോലെ ഇരിക്കും. ചുകന്നുള്ളി വെളുത്തുള്ളി മുതലായവ ഈ വർഗ്ഗത്തിൽപ്പെട്ടവയാകുന്നു. മേൽപ്പറഞ്ഞവ ഭൂമിയിൽ സ്ഥിതിചെയ്യുന്നതുകൊണ്ടു അവ വേരുകളാണെന്നു ശങ്കിച്ചുപോകും. ഇവക്കു സന്തത്യുല്പാദനത്തിനു ആവശ്യമായ വിത്തുകൾ ഇല്ലാത്തതിനാൽ തന്നെത്തന്നെ രക്ഷിപ്പാനും കുടുംബത്തെ നിലനിറുത്തിപ്പോരാനുംവേണ്ടി തടിതന്നെ ഭൂമിക്കടിയിൽ പോയി കിടക്കുന്നതാകുന്നു.അവയിൽ നിന്നും മൊട്ടുകളും ഇലകളും ഉണ്ടാകുന്നതുകൊണ്ടും അവ ഇലഞെട്ടുകളുടെ കവചത്തിൽനിന്നുത്ഭവിക്കുന്നതുകൊണ്ടും അവയെ സാധാരണ വേരുകളിൽനിന്നും വ്യത്യാസപ്പെടുത്തി തിരിച്ചറിയാം.

ഇല—ഇലകളെപ്പററി പറയുന്നതിനു മുമ്പു മൊട്ടുകളെപ്പററി ചിലതു പ്രസ്താവിക്കേണ്ടിയിരിക്കുന്നു. മൊട്ടുകൾ രണ്ടുവിധത്തിലുണ്ടു്. അവ പുഷ്പമൊട്ടു് ഇലമൊട്ടു് എന്നിവതന്നെ. പുഷ്പമൊട്ടുകളിൽനിന്നും പുഷ്പങ്ങളും, ഇലമൊട്ടിൽനിന്നു ഇലകളും ഉണ്ടാകും. ഇലമൊട്ടു മുതിൎന്നു ഇളംശാഖകളും ആയിത്തീരും. ഒരു ഇല വീണാൽ അതിന്റെ മേൽഭാഗത്തു ഒരു ചെറിയമൊട്ടും കാണാം. പിന്നത്തെ അനുകൂലകാലം വരുമ്പോഴോ മുകൾഭാഗം മുറിച്ചുകളഞ്ഞാലോ ആ മൊട്ടുവളൎന്നു കൊമ്പും ഇലയും ആയിത്തീരും. ഇലമൊട്ടുകൾ തന്നെ തുഞ്ചമൊട്ടു, കവച്ചമൊട്ടു, കള്ളമൊട്ടു ഇങ്ങനെ മൂന്നുവിധമുണ്ടു. കൊമ്പിന്റെ അററത്തുള്ളതു തുഞ്ചമൊട്ടും ഇലയുടെ മുരട്ടിലുണ്ടാകുന്നതു കവച്ചമൊട്ടും കമ്പിടകളിൽ യദൃച്ഛയാ ഉണ്ടാകുന്നതു കള്ളമൊട്ടും ആകുന്നു. മിക്കസസ്യത്തിന്റെയും മൊട്ടുകളെ പൊതിഞ്ഞുകൊണ്ടു ഒരുതരം രോമം ഉണ്ടായിരിക്കും. ഈരോമം ശത്രുക്കളിൽനിന്നും മൊട്ടിനെ കാത്തുരക്ഷിക്കുന്നു. തടിമേൽ ഉരുണ്ടു നീണ്ടുകിടക്കുന്ന ഞെട്ടി എന്ന ഇലത്തണ്ടിന്മേലാകുന്നു ഇലകൾ ഉണ്ടാകുന്നതു. ഈ ഇലത്തണ്ടു മാവിലപോലെയുള്ള ചില ഇലകളിൽ ഒരുവശത്തും വെളിയിലപോലെയുള്ളതിൽ ഇവ മദ്ധ്യത്തിലും ആകുന്നു ചേരുന്നതു്.

ഇലക്കു ഞെട്ടി, മുളഞരമ്പു, ശാഖാഞരമ്പുകൾ, അലകുകൾ എന്ന നാലുഭാഗങ്ങൾ ഉണ്ടു്. മുളഞരമ്പില്ലാതെതന്നെ ഞെട്ടിൽനിന്നു നാലഞ്ചുഞരമ്പുകളായി പിരിഞ്ഞുപോകുന്നവയുംഉണ്ടു. കരിമ്പിന്റെ ഇലപോലെ തണ്ടില്ലാത്തഇലകൾ തൃണവൎഗ്ഗങ്ങളിൽകാണാം. എങ്കിലും ഇരട്ടവിത്തിലച്ചെടികൾക്കു മേൽപ്പറഞ്ഞ നാലുഭാഗങ്ങൾ ഉണ്ടായിരിക്കും.

ഒരു ഇലയെ ശക്തിയുള്ള ഭൂതക്കണ്ണാടിയിൽകൂടി നോക്കിയാൽ അതിന്റെ മേൽഭാഗത്തും കീഴ്ഭാഗത്തും നേരിയ തോലുകളും മേൽഭാഗത്തെ തോലിനു ചോടെ കീഴക്കാംതൂക്കമായി നീണ്ടുകിടക്കുന്ന ചെറുകോശങ്ങളും, അവയുടെ ചോടെ കീഴ്തോലിന്റെ മീതെ ഇടവിട്ടി

രിക്കുന്ന ഉരുണ്ട ചെറു അറകളും കാണും. ഈ അറകളിൽ വായു നിറഞ്ഞിരിക്കും. ഇവ കൂടാതെ വരിവരിയായി കിടക്കുന്ന ചെറുഗോളങ്ങൾ ഇലകളിൽ അവിടവിടെ ഉണ്ടായിരിക്കും. ഈ വരികളാകുന്നു ഇലയുടെ ചെറുഞരമ്പുകൾ. മേൽപറഞ്ഞ ഗോളങ്ങളുടെ ചുററും ക്ലോറൊഫിൻ എന്ന അണുപ്പൊട്ടുകൾ ഉണ്ട്. ഇവയാകുന്നു ഇലയ്ക്കു പച്ചനിറംകൊടുക്കുന്നതു്. ഇതു സസ്യങ്ങൾ ഭൂമിയിൽനിന്നു വലിച്ചെടുക്കുന്ന ഇരിമ്പിൻസിന്ദൂരങ്ങളാൽ ഉണ്ടാകുന്നതാകുന്നു. ഈ അണുപ്പൊട്ടുകൾ അധികവും ഇലയുടെ മേൽഭാഗത്തു് സ്ഥിതിചെയ്യുന്നതിനാൽ മേൽഭാഗം അധികം പച്ചയായിരിക്കും. മേൽപറഞ്ഞ ഗോളങ്ങളുടെ ഇടയിൽക്കൂടി ചെറുതായ വിസർജ്ജനക്കുഴലുകൾ താഴോട്ടുപോയി പുറത്തേക്കു തുറന്നുകിടക്കുന്നു. വെള്ളത്തിൽ വളരുന്ന താമരയിലകൾക്കും മററും വിസർജ്ജനക്കുഴലുകൾ അധികവും മേൽഭാഗത്തേക്കാണു പോകുന്നതു്. ഈ കുഴലുകൾക്കു് ഇലക്കുഴലുകൾ എന്നു പേർ. നീരാവി ചെടികളിൽനിന്നു വായുമണ്ഡലത്തിലേക്കു പോകുന്നതു് ഈ കുഴലുകളിൽക്കൂടിയാകുന്നു.

ഇലകളെ പലതരത്തിൽ വകതിരിക്കാം. ഞരമ്പുകളുടെ ഗതിനോക്കി അവയെ 'സമദൂരഞരമ്പില' 'വലഞരമ്പില എന്നീ രണ്ടു വകയാക്കാം. സമദൂരഞരമ്പിലകൾ ഒററപ്പരിപ്പുസസ്യങ്ങളിലും വലഞരമ്പിലകൾ ഇരട്ടപ്പരിപ്പുസസ്യങ്ങളിലും കാണുന്നു. സമദൂരഞരമ്പിലകളെ പ്രയാസംകൂടാതെ നേരെ ചീന്തുവാൻ കഴിയും. എന്നാൽ വലഞരമ്പിലകൾ ഇലത്തണ്ടിൽക്കൂടിയല്ലാതെ അലകുകളിൽക്കൂടി നേരെ ചീന്തുവാൻ കഴിയുന്നതല്ല.

ഇലകളുടെ ആകൃതിനോക്കി ഭാഗിക്കയാണെങ്കിൽ അവയെ പലതരത്തിൽ ഭാഗിക്കാമെങ്കിലും പ്രധാനമായി അഞ്ചു തരങ്ങളായി ഭാഗിച്ചിരിക്കുന്നു. അവ അണ്ഡാകൃതി, കിഡ്നിആകൃതി, ഹൃദയാകൃതി, ഒബ്ളോങ്ങ് ആകൃതി, കുന്താകൃതി എന്നിവയാകുന്നു. ഇലകളുടെ വക്കു് നോക്കിയും ഇലകൾ തണ്ടോടു് (തടിയോടു്) ചേരുന്ന സ്വഭാവം നോക്കിയും അവയെ പലതരത്തിൽ ഭാഗിച്ചിട്ടുണ്ടു്. കുരുമുളകിലപോലെയുള്ള ചില ഇലകൾ വക്കു് വളരെ മിനുസമുള്ളതും, മത്തനിലപോലെയുള്ള ചിലതു് വക്കു് ഉരുണ്ട പല്ലുകളോടുകൂടിയതും, കൊടിത്തൂവയിലപോലുള്ള ചിലതു മുന്നോട്ടുന്തിയ പല്ലുകളോടുകൂടിയതും ആകുന്നു. ഇലകൾ തടിയോടു ചേരുന്നതു് ഒന്നിനൊന്നു 90° വ്യത്യാസപ്പെട്ടും മററു ചിലവ 60°, 45°, 30°, 15°, ഇങ്ങനെ വ്യത്യാസപ്പെട്ടും ആയിരിക്കും. ചില ചെടികളിൽ ഇലകൾ ജോടായിട്ടും എതിരായിട്ടും ഉണ്ടാകും. ചിലതിൽ ജോടുകൾ ഒന്നിനു മീതെ ഒന്നു് 90° വ്യത്യാസപ്പെട്ടും കാണും.

ഇലകൾ ഒററയിലകളോ മിശ്രിതയിലകളോ (കൂട്ടിലകളോ) ആയിരിക്കും. മിശ്രിതയിലകൾ തണ്ടിന്നകത്തുനിന്നു് വിശറിപോലെ എല്ലാഭാഗത്തേക്കും നീണ്ടുപോകയോ തണ്ടിൽനിന്നു രണ്ടു ഭാഗത്തേക്കും തൂവലിൻെറ ആകൃതിയിൽ പുറപ്പെട്ടുപോകയോ ചെയ്യും.

എല്ലാസസ്യങ്ങളിലും പുതിയ ഇലകൾ ഉണ്ടാകുമ്പോൾ പഴയ ഇലകൾ വീണുപോകുന്നു. ഒരുചെടിക്കു് ആവശ്യമുള്ളതിലധികം ഇലകൾ ഉണ്ടായാൽ ചെടിയിൽനിന്നു അധികം വെള്ളം ആവിയായി നഷ്ടപ്പെട്ടു് പോകുന്നതിനാൽ ചെടികൾ ഇലകളെ കൊഴിച്ചുകളയുന്നു. ഉഷ്ണകാലങ്ങളിൽ ഇലകളിൽക്കൂടി അധികം നീരാവി നഷ്ടപ്പെട്ടു പോകുന്നതിനാലും ആവശ്യത്തിനനുസരിച്ചു വെള്ളം ഭൂമിയിൽ കിട്ടാത്തതിനാലും മുരിക്കു് അമ്പഴം മുതലായ സസ്യങ്ങൾ ഇലകളെ മുഴുവനും കൊഴിച്ചുകളയുന്നു. ഇലകൾക്കു പ്രായമെത്തിയാൽ തടിയുടേയും ഞെട്ടിയുടേയും നടുവിൽ ഒരു നേരിയ തോൽ ഉണ്ടാകയും ആ തോൽ ഇലയിലേക്കു വരുന്ന ഭക്ഷണം വെള്ളം ഇവയെ തടുത്തുകളകയും ചെയ്യുന്നതിനാൽ പഴുത്തുവീണുപോകുന്നു. ഇങ്ങനെ ഇലകൾ വീണുപോകുന്ന സ്ഥലത്തു് ഒരു അടയാളം ഉണ്ടായിരിക്കുമെങ്കിലും അവിടെ യാതൊരു ദ്വാരവും ഉണ്ടായിരിക്കയില്ല.

ഇലകൾ മുഴുവനെ കൊഴിച്ചുകളയുന്ന സസ്യങ്ങൾ അവയ്ക്കു രണ്ടാമതും ഇലകൾ ഉണ്ടാകുന്നതുവരെ അവയുടെ ഇളംതടികളെക്കൊണ്ടു ഇലകളുടെപ്രവൃത്തികൂടി നിർവ്വഹിക്കുന്നു:

ഇലകളുടെപ്രവൃത്തികൾ—ഇലകളെക്കൊണ്ടു സസ്യത്തിന്നു അതിൻെറ ജീവിതത്തിൽ പല കാര്യങ്ങളും നിവൎത്തിക്കേണ്ടതുണ്ടു്. ജന്തുക്കൾക്കു് മൂക്കു് എങ്ങനെയോ അതുപ്രകാരമാണു്. സസ്യങ്ങൾക്കു് ഇല എന്നു പറയാം. സസ്യങ്ങൾക്കു് ആവശ്യമായ അംഗാരാമ്ലവായുവേയും ജീവവായുവേയും അധികമായി വലിച്ചെടുക്കുന്നതു് ഇലകളാകുന്നു. ഇവ മേൽ

പറഞ്ഞ സാധനങ്ങളെ വലിച്ചെടുത്തു തടിയിലേക്കും വേരിലേക്കും അയക്കുന്നു. അവിടെവെച്ച് ജീവവായു വേരിനാൽ വലിച്ചെടുക്കപ്പെട്ട ഭക്ഷണസാധനങ്ങളെ ദഹിപ്പിച്ചു സസ്യത്തിനുപയുക്തമാക്കിത്തീർക്കുന്നു. ഇലകളുടെ മറ്റൊരു പ്രവൃത്തി സസ്യശരീരത്തിലെ വെള്ളത്തെ ആവിയാക്കി വിടുകയാകുന്നു. ഇവ ഇങ്ങനെ വെള്ളത്തെ ആവിയാക്കി വിടുന്നതിനാൽ വേരിൽനിന്നു വീണ്ടും വീണ്ടും ഭക്ഷണസാരത്തോടുകൂടിയ വെള്ളം സസ്യത്തിന്റെ എല്ലാ ഭാഗങ്ങളിലേക്കും സഞ്ചരിപ്പാനിടയാകുന്നു. കൂടാതെ ഇലകൾ വായുവിൽനിന്ന് അംഗാരാമ്ലത്തെ വലിച്ചെടുത്തു ജീവികളുടെ ഭക്ഷണാംശത്തിൽ ഒരു പ്രധാന ഭാഗമായ അംഗാരവർഗ്ഗത്തെ സൃഷ്ടിക്കുന്നു.

സസ്യങ്ങളുടെ ഭക്ഷണവും അവ സ്വീകരിക്കുന്ന വിധവും—സസ്യങ്ങളുടെ ഭക്ഷണം പ്രധാനമായി ധാതുവർഗ്ഗത്തിൽപെട്ട പലതരം ഉപ്പുകളും ചീഞ്ഞടിഞ്ഞ പലതരം സസ്യദ്രവ്യങ്ങളും വെള്ളവും ആകുന്നു. എന്നാൽ എല്ലാ സസ്യങ്ങൾക്കും എല്ലാവിധ ഉപ്പുകളും ആവശ്യമില്ലെന്നുമാത്രമല്ല ചിലതരം ഉപ്പുകൾ ചില സസ്യങ്ങൾക്ക് ദ്രോഹവും കൂടി ചെയ്യുന്നതാകുന്നു. കല്ലുപ്പ് തെങ്ങ്, മുത്താറി, ചവൊക്ക, മുതലായവയ്ക്ക് വളരെ ഗുണം ചെയ്യുമെങ്കിലും ഉരുളക്കിഴങ്ങ് വാഴതിന, മുകുന്നമുളക് ഇവയ്ക്കു വെടിയുപ്പാണ് വളരെ പത്ഥ്യം. ഉരുക്കുപ്പ്, പാഷാണഉപ്പ്, ഇവ എല്ലാ ചെടികൾക്കും ആവശ്യമാണ്. ഇവയൊക്കെ ഭൂമിയിൽനിന്നു വേരിൽകൂടെ വലിച്ചെടുക്കുന്നു. ഇവ കൂടാതെ വായുമണ്ഡലത്തിലുള്ള അമോണിയബാഷ്പവും സസ്യങ്ങൾക്കു വളരെ ആവശ്യമായ ഭക്ഷണപദാർത്ഥമാകുന്നു. ഈ ബാഷ്പം മഴയോടുകൂടി ഭൂമിയിൽ പതിക്കയും അവിടെവെച്ച് അതു് സസ്യഭക്ഷണമായി തീരുകയും ചെയ്യുന്നു. എന്നാൽ സസ്യങ്ങൾക്ക് വെള്ളത്തിൽ കലന്നനിലയിൽ മാത്രമേ ഭക്ഷണം സ്വീകരിപ്പാൻ കഴികയുള്ളു. ഇങ്ങനെ വേരിൽകൂടി സസ്യം വലിച്ചെടുക്കുന്ന ഭക്ഷണത്തെ സസ്യശരീരത്തിലുള്ള സസ്യദ്രാവകവും ജീവവായുവുംകൂടി ദഹിപ്പിച്ചു സസ്യത്തിന്റെ എല്ലാ ഭാഗങ്ങളിലേക്കും എത്തിക്കും. സസ്യങ്ങൾ വേരിൽകൂടിയല്ലാതെ വായുവിൽനിന്നും ഇലകളിൽകൂടിയും ചില ഭക്ഷണസാധനത്തെ വലിച്ചെടുക്കുന്നുണ്ട്. അതു് വായുവിലുള്ള അംഗാരാമ്ലമാകുന്നു. ഒരു മനുഷ്യൻ ദിവസത്തിൽ ഏഴിൽ രണ്ട് ഔൺസ് അംഗാരാമ്ലത്തെ പുറത്തു വിടുന്നു. ഇങ്ങനെ എത്രയോ ലക്ഷോപലക്ഷം ജീവികൾ ദിവസേന പുറത്തു വിടുന്ന അംഗാരാമ്ലത്തെ മുഴുവനും വലിച്ചെടുക്കുന്നതു സസ്യങ്ങളാകുന്നു. അവ അംഗാരാമ്ലത്തെ വലിച്ചെടുത്ത് ജീവവായുവെ പുറത്തേക്കു വിടുന്നുണ്ടെങ്കിലും സൂര്യപ്രകാശം ഇല്ലാത്തപ്പോഴും പൂക്കുന്ന കാലത്തും അവ ജീവവായുവെ തന്നെയാണ് സ്വീകരിക്കുന്നതു്. ജീവവായുവെ അധികം വലിച്ചെടുക്കുന്നതു് ഇളം ഇലകളും തടിയും ആകുന്നു. വായുമണ്ഡലത്തിലെ ഉഷ്ണമാത്ര വളരെ കുറഞ്ഞുപോയാൽ ഇവയ്ക്കു ജീവവായുവെ വലിച്ചെടുക്കാൻ കഴിയുന്നതല്ല.

ജീവികളുടെ ശരീരത്തിലുള്ള പേശിനാരുകൾ ഒരുമിച്ചുചേർന്നു മാംസക്കട്ടയായി കാണുന്നപ്രകാരം സസ്യങ്ങളുടെ തടിയായി കാണപ്പെടുന്നതു് ചെറു ആരുകളുടെ കൂട്ടമാകുന്നു. ഈ ആരുകളുടെ ഇടയിൽ ചെറുകുഴലുകൾ നീണ്ടുകിടക്കുന്നുണ്ട്. ഈ കുഴലുകൾ ഉണങ്ങിയ ചില വള്ളികളിൽ പ്രത്യക്ഷമായി നമുക്കു കാണ്മാൻ കഴിയുന്നതാകുന്നു. വേരിൽനിന്നു സസ്യത്തിന്റെ മറ്റു ഭാഗങ്ങളിലേക്കു ഭക്ഷണം സഞ്ചരിക്കുന്നതും ഇലകൾ വലിച്ചെടുത്ത അംഗാരത്തെ കറയായി താഴോട്ടു കൊടുക്കുന്നതും ഈ കുഴലുകളിൽകൂടിയാകുന്നു. കറകൾ(ഭക്ഷണച്ചാർ) മേലോട്ടു സഞ്ചരിക്കുന്നതു തടിയുടെ ദാരുവിൽകൂടിയും കീഴോട്ടു സഞ്ചരിക്കുന്നതു് പതിരിൽകൂടിയും ആകുന്നു.

(തുടരും)

---

# സരോജിനി.

---

iii

(ചാത്തന്നൂർ, സി. പി. കേശവൻവൈദ്യൻ)

സ്ഫുടമുയരുമുദീർണ്ണരാഗചിന്താ-തടിനി, കരൾക്കളെ മുക്കൊടാക്രമിക്കേ
കടുതരകദനൈകലക്ഷ്യയാമ-മ്മടുമലർമേനി കുളിച്ചു കണ്ണുനീരിൽ. (25)

ക്ഷണമഥ ദുരദൃഷ്ടമോർത്തുമുദ്യൽ-പ്രണയമെഴും കമിതാവിനേ സ്മരിച്ചും
അണകവിയുമഴൽപ്രവാഹവാപ്പിൽ-പ്രണയസമുന്മിഷദന്തരംഗ കേണാൽ (26)

തെരുതെരെയെഴുമൂർമ്മിപോലെ ചിന്താ-നിരഹൃദയത്തിലവൾക്കു പാഞ്ഞുകേറി
കരുമനയെ വളർത്തി, ഞാനതിൽ തെ-ല്ലൊരുവിധമിക്കടലാസ്സിലാക്കിടട്ടേ (27)

ഘനവിഭവ വിശിഷ്ടനെന്റെ താതൻ-ദിനമനുഹന്ത! മദീയശൈശവത്തിൽ
വിനയഭരിതയായൊരെന്നിലേറെ-ക്കനിവു വഹിച്ചു കൃതാർത്ഥ ഞാൻ വളർന്നു. (28)

മതിമധുരമദീയശൈശവത്തിൻ-സ്ഥിതി, പരിപൂർണ്ണസുഖം വഴിഞ്ഞിരുന്ന
സ്മൃതിസുഖമരുളും കിനാവുപോലി-ന്നതു മറവായ് മതിമങ്ങി ഞാൻ വ്യഥിച്ചു. (29)

യുവതിസഹജ ശുദ്ധരാഗമാരാ-ലവികലമാർന്നിട്ടുമെന്റെ യൌവനം ഹാ!
സുവിഹിതനവഗന്ധി കാട്ടുപൂവിൻ-ഭവികമണിഞ്ഞു പരം പരുങ്ങിടുന്നു. (30)

അനുക, നനഘസദ്ഗുണങ്ങളാലെൻ-മന,മഥവാ ഹതഭാഗ്യയായിട്ടും ഞാൻ
അനുകഹൃദയ,മീശപരേച്ഛയാലേ-തനതുസുഖത്തിനു ഹന്ത! കീഴടക്കി. (31)

ഗുണകുസുമയശസ്സു ഗന്ധമൻപോ-ടണിയുമൊരെൻ ദയിതാനവദ്യവൃക്ഷം
പ്രണയദഹനദീപ്തിയിൽ ദഹിപ്പൂ-തണലിലിരുന്നിനി ഞാൻ സുഖിക്കുമോപാൻ (32)

അനുദിനമുലകിൽ സുഖാനുഭോഗം-ജനമതിതൃഷ്ണകലർന്നു തേടിടുന്നു
ഘനരുജയരുളുന്നു ഹന്ത! ദൈവം-മനുജനിതിന്റെ രഹസ്യമെന്തറിഞ്ഞു? (33)

ഒരുവനൊരു വരാംഗിയിൽ ജനിക്കാം-സ്ഥിരമനുരാഗ,മവൾക്കു മറ്റൊരാളിൽ
പെരുകിടുമഭിലാഷമെന്നുവന്നാൽ-നരഹൃദയം നരകം രചിച്ചിടുന്നു. (34)

ഹരി! ഹരി! കദനാന്ധകാരസിന്ധു-ത്തിരയിൽ യുവാക്കളെ വീഴ്ത്തുവാൻ ജഗത്തിൽ
കരുതുകിലയഥാർത്ഥദമ്പതിത്വം-ഗുരുതര ദുർവ്വിഷശക്തിയുദ്ഭവിപ്പൂ (35)

പരമഹിതമറിഞ്ഞിടാതെ സാക്ഷാൽ-പരമപുമാന്റെ ഹിതം ഗണിച്ചിടാതേ
ധരയെനിരയവാസഭൂമിയാക്കാൻ-നരർ മുതിരുന്നിതു സാഹസപ്രിയന്മാർ (36)

അഭിമതവരലബ്ധി, നാരികൾക്കി-ങ്ങഭിനവജീവിതദാത്രിയെന്നുകേൾപ്പൂ
അഭിജനത നടിപ്പൊരെന്റെ താത-പ്രഭൃതികളിക്കഥ വിസ്മരിച്ചു കഷ്ടം!! (37)

അനുദിനമിവളുന്മനസ്ക കഷ്ടം!-ഘനരതിയേതൊരു സൽപ്പുമാനിൽ വച്ചു
അനഘനവനലഭ്യനെന്നുവന്നി-ജ്ജനകഹിതൈഷിണി ഖിന്നയായിടുന്നു. (38)

മദഭിമുഖഹൃദന്തനോമനത്തു-മൃദുമുഖകാന്തിയൊടെൻ മനസ്സിൽ വാഴ്വോൻ
ഹൃദയദയിതനെന്നെയോർത്തു കേഴ്വൂ-വിദയവിധിക്കെഴുമുഗ്രലീലയാലേ. (39)

ഹതഹൃദയ,മനന്യരാഗനാമെൻ-പതിവിപദബ്ധിയിൽ വീണതായ് നിനപ്പൂ
സുദൃഢമിഹ നിരാശയാകുമിത്തിൽ-പ്പുതുവിഷവല്ലരി ജീവിതദ്രുമൂടി (40)

ഉലകിലിനിയഹോ! നിരാശ്രയം ഞാൻ-ചലസുഖഭോഗമിരന്നു ഖിന്നയായി
വിലനിലയിവയേ ത്യജിച്ചു ചിന്താ-ജ്വലനനിൽ വീണുദഹിച്ചുതന്നെപോകും. (41)

അനവധി ധനമെൻസുഖത്തിനോമൽ-ജനകനതിശ്രമമാർന്നു സംഭരിപ്പൂ
തനയയിവൾ നിതാന്തദുഃഖമോടി-ങ്ങനെ ഭുവനത്തിലൊരെത്രനാൾ നയിക്കും (42)

മതിമതി കഥ കഷ്ടമോർക്കിലെന്തെൻ-ഗതി? നിയതം വ്യഥയെന്നെ മൂടിടുന്നു.
ക്ഷിതിയിലിനിയിവൾക്കു ഭാഗധേയോ-ദ്ഗതിയരുളുന്ന ദിനങ്ങളില്ലതന്നെ. (43)

അവളിതുവിധമോർത്തു കണ്ണടച്ചാൽ-നവമൃദുലാവയവങ്ങളിൽ സവേഗം
സ്വവദനകമലം തുടച്ചുപിന്നെ-സവിധസരസ്സിലൊരൊറ്റനോക്കു നോക്കി (44

സ്ഫുടമഥ വിഷദന്താാള ഭുവിൽ—പൂട്ടനെട്ടവീപ്പോട്ട വിഹപലാംഗി നോക്കി
വടിവിലവിടെനിന്നിരുന്ന താരാ—പടലി മൃദുസ്മിതരശ്മിയാൽ വിളിച്ചു. (45)

നെടിയൊരു കട്ടമിന്നൽ പാഞ്ഞുന്നേത്തിൽ—ഝടിതിപകന്നിതു ഭാവമോമലാളിൽ
ചടുലമിഴി, സരോവരാന്തികത്തിൽ—തടിദമലപ്രഭ തൂവിയോടിയെത്തി. (46)

കുളിർമതികിരണം പതിച്ചു വെള്ളി—ത്തളികകണക്കു തിളങ്ങിടും കയത്തിൽ
പുളകിതമൃദുഗാത്രി ശോകഭാരം—കളവതിനന്നിമറഞ്ഞു ശാന്തി! ശാന്തി!! (47)

പാകത്തിലുൾക്കടമുയൊന്നൊരുപാവനാനു—
രാഗാഗ്നിയിൽ സതി, സരോജിനി, നീ ദഹിച്ചു;
പോകട്ടെ, സുപ്രണയവല്ലരി സൗമനസ്യ—
സൗഭാഗ്യമോടപരജന്മനിവാച്ചിടട്ടേ! (48)

---

# *“[illegible]ാമദേവൻ”

(ചെറുകഥ)

(എ. കെ. ഇ.)

“ഇപ്പോഴോ, അമ്മു! നിനക്കുസന്തോഷമായോ?”

“തരക്കേടില്ല, അത്രമാത്രം. പക്ഷെ, ആ വയലിൽക്കൂടി ഒന്നു നടക്കാൻസാധിച്ചെങ്കിൽ എനിക്കു കുറേക്കൂടി ഇഷ്ടമായേനേ.”

“കേൾക്കണേ കുട്ടിയുടെ സംസാരം! സത്യമായിട്ടും നിന്നേപ്പോലെ ഒരുത്തിയെ ഞാനിതുവരെ കണ്ടിട്ടില്ല. അതെന്തുമാതിരി വയലാണെന്ന് ആരറിയുന്നു? എന്നാലും അതിൽക്കൂടി ഒന്നു നടന്നുമാറിയാവൂ! അസ്വാഭാവികങ്ങളായ ആഗ്രഹങ്ങളല്ലേ നിനക്ക് ഉണ്ടാകാറുള്ളു?”

ഇപ്രകാരമുള്ള ആക്ഷേപം കേട്ടപ്പോൾ ആ ബാലിക പൊട്ടിച്ചിരിച്ചുകൊണ്ടു പറഞ്ഞു:—“ഇളയമ്മേ! ആഗ്രഹങ്ങളെല്ലാംതന്നേ മിക്കവാറും ആപൽക്കരങ്ങളാണ്. ആളുകൾ അവരുടെ പ്രവൃത്തികളിലാണ വിവേകമുള്ളവരായിരിപ്പാൻ ശ്രമിക്കുന്നതു്; ആഗ്രഹങ്ങളിലല്ല, അതുട്ടെ, പുറത്തേക്കുവരിക. അല്പമെങ്കിലും സ്വാതന്ത്ര്യം കിട്ടട്ടെ. ഈ പൊടിനിറഞ്ഞ വണ്ടിയിൽനിന്നും താഴത്തിറങ്ങി ഒന്നുനടക്കാൻ വാസ്തവത്തിൽ നിങ്ങൾക്കാഗ്രഹമില്ലേ? സത്യം പറയുക!”

“ഇല്ല, എൻെറകുട്ടീ! ഇല്ല.” വണ്ടിയുടെ ഇളക്കംകാരണം അങ്ങോട്ടുമിങ്ങോട്ടും ആടിക്കൊണ്ട് ഇളയമ്മ മറുപടിപറഞ്ഞു:

“ഞങ്ങൾ പഴയ ആളുകളാണ്. കണ്ട വയലുകളിലും വഴികളിലുമെല്ലാം ഓടിനടക്കാൻ ഞങ്ങൾക്കൊട്ടു താല്പര്യവുമില്ല. ദൈവമേ! എന്തൊരു ചൂടാണ്! എപ്പോഴാണ് ഇനി അവിടെ എത്തുക? നേരം പന്ത്രണ്ടുമണിയായിട്ടില്ല. എന്നിട്ടും കാററിൻെറ ഒരു ചൂട്! മടക്കത്തിനു എന്തൊക്കെയാണ് സംഭവിക്കാൻ പോകുന്നതെന്നു എനിക്കറിഞ്ഞുകൂടാ.”

അതു, അലഹബാദുപട്ടണമായിരുന്നു. പരിപാവനയായ യമുനാനദിയുടെ തീരത്തിലാണ റോഡു സ്ഥിതിചെയ്തിരുന്നതു്. ഒട്ടുവളരെ പൊടിപറപ്പിച്ചും തുടരെത്തുടരെ ശബ്ദങ്ങളുണ്ടാക്കിയുംകൊണ്ടു് ആ വണ്ടി റോഡിൽക്കൂടി പാഞ്ഞുകൊണ്ടിരുന്നു. നാലഞ്ചു സ്ത്രീകളും ഒരു കുട്ടിയും വണ്ടിക്കകത്തും, അല്പം പ്രായംചെന്ന ഒരു മാന്യൻ ഡ്രൈവരൊന്നിച്ചു വെളി

---

* ‘മോഡേൺ റിവ്യു’വിൽ സീതാദേവി എഴുതിയിരുന്നതാണ് ഈ കഥ.

യിലും ഇരുന്നിരുന്നു. അവരുടെ മാർഗ്ഗദർശിയായ ഒരു ഹിന്ദുസ്ഥാനിച്ചെറുക്കൻ വണ്ടിയുടെ മുകളിലും കയറിയിട്ടുണ്ട്. ഈ ഒടുവിൽ പറഞ്ഞയാൾ ഹിന്ദിയും ബംഗാളിയും ഇടകലർന്ന ഒരു വികൃതഭാഷയിൽ എപ്പോഴും ചിലച്ചുകൊണ്ടാണിരുന്നത്. പുറത്തിരുന്നിരുന്ന മാന്യൻ ചിലതിനെല്ലാം ഉത്തരംപറഞ്ഞിരുന്നു പക്ഷേ, മിക്കവാറും അദ്ദേഹം മൗനമുദ്രയെ ഭഞ്ജിച്ചിരുന്നില്ല. സ്ത്രീകളാരുംതന്നെ ഒരു സെക്കണ്ടു സമയമെങ്കിലും വെറുതേ കളവാൻ തയ്യാറല്ലായിരുന്നു എന്ന സംഗതി വിശേഷിച്ചുപറയേണ്ടതില്ലല്ലോ.

“ഇളയമ്മേ! നോക്കുക, ഒരൊന്നാന്തരം തോട്ടം! ഹൊ, ഒരു വലിയ തൂണും അവിടെ നിൽക്കുന്നു. ഇളയമ്മേ, എന്തിനാണ് ഒരു തൂണുമാത്രം? അവിടെ വീടു കാണാത്തതെന്ത്?”

“നരു! ഒരു മിനിട്ടുനേരമെങ്കിലും മിണ്ടാതിരിക്കരുതേ? ഈ സഹോദരനും സഹോദരിയും ഒരുപോലെയാണ്. ‘അപ്പു’വും ‘നരു’വും ഒരൊറ്റസെക്കണ്ടുനേരമെങ്കിലും മിണ്ടാതിരുന്നു ഞാനിതുവരെ കണ്ടിട്ടില്ല.”

ആ ബാലിക—അപൎണ്ണ—ഇതുകേട്ടു ചിരിച്ചുതുടങ്ങി. “നിങ്ങളോടെല്ലാം ആദ്യംവന്നു സ്നാനംചെയ്തുപോവാൻ ഞാൻ പറഞ്ഞതിന്റെ അർത്ഥം ഇപ്പോൾ മനസ്സിലായല്ലോ! എല്ലാവരുംകൂടി ഒന്നിച്ചുവന്നിട്ട് ഒരാവശ്യവുമില്ല. ബുദ്ധിമുട്ടും കഷ്ടപ്പാടും മാത്രം മിച്ചം.”

ഇളയമ്മക്ക് ഇതൊന്നും രസിച്ചില്ല. അവർ ഏതാണ്ടൊരു വൈരസ്യത്തോടെ ഇങ്ങനെ പറഞ്ഞു:—“അതെയതെ സംശയമില്ല; നിനക്കു പണമുള്ളതുകൊണ്ട് അതു വെള്ളത്തിൽ വലിച്ചെറിഞ്ഞെങ്കിലും കളഞ്ഞേ മതിയാവൂ? രണ്ടുതവണ വണ്ടിക്കാൎക്കു പണംകൊടുക്കേണ്ട ആവശ്യം എന്താണ്?”

റോഡിന്റെ ഇരുവശവും ഒരൊറ്റവീടുപോലും ഉണ്ടായിരുന്നില്ല. അകലെയുള്ള പട്ടണത്തിലെ ഉയൎന്ന എടുപ്പുകളുടെ ഓരോ ഭാഗങ്ങൾ അപ്പൊഴപ്പോൾ വൃക്ഷങ്ങളുടെ വിടവുകളിൽക്കൂടി കാണ്മാനുണ്ടായിരുന്നു. റോഡിന്റെ ഒരു ഭാഗത്ത്, കുററിക്കാടുകളും മുൾച്ചെടികളും നിറഞ്ഞു പച്ചനിറത്തിലുള്ള വലിയ വയലുകളായിരുന്നു. അവിടവിടെയായി മതിലുകൾ കെട്ടിത്തിരിച്ചിട്ടുള്ള ചില തോട്ടങ്ങളും കാണപ്പെട്ടു. മറേറഭാഗത്തു നീലനിറത്തിലുള്ള യമുനാനദി മന്ദമായി പ്രവഹിച്ചുകൊണ്ടിരുന്നു. അതിനപ്പുറം, പച്ചനിറത്തിലുള്ള നെൽച്ചെടികൾ നിറഞ്ഞ വിശാലങ്ങളായ വയലുകളാണ് ഉണ്ടായിരുന്നത്.

“ജ്യേഷ്ഠത്തി, നോക്കുക! എന്തൊരു നേരംപോക്ക്! ഒരിടിഞ്ഞുപൊളിഞ്ഞ വീട് അതാ വെള്ളത്തിൽ നിൽക്കുന്നു! ആരാണതിൽ താമസിക്കുന്നത്?”

“നിന്റെ ഭാൎയ്യയുടെ അച്ഛൻ!” എന്ന് അവന്റെ സഹോദരി ചിരിച്ചുംകൊണ്ടു പറഞ്ഞു. “ഓ. നമ്മൾ എത്തിക്കഴിഞ്ഞു എന്നു തോന്നുന്നു.” അടുത്ത നിമിഷത്തിൽ, ഒരു വലിയ ശബ്ദവും പുറപ്പെടുവിച്ചുകൊണ്ടു വണ്ടി അവിടെ നിൽക്കുകയും ചെയ്തു.

വൃദ്ധൻ വളരെ മനസ്സിരുത്തി, സാവധാനത്തിൽ ഇറങ്ങുവാനാരംഭിച്ചു. മുകളിൽ ഇരുന്നിരുന്ന ചെറുപ്പക്കാരൻ താഴത്തേക്കു ചാടിയിറങ്ങുകയും വണ്ടിയുടെ വാതിൽ വലിച്ചു തുറക്കുകയും ചെയ്തു.

“അമ്മേ! ഇറങ്ങുക; ഇവിടെയാണു “കാമദേവ”ന്റെ വിശേഷപ്പെട്ട ക്ഷേത്രം.”

യാത്രക്കാർ ഓരോരുത്തരായി മെല്ലെ ഇറങ്ങുവാൻ തുടങ്ങി. വണ്ടിയിലുണ്ടായിരുന്ന ബാലൻ, ഒന്നാമതായി ഇറങ്ങുവാനുള്ള ഉത്സാഹത്താൽ വെളിയിലേക്കെടുത്തുചാടുകയും വസ്ത്രത്തിന്മേൽ കാലു തടഞ്ഞ് ആ മണ്ണിൽ മറിഞ്ഞുവീഴുകയും ചെയ്തു. പ്രശാന്തമായിരുന്ന ആ പ്രദേശം, അവന്റെ കരച്ചിലും ഇളയമ്മയുടെ ശകാരവും മററുള്ളവരുടെ ഒച്ചയും കാരണം കുറെ നേരത്തേക്കു ശബ്ദായമാനമായി ഭവിച്ചു. വൃദ്ധൻ, ഒരു വിധത്തിൽ അവരെയെല്ലാം സമാധാനിപ്പിച്ചുകൊണ്ടു് ഇങ്ങനെ പറഞ്ഞു:—“നിങ്ങൾ കുറച്ചു വേഗത്തിൽ കൂടാത്ത പക്ഷം, ചുട്ടുപൊരിയുന്ന ഈ വെയിലത്ത് ഒന്നും ചെയ്യാൻ സാധിക്കാതെ വരും.”

റോഡിൽനിന്നു താഴത്തേക്കു് ഒരു ചെറിയ ഒററയടിപ്പാത നീണ്ടു കിടന്നിരുന്നു. ചെറുപ്പക്കാരൻ മുമ്പിലും മററുള്ളവർ പിന്നിലുമായി മെല്ലെ ഇറങ്ങാൻ തുടങ്ങി. അപൎണ്ണ നരൻെറ കയ്യിന്മേൽ പിടിച്ചുകൊണ്ടുനടന്നു. "ഇനി നീ ചാടിപ്പോയ്ക്കളയരുതു്. എൻെറ കൈയിന്മേൽ പിടിച്ചുകൊണ്ടു് പതുക്കെ നടക്കുക; ഒന്നുകൂടി വീഴുകയാണെങ്കിൽ അതു വെള്ളത്തിലായിരിക്കുമെന്നും ഓൎത്തുകൊൾക."

ആദ്യത്തെ വീഴ്ചയുടെ വേദന, നരൻെറ എടുത്തുചാട്ടങ്ങളെ തെല്ലു ശമിപ്പിച്ചിരുന്നു. അതിനാൽ, സഹോദരിയുടെ പിടിയിൽനിന്നും അവൻ വിട്ടുമാറുകയുണ്ടായില്ല. ഇളയമ്മ ഒരു വലിയ പിത്തളപ്പാത്രം ഒരു കയ്യിലും പട്ടുസാരിയുടെ അയഞ്ഞുകിടന്നിരുന്ന ഭാഗങ്ങൾ മറേറക്കയ്യിലും തെറുത്തുപിടിച്ചുകൊണ്ടു് ആ വഴിയിൽക്കൂടി വളരെ മനസ്സിരുത്തി ഇറങ്ങാൻ തുടങ്ങി. അപൎണ്ണ, കസവുസാരിയുടെ ഒരററം തലയിൽക്കൂടി ഇട്ടുകൊണ്ടു് കുറെയകലത്തിൽ നടക്കുകയായിരുന്നു. ഇതുകണ്ടു് ഇളയമ്മ, ഇപ്രകാരം കയൎത്തു പറഞ്ഞുതുടങ്ങി. "നീ എന്തിനാണു് ഇത്ര ധൃതിയിൽ ഓടുന്നതു്? ഈ തോന്ന്യാസക്കാരായ കുട്ടികളെക്കൊണ്ടു് പരിചയമില്ലാത്ത ഇവിടെ ഞാനെന്തുചെയ്യട്ടെ! അവളുടെ തലയിലെഴുത്താണെങ്കിൽ കഷ്ടതകളെക്കൊണ്ടു നിറഞ്ഞതാണു്. എന്നിട്ടും ലേശംപോലും അടക്കവും ഒതുക്കവും അവൾക്കില്ലല്ലൊ!"

ഇളയമ്മയുടെ കൂട്ടുകാരായ മററു മൂന്നു വിധവകളും അവരുടെ പിത്തളപ്പാത്രങ്ങളിലും സാരിയുടെ തെറുപ്പുകളിലും മനസ്സിരുത്തിക്കൊണ്ടിരുന്നതിനാൽ ഇതേപ്പററിയുള്ള അഭിപ്രായപ്രകടനങ്ങളൊന്നും പിന്നീട്ട് അധികമായുണ്ടായില്ല. അവൻ, നിരപ്പില്ലാത്ത ആ ഊടുവഴിയെ വളരെ ശ്രദ്ധയോടുകൂടി ഇറങ്ങിക്കൊണ്ടിരുന്നു.

അപൎണ്ണ, വെള്ളത്തിൻെറ അടുത്തു ചെന്നപ്പോഴെയ്ക്കും ജലകണങ്ങളെ വഹിച്ചുകൊണ്ടുള്ള ഒരു കുളിർകാററു് അവളെ ഒരു സുഹൃത്തിനെപ്പോലെ തൊട്ടുതലോടി.

"ജ്യേഷ്ഠത്തി, എത്ര മനോഹരമായ പ്രദേശം!" എന്നു നരൻ അഭിപ്രായപ്പെട്ടു. "ഇനിയൊരു ദിവസം നമുക്കു തന്നത്താനെ ഇവിടെ വരണം. ഇളയമ്മയെ കൊണ്ടുവരികയേ വേണ്ട."

അവരുടെ സഹായകനായ ആ ചെറുപ്പക്കാരൻ അപൎണ്ണയോടൊരുമിച്ചുതന്നെ ഉണ്ടായിരുന്നു. ഒരശ്വത്ഥവൃക്ഷത്തിൻെറ ചുവട്ടിൽ ചെറിയ ഒരു ക്ഷേത്രം കാണപ്പെട്ടു. "ഇതാണു് കാമദേവൻെറ ക്ഷേത്രം, കൊച്ചമ്മ!" എന്നയാൾ പറഞ്ഞു. "വളരെ ശക്തിയുള്ള ഒരു ദേവനത്രെ ഇതു്. ഈ സന്നിധാനത്തിൽ അപേക്ഷിക്കുന്ന ഏതു കാൎയ്യവും സഫലമായി പൎയ്യവസാനിക്കുമെന്നുള്ളതു് നിർവിവാദമാണു്."

കാമദേവൻ! പേരു കേട്ടപ്പോൾ അപൎണ്ണ ഒന്നു നടുങ്ങി. ഒരു നിമിഷം അവൾ നിശ്ചേഷ്ടയായി നിന്നുപോയി. പിന്നെ, സാവധാനത്തിൽ മുന്നോട്ടു നടക്കുകയും ക്ഷേത്രത്തിനകത്തു പ്രവേശിക്കുകയും ചെയ്തു. ഒരു മൂടൽ ആ തരുണിയുടെ കോമളവദനത്തെ ആവരണം ചെയ്യുന്നതായി തോന്നി. ഒററനിമിഷത്തിനുള്ളിൽ ബാലികയുടെ മുഖം വൃദ്ധയുടേതായി മാറി! അവൾ ബിംബത്തിൻെറ മുന്നിൽ മുട്ടുകുത്തി നമസ്കരിച്ചിട്ടു് ഏതാനും സമയം നിശ്ശബ്ദമായി പ്രാൎത്ഥനകൾ നടത്തി. ബിംബത്തെ വീണ്ടും താണു വണങ്ങിയശേഷം അപൎണ്ണ പുറത്തേക്കു കടന്നു.

ഇളയമ്മ, ഈ സമയംകൊണ്ടു് കൂട്ടുകാരുമായി വന്നുചേൎന്നു. ദേവൻെറ മാഹാത്മ്യങ്ങളെപ്പററി കേട്ടപ്പോൾ അവർ ആവേശത്തോടെ അകത്തു കടക്കാൻ ആരംഭിച്ചു. കൂട്ടുകാരായ വിധവമാരും ഒട്ടും അമാന്തിച്ചില്ല. ഇളയമ്മ വിഗ്രഹത്തിൻെറ മുന്നിൽ സാഷ്ടാംഗമായി നമസ്കരിച്ചുകൊണ്ടു് ഇങ്ങനെ പ്രാൎത്ഥിച്ചു:—

"ഭഗവാനെ! അവൻ തിരിച്ചു വരണേ! എൻെറ ഈ നിർഭാഗ്യവതിയായ മരുമകൾക്കു് പുറപ്പെട്ടുപോയ അവനെ ഉടൻ കാണ്മാൻ സാധിക്കണേ! ഞാൻ വീണ്ടും വന്നു വഴി

പാട്ടുകൾ നടത്തിക്കൊള്ളാമേ!" മററു വിധവമാരും അവരവൎക്കുള്ള ആവലാതികളെ ദേവസന്നിധിയിൽ സമൎപ്പിച്ചു.

അപൎണ്ണ, ഈ നേരമൊക്കയും ആ അശ്വത്ഥവൃക്ഷത്തിൻെറ തണലിൽ നില്ക്കുകയായിരുന്നു. തണലത്തു നിന്നും കത്തിക്കാളുന്ന വെയിലത്തേക്കിറങ്ങുവാൻ അവൾക്കു് അല്പം മടിയുള്ളപോലെ തോന്നി. എന്നാൽ, മററുള്ളവർ മുമ്പോട്ടു നടന്നപ്പോൾ അവൾക്കും അവരെ പിന്തുടരാതെ നിവൃത്തിയില്ലെന്നുവന്നു. ക്ഷണനേരംകൊണ്ടു് അവർ ബോട്ടുകടവിൽ എത്തി. അവിടെ നിന്നും ബോട്ടിൽ കയറുന്നതിനു് ചളി നിറഞ്ഞ പ്രദേശത്തുകൂടി ഒട്ടുദൂരം നടക്കേണ്ടതുണ്ടായിരുന്നു. "ഞാൻ എൻെറ ചെരിപ്പുകൾ ഊരുകയാണു്" എന്നു നരൻ വിളിച്ചുപറഞ്ഞു. "പക്ഷേ, അതെവിടെയാണു് സൂക്ഷിക്കേണ്ടതു് ?"

അപ—"എട, കുരങ്ങേ, നിനക്കതു് ആ വണ്ടിയിൽതന്നെ വെച്ചാലെന്തായിരുന്നു?"

"അതെ, അങ്ങിനെതന്നെ. എന്നിട്ടുവേണമല്ലൊ അതു വല്ലവരും മോഷ്ടിക്കാൻ! നിനക്കു നരനുള്ളിടത്തോളമെങ്കിലും ബുദ്ധിയില്ലാതെ പോയല്ലൊ! സാമാനങ്ങളും മററും അതിലിട്ടുവെച്ചു പോരാൻ, ആ വണ്ടിക്കാരൻ എന്തുമാതിരിക്കാരനാണെന്നു നീ അറിയാം?" എന്നിപ്രകാരം ഇളയമ്മയുടെ വീതവും അവൾക്കു ലഭിച്ചു.

വണ്ടിക്കാരനു് കൂലി കൊടുത്തിട്ടില്ലാത്ത സ്ഥിതിക്കു്, നരൻെറ ഈ കീറിപ്പൊളിഞ്ഞ ചെരുപ്പുംകൊണ്ടു് അവൻ പോവുകയാണെങ്കിൽതന്നെ, ലാഭത്തിനു പകരം നഷ്ടമേ അയാൾക്കുണ്ടാവുകയുള്ളൂ. പക്ഷെ, ഇളയമ്മയെ ഇതെല്ലാം പറഞ്ഞു മനസ്സിലാക്കിയിട്ടു് പ്രയോജനമൊന്നുമില്ലെന്നു കാൺകയാൽ അപൎണ്ണ ഇങ്ങനെ പറഞ്ഞു: "ചെരുപ്പു് ഊരിയേടുക്കുക. ഞാനെടുത്തുകൊള്ളാം."

വൃദ്ധനും, ആ ചെറുപ്പക്കാരനുംകൂടി ഈ നേരമൊക്കയും ഒരു തോണിക്കാരനോടു് കൂലി പിശകിക്കൊണ്ടു് നില്ക്കുകയായിരുന്നു. കലാശം ഓരോരുത്തരായി ബോട്ടിൽ കയറി. അതിലിരിക്കേണ്ട സമ്പ്രദായങ്ങളെപ്പററിയുംമററും സനിഷ്കൎഷമായ ഉപദേശങ്ങൾ നൽകിയ ശേഷം തോണിക്കാരൻ ബോട്ടു നീക്കി.

യാത്രക്കാർ നദിയുടെ നടുവിലെത്തിയപ്പോൾ, ദുസ്സഹമായി തോന്നിയിരുന്ന ഉഷ്ണത്തിനു തെല്ലു ശമനം കിട്ടി. എല്ലാവരും ദീൎഘമായി നിശ്വസിച്ചു് നിവൎന്നിരുന്നു. അപൎണ്ണയുടെ ശിരോവസ്ത്രം തലയിൽനിന്നു കിഴിഞ്ഞുവീണുവെങ്കിലും അവൾ അതേപ്പററി അത്ര ഗൌനിച്ചില്ല. ആ നദിയുടെ നീലിമ, അവളുടെ നേത്രങ്ങളിൽ പ്രതിബിംബിക്കുന്നപോലെ തോന്നി. അലകളുടെ മധുരസംഗീതം ഭയസന്തോഷങ്ങൾ ഇടകലൎന്ന ഒരു വിറയലിനെ അവളുടെ ഹൃദയത്തിൽ സംജാതമാക്കുകയും ഏതോ വിസ്മൃതപ്രായമായ ഒരു സ്വരവിശേഷം അപൎണ്ണയുടെ ഹൃദയസ്പന്ദനവുമായി മേളിച്ചു സിരകളിൽ അടിക്കുവാനാരംഭിക്കുകയും ചെയ്തു.

യമുനയിൽക്കൂടെ ഒട്ടുവളരെ ബോട്ടുകൾ ഗതാഗതം ചെയ്യുന്നുണ്ടു്. ഇന്ത്യയുടെ നാനാ ഭാഗങ്ങളിൽനിന്നും വിവിധവൎണ്ണങ്ങളിലും സമുദായങ്ങളിലുമുൾപ്പെട്ട യാത്രക്കാർ, നദിയുടെ വിസ്തൃത വക്ഷസ്സിൽ സ്ഥലം പിടിച്ചിരിക്കുന്നു. ചിലർ മതവിശ്വാസങ്ങളാൽ പ്രേരിതരും, വേറെചിലർ പ്രകൃതിയുടെ രാമണീയകത്വം കണ്ടാനന്ദിക്കുവാൻ താല്പൎയ്യമുള്ളവരും മററുചിലർ ദേഹസുഖത്തെ കാംക്ഷിക്കുന്നവരുമത്രെ. സംയുക്തസംസ്ഥാനത്തിലെ സ്ത്രീകളുടെ വിചിത്രവൎണ്ണങ്ങളിലുള്ള വസ്ത്രാദികളും, ദക്ഷിണേന്ത്യയിലുള്ളവരുടെ കറുത്ത സാരികളും, മഹമ്മദീയ വനിതകളുടെ ഉജ്വലങ്ങളായ തങ്കക്കസവുവസ്ത്രങ്ങളും അവിടെ ഒരേസമയത്തു കണ്ടു രസിക്കുവാൻ സാധിച്ചിരുന്നു. ചില ബോട്ടുകളിൽ നിന്നും ഉച്ചത്തിലുള്ള ഒച്ചകളും, മററു ചിലവയിൽനിന്നും ഹിന്ദിപ്രേമഗീതങ്ങളും, സ്ത്രീജനങ്ങളുടെ നൎമ്മഭാഷണങ്ങളും കേൾക്കുന്നുണ്ടു്. കരയോടടുപ്പിച്ചു കെട്ടിയിട്ടിരുന്ന ചില വലിയബോട്ടുകളുടെ മേൽത്തട്ടിൽ നിന്നുകൊണ്ടു ഏതാനും ബംഗാളിസ്ത്രീകൾ ഈ ജനസംഘത്തെ കൌതുകത്തോടെ നോക്കി രസിക്കുന്നതായും കാണപ്പെട്ടു.

നദിയുടെ മറുകരയിൽ, വിശാലങ്ങളായ വയലുകൾ ചക്രവാളപര്യന്തം നീണ്ടുകിടന്നിരുന്നു. പച്ചനിറത്തിലുള്ള പാടങ്ങളുടെ മദ്ധ്യത്തിൽ പാവങ്ങളുടെ കുടിലുകളും അവിടവിടെയായി കാണപ്പെട്ടു. അകലത്തായി, 'ജൂൻസി'യിലെ പഴയ ക്ഷേത്രങ്ങളുടെ നഷ്ടശിഷ്ടങ്ങളും കാണുന്നുണ്ടായിരുന്നു.

"ജ്യേഷ്ഠത്തി! ആ കാണുന്ന ചുവന്ന നിറത്തിലുള്ള വലിയ വീട് ആരുടെ വകയാണ്? ഇംഗ്ലീഷുകാരുടേതാണോ? നോക്കുക, ഒരു സായിപ്പ് ആ വരാന്തയിൽ നിൽക്കുന്നു!" നരൻ ഇപ്രകാരം വിളിച്ചുചോദിച്ചു.

അപ്പൂന്ന, ഉത്തരം പറയുന്നതിനു മുമ്പിൽ കൂടെയുണ്ടായിരുന്ന ഹിന്ദുസ്ഥാനിക്കാരൻ അവൻറെ സ്വന്തംഭാഷയിൽ പ്രസംഗിച്ചുതുടങ്ങി. ആ വിശേഷപ്പെട്ട ഭാഷയുമായി അത്ര പരിചയമില്ലാതിരുന്നതിനാൽ നരൻ, അയാളുടെനേരെ തുറിച്ചുനോക്കിക്കൊണ്ടിരിപ്പായി. ഇതുകണ്ട് വൃദ്ധൻ ഇപ്രകാരം പറഞ്ഞു:—"എൻറെ കുട്ടീ! അതു അക്ബർചക്രവത്തിയുടെ പഴയ കോട്ടയാണ്., നീ ചരിത്രത്തിൽ വായിച്ചിട്ടില്ലേ? അതിപ്പോൾ ഇംഗ്ലീഷുപട്ടാളക്കാരുടെ പാപ്പിടമായി മാറി."

മുന്നൂറു കൊല്ലത്തോളം പഴക്കംചെന്ന ആ വലിയ കോട്ട, കാലത്തിൻറെ പരിണാമത്തെപ്പററി പരിഹസിക്കയാണോ എന്നു തോന്നുംവിധം അതിൻറെ ശിരസ്സ് ഉയർത്തിപ്പിടിച്ചുകൊണ്ട് ഇന്നും നിൽക്കുന്നു! കേടുപാടുകളോ, അന്നത്തെ ശോണവർണ്ണത്തിനുകൂടി വ്യത്യാസമോ കൂടാതെ അതു എപ്പോഴും യമുനാനദിയിൽ പ്രതിബിംബിച്ചുകൊണ്ടു നിൽക്കുന്നു! വിചിത്രരീതിയിലുള്ള ചെറിയ ജനാലകളിൽക്കൂടി, അന്തഃപുരവാസികളുടെ കറുത്തു മനോഹരങ്ങളായ നീണ്ട കണ്ണുകളോ, അവരുടെ കോമളവദനങ്ങളോ ഇന്നു കാണുന്നില്ല. ചിലമ്പുകളുടെ മധുരശിഞ്ജിതവും യമുനയുടെ സരളഗീതങ്ങളും ഇടകലർന്ന ആ മോഹനസ്വരവും ഇന്നു കേൾപ്പാനില്ല! മട്ടുപ്പാവുകളിലിരുന്ന് കുളിർകാറേററും മത്സ്യം പിടിച്ചും രസിക്കുന്ന ഒരുകൂട്ടം വിദേശികളായ വെള്ളക്കാർ, യാത്രക്കാരായ സ്ത്രീജനങ്ങൾക്കു ഭയത്തെ ഉണ്ടാക്കിക്കൊണ്ട് ഇന്നവിടെ കൂടിയിരിക്കുന്നു!

യാത്രക്കാർ, ആ കോട്ടയോടടുത്തുതുടങ്ങി. അവരുടെ കൂടെയുണ്ടായിരുന്ന യുവാവ്, അതിൻറെ മാഹാത്മ്യങ്ങളെപ്പററി അപ്പോഴും വർണ്ണിച്ചുകൊണ്ടേയിരുന്നു. പക്ഷേ നിർഭാഗ്യവശാൽ മററാക്കും ആ സംഗതികൾ ശരിയായി ഗ്രഹിക്കാൻ കഴിഞ്ഞില്ലെന്നേയുള്ളു. ഇളയമ്മ, തൻറെ ശിരോവസ്ത്രംകൊണ്ടു മുഖം ഒന്നുകൂടി മൂടുകയും മററുള്ളവരോടു ഇപ്രകാരം മന്ത്രിക്കുകയും ചെയ്തു:—"നോക്കണേ! എല്ലായിടത്തും പട്ടാളക്കാർ തന്നെ. അപ്പൂന്നേ! ദയവുചെയ്ത് മുഖം നല്ലതിന്മണ്ണം മൂടുക. നരൻ, ഇങ്ങനെ ലഹള കൂട്ടുകയുമരുത്. ഇങ്ങോട്ടടുത്തിരിക്കുക." നരൻ മന്ദഹസിച്ചുകൊണ്ടു, അവരുടെ അടുക്കൽനിന്നും കുറേക്കൂടി അകന്നുനിന്നു. അപ്പൂന്നയും ആ ആജ്ഞയെ അത്ര കൊണ്ടാടിയില്ല.

ബോട്ട്, മൂന്നു നദികളുംകൂടി ഒരുമിച്ചുചേരുന്ന സ്ഥലത്തു ചെന്നുനിന്നു. മൂന്നാമത്തേതായ സരസ്വതിയിൽ വെള്ളം ലവലേശമില്ലാതെ ഉണങ്ങിവരണ്ടാണ് കിടന്നിരുന്നതെങ്കിലും 'ത്രിവേണി' എന്ന നാമം സ്ഥായിയായിത്തന്നെ നിലനിന്നുപോന്നു. ശുഭ്രവർണ്ണത്തോടുകൂടിയ ഗംഗാജലം, നീലനിറമുള്ള യമുനയിൽ ശക്തിയോടെ പതിച്ചുകൊണ്ടിരുന്നു. ഗംഗയ്ക്കു് ആഴമധികമില്ലെങ്കിലും ഒഴുക്ക് വളരെ ശക്തിയിലാണ്. ബോട്ടു അങ്ങോട്ട് കടത്താതെ യമുനയിൽത്തന്നെ നിർത്തി.

തീർത്ഥസ്നാനത്തിനെത്തിയിട്ടുള്ളവരുടെ ബഹളം, അപ്പൂന്നയുടെ 'വിചാരശൃംഖലകളെ വെട്ടിമുറിക്കുകയും, ഹൃദയത്തെ വർത്തമാനത്തിലേക്കു വലിച്ചുകൊണ്ടുവരികയും ചെയ്തു. അകലെനിന്നു നോക്കിക്കൊണ്ടിരുന്നപ്പോൾ ഇത്രവലിയ ഈ ജനക്കൂട്ടം ചിത്രത്തിലെഴുതപ്പെട്ടപോലെ തോന്നിയിരുന്നു. പക്ഷെ, അടുത്തുവന്ന് അവിടത്തെ ബഹളങ്ങളും മററും കണ്ടുകഴിഞ്ഞപ്പോൾ അതു ചിത്രമല്ലെന്ന് ബോദ്ധ്യം വരികയും ആദ്യം തോന്നിയിരുന്ന മനോഹാരിത നിശ്ശേഷം നശിച്ചതായി തോന്നുകയും ചെയ്തു. എന്തൊരു ജനക്കൂട്ടമാണ്! കുളിക്കാനുള്ള സ്ഥലമെല്ലാം കലങ്ങിമറിഞ്ഞു കൊള്ളരുതാതെയായെങ്കിലും, ജനങ്ങൾ ആവേശത്തോ

ടെ പിന്നെയും പിന്നെയും മുങ്ങിക്കൊണ്ടിരുന്നു. തങ്ങളുടെ മുമ്പിൽ കിടക്കുന്ന വിശാലമായ ആ നദിയുടെ ചുററുപാടും അവർ ഒന്നു കണ്ണോടിക്കുന്നതുകൂടിയില്ല. പുഷ്പങ്ങൾ, പാല് തുടങ്ങിയ ഉപഹാരങ്ങൾ നദിയിലേക്കു വലിച്ചെറിഞ്ഞും കണ്ഠകഠോരമായ ഒച്ചയുണ്ടാക്കിയും അവർ ആ പരിപാവനയായ ത്രിവേണിയെ ഭയപ്പെടുത്തിക്കൊണ്ടിരുന്നു.

വളരെ അകലത്തുനിന്നും വന്ന അപർണ്ണയ്ക്കു ഈ പുണ്യസ്ഥലം അത്യധികം ചേതോഹരമായിത്തോന്നി. എന്നും ഈ പ്രദേശത്തു താമസിക്കുവാൻ അവൾക്കു കഴികയില്ലേ? ഇളംകാററിൽ ആടിയുലഞ്ഞുകൊണ്ടിരുന്ന വിവിധവർണ്ണങ്ങളിലുള്ള കൊടിക്കൂറകൾ അപർണ്ണയെ മാടിവിളിക്കുന്നതുപോലെ തോന്നി. ഇന്ത്യയുടെ നാനാ ഭാഗങ്ങളിൽനിന്നും വന്നുകൂടുന്ന ഈ ജനക്കൂട്ടത്തെ എന്നും കാണ്മാനും, നദിയുടെ കളമുഗ്ദ്ധഗീതങ്ങൾ എപ്പോഴും ശ്രവിക്കുന്നും, പ്രകൃതിയുടെ പ്രശാന്തരമ്യത സദാപി ആസ്വദിച്ചറിവാനും സാധിക്കുകയാണെങ്കിൽ, ഒരുപക്ഷേ അവൾക്കു നഷ്ടമായ മനസ്സമാധാനം വീണ്ടും ലഭിക്കുകയില്ലേ?

വൃദ്ധ, കൂട്ടുകാരുമായി ബോട്ടിൽ നിന്നിറങ്ങുകയും സ്നാനകർമ്മങ്ങൾക്കാരംഭിക്കുകയും ചെയ്തു. വലിയ പ്രതികൂലാഭിപ്രായങ്ങളുണ്ടായി എങ്കിലും അപർണ്ണ, കാലേക്കൂട്ടി തീരുമാനിച്ചിരുന്ന പ്രകാരം കുളിക്കുവാൻ ഒരുമ്പെട്ടില്ല. അവൾ നരനോടുകൂടി ബോട്ടിൽത്തന്നെ ഇരുന്നു. നരൻ ബോട്ടിൻെറ വക്കിലിരുന്നു വെള്ളത്തിൽ കയ്യുംകാലുമിട്ടു കളിക്കാനും ആരംഭിച്ചു. പക്ഷെ, ഏതാനും വാര അകലേയായി ഒരു വലിയ ആമയുടെ തല കണ്ടപ്പോൾ അവൻ നടുങ്ങിത്തെറിച്ചു ബോട്ടിൻെറ നടുവിലേക്കു പാഞ്ഞു. അപർണ്ണ, മന്ദസ്മിതപൂർവ്വം അവനെ സമാധാനിപ്പിച്ചുകൊണ്ടു് വീണ്ടും തൻെറ ദൃഷ്ടികളെ ആ ജനസംഘത്തിലേക്കു പായിച്ചു.

സ്ത്രീജനങ്ങളാണു് സ്നാനംചെയ്യുന്നതിൽ അത്യുൽസുകരായി കാണപ്പെട്ടതു്. അവരിൽ മിക്കപേരും പ്രായംകൂടിയവരായിരുന്നു. ഒരുകൂട്ടമാളുകൾ, കുളിച്ചുകൊണ്ടിരുന്ന ഏതാനും യുവതികൾക്കു അനല്പമായ അസഹ്യതയുണ്ടാകുമാറു് അവരെ സശ്രദ്ധം വീക്ഷിച്ചുകൊണ്ടു നിൽക്കുന്നതും കാണപ്പെട്ടു. പുരോഹിതവർഗ്ഗം, ഒച്ചയുണ്ടാക്കിയും അംഗ്യങ്ങൾകാണിച്ചും ഓരായിരം വിധത്തിൽ സാധുക്കളുടെ പണം പിടുങ്ങിക്കൊണ്ടിരുന്നു. ചിലർ, വെള്ളംചെന്ന പാലും, ഉണങ്ങിയ പുഷ്പങ്ങളും വിററു് അന്യായമായ വിധത്തിൽ പണമാർജ്ജിക്കുന്നതിൽ ബദ്ധശ്രദ്ധരായും കാണപ്പെട്ടു. ഏതാനും ക്ഷുരകന്മാരും അവരുടെ ജോലിമുറയ്ക്കു നടത്തിക്കൊണ്ടു് അവിടവിടെ നിൽക്കുന്നുണ്ടായിരുന്നു.

വല്ലാതെ ചടച്ചു് എല്ലും തോലിയും മാത്രം ശേഷിച്ചിട്ടുള്ള ഒരു വൃദ്ധനും തടിച്ചുകൊഴുത്ത ഏതാനും പുരോഹിതന്മാരും അപർണ്ണയുടെ ബോട്ടിനരികിൽ വന്നുചേർന്നു. മരിച്ചുപോയ ഏതോ ഒരു ബന്ധുവിൻെറ അസ്ഥികൾ ഗംഗാതീർത്ഥത്തിൽ സമർപ്പിക്കാൻ വേണ്ടിയാണു് ആ സാധു അവിടെ വന്നതു്. അസ്ഥികളുടെ കൂട്ടത്തിൽ ഏതാനും സ്വർണ്ണവും വെള്ളിയും കൂടിയുണ്ടായിരുന്നു. അതു കൈക്കലാക്കാൻ പുരോഹിതന്മാർ തമ്മിൽ യുദ്ധം തുടങ്ങിയപ്പോൾ, അപർണ്ണ വെറുപ്പോടുകൂടി കണ്ണുകളെ പിൻതിരിച്ചു.

പെട്ടെന്നു, നരൻ ഇങ്ങിനെ വിളിച്ചുപറഞ്ഞു:—"ജ്യേഷ്ഠത്തി, നോക്കു! ആ ബോട്ടിൽ കാണുന്ന കാളിയുടെ പ്രതിമ എത്ര ക്രൂരാ൯! ഒരു സന്യാസി അതിനടുത്തിരുന്നു മണികിലുക്കിക്കൊണ്ടു് പണം യാചിക്കുന്നു! അയാൾക്കു സംസാരിക്കാൻ പാടില്ലേ?"

അപർണ്ണ തിരിഞ്ഞുനോക്കി. ഒരു ബോട്ടിൽ, കാളീവിഗ്രഹത്തിനടുത്തിരുന്നു ഒരു സന്യാസി തീർത്ഥയാത്രക്കാരോടെല്ലാം പണം യാചിക്കുകയായിരുന്നു. സാരിയുടെ അററത്തുനിന്നും ഒരെട്ടണത്തുട്ടെടുത്തു് അവൾ ബോട്ടിലേക്കെറിഞ്ഞുകൊടുത്തു. അവളുടെ ഉന്നംകണ്ടു് നരൻ വിസ്മയിച്ചുപോയി. "നിങ്ങളുടെ ഉന്നം, വളരെ കേമംതന്നെ ജ്യേഷ്ഠത്തി! അതെങ്ങിനെ കുറിക്കു കൊണ്ടു! ഇതാ, അങ്ങോട്ടു നോക്കുക, അതൊരു മഹമ്മദീയ രാജ്ഞിയാണോ? എന്തെല്ലാം രത്നാഭരണങ്ങളാണു് ധരിച്ചിരിക്കുന്നതു്! അതാ, അവളൊരു രൂപ എറിഞ്ഞുകൊടുക്കുന്നു! കഷ്ടം! അതു വെള്ളത്തിലും പോയി! ജ്യേഷ്ഠത്തി • നോക്കുന്നില്ലല്ലോ. അടുത്തു നിൽക്കുന്ന ആ മനുഷ്യൻ അവളെ എന്തെല്ലാം ചീത്തപറയുന്നു!

ഏതോ ഒരു കറുത്ത കട്ടിശ്ശീല അപർണ്ണയുടെ കൺമുമ്പിൽ വീണതുപോലെ തോന്നി. ഭയങ്കരമായ ഒരു ശബ്ദം അവളുടെ ചെവികളിൽ മുഴങ്ങിത്തുടങ്ങി. ആ നദിതന്നെ, ഭയങ്കരാകാരയായിത്തീർന്ന് ലോകത്തെ ആകമാനം ഗ്രസിക്കുന്നുവോ എന്നും ആ സാധ്വിക്കു തോന്നാതിരുന്നില്ല. നരൻ, വല്ലാതെ അന്ധാളിക്കുകയും സസംഭ്രമം ഇങ്ങിനെ ചോദിക്കുകയും ചെയ്തു:—"ജ്യേഷ്ഠത്തി! എന്താണ്? നിങ്ങൾക്കു തലവേദനയുണ്ടോ?"

അപർണ്ണക്കു ഒരുവിധത്തിൽ ബോധം വരികയും അവൾ ഒന്നുകൂടി ചുററുപാടും നോക്കുകയും ചെയ്തു. ആ ബോട്ട് അല്പംകൂടി അവിടെനിന്നും മാറിയിരുന്നു. പക്ഷെ, സ്വർണ്ണം കൊണ്ടു മൂടിയ ആ സ്ത്രീരൂപം അപ്പോഴും മന്ദഹസിച്ചുകൊണ്ട് അവിടത്തന്നെ ഇരിക്കുന്നുണ്ടായിരുന്നു. അവളുടെ കൂട്ടുകാരൻ അകത്തേക്കു പൊയ്ക്കഴിഞ്ഞു.

അവനുവേണ്ടിയാണ് അപർണ്ണ ഈ എട്ടു വർഷം മുഴുവനും കാത്തുകിടന്നത്. ദൈവത്തെയെന്നപോലെ ഭജിച്ചു പ്രത്യക്ഷപ്പെടുത്താൻ അവളുടെ യുവഹൃദയം മുഴുവൻ ചിലവിട്ടതു് ഈ ഘാതകനു വേണ്ടിയാണ്. അവൻെറ കോമളവദനം, വിവാഹത്തിന്നാൾ രാത്രി മാത്രമേ അവൾ കണ്ടിട്ടുള്ളു. അന്നത്തെ ഓർമ്മ നിശ്ശേഷം വിട്ടുപോയിട്ടും അവളുടെ സങ്കല്പത്തിനു ശക്തി വർദ്ധിച്ചുതന്നെ വന്നു. ഭർത്താവിൻെറ മനോഹരമായ ആകൃതി അവളുടെ ഹൃദയത്തിൽ പ്രതിദിനം പ്രകാശിച്ചുകൊണ്ടേയിരുന്നു. അയാളുടെ ഈ നിർദ്ദയതപ്പത്തെപ്പററി ആളുകൾ പഴിക്കാറും ശപിക്കാറുമുണ്ട്. എന്നാൽ അവരുടെ ന്യായങ്ങളെ എല്ലാം അവഗണിച്ച് അപർണ്ണ അവയെല്ലാം അഗണ്യകോടിയിൽ തള്ളി. അദ്ദേഹം ഒരിക്കലും, തന്നെ ഉപേക്ഷിക്കയില്ല, എന്തോ ഭാഗ്യദോഷത്താൽ വന്നുകാണുന്നില്ലെന്നേയുള്ളു. താനനുഭവിക്കുന്നതുപോലുള്ള മനോവേദന ആ മനുഷ്യനും അനുഭവിക്കുന്നുണ്ടായിരിക്കും. ഇപ്രകാരമെല്ലാമായിരുന്നു അപർണ്ണ ഇത്രനാളും വിചാരിച്ചിരുന്നത്.

എന്നാൽ ഇതു് ആ മനുഷ്യൻ തന്നെയാണോ? അവൻ ഒരിക്കലെങ്കിലും അവൾക്കു ദൃശ്യനാവുമോ? ഇതു് വെറും ഒരു സ്വപ്നമല്ലേ? ആ സാധ്വി, സ്വപ്നത്തിൽനിന്നും പെട്ടെന്നുണരുകയില്ലേ?

ബോട്ട്, അവളുടെ സമീപത്തുനിന്നും ക്രമേണ അകന്നുതുടങ്ങി. തീർത്ഥയാത്രക്കാരുടെ ഈ ബഹളമെല്ലാം കണ്ടു മുഷിഞ്ഞിട്ടായിരിക്കാം, അതിലുള്ളവരെല്ലാം അകത്തേക്കു പോയതു്. ആ മനുഷ്യൻ ഒരിക്കൽകൂടി പുറത്തേക്കു വന്നു. അപർണ്ണ പെട്ടെന്നു മുഖം തിരിച്ചുകളഞ്ഞു.

അവൾ, കഴുത്തിൽ ബന്ധിച്ചിരുന്ന ലഘുവായ ഒരു സ്വർണ്ണച്ചങ്ങലയും താലിയും വലിച്ചുപറിച്ച് ആ നദിയിലേക്കെറിഞ്ഞു. അതു് മന്ദമായ ഒരു ശബ്ദത്തോടുകൂടി, അല്പം മുമ്പ് അസ്ഥികൾ താഴ്ന്ന സ്ഥലത്തുതന്നെ താണുപോകയും ചെയ്തു. ഈ സംഭവം കണ്ട ചിലർ അത്ഭുതത്തോടുകൂടി അവളെ നോക്കിക്കൊണ്ടുനിന്നു.

വൃദ്ധ, ഈ നേരംകൊണ്ട് കുളികഴിഞ്ഞു ഒരു വലിയ പാത്രം നിറച്ച് ഗംഗാതീർത്ഥവുമായി മടങ്ങിയെത്തി. എന്തെന്നില്ലാത്ത സംതൃപ്തി അവരുടെ മുഖത്തു സ്ഫുരിച്ചിരുന്നു. "ഈ തീർത്ഥം കുറച്ചു ശിരസ്സിൽ തളിക്കുക. നിൻെറ മനോദുഃഖങ്ങളെല്ലാം നശിക്കും." എന്നിങ്ങനെ മരുമകളെ ഗുണദോഷിച്ചശേഷം അവർ തിരിഞ്ഞു ആ വൃദ്ധനോടിപ്രകാരം പറഞ്ഞു:—"ബോട്ട് വിടുവാൻ പറഞ്ഞേക്കുക. കാമദേവൻെറ ക്ഷേത്രസന്നിധിയിൽകൂടി വേണം പോവാനെന്നും പ്രത്യേകം ചട്ടംകെട്ടുക. എനിക്ക് വീണ്ടും അവിടെ ഇറങ്ങി വന്ദിക്കേണ്ടതുണ്ട്. എൻെറ അഭിലാഷങ്ങൾ അദ്ദേഹം സാധിപ്പിക്കാതിരിക്കയില്ല."

ഒരാപസ്മാരികസ്മിതം അപർണ്ണയുടെ മുഖത്തു പ്രത്യക്ഷപ്പെട്ടു. ആ ദേവൻ, അവളുടെ അഭിലാഷങ്ങളെ മാത്രമേ വേണ്ടുംവണ്ണം കേൾക്കുകയുണ്ടായുള്ളു!